മാസിക
സുന്നത്ത്

2024 നവംബർ
1446 റ. ആഖിർ - ജ. അവ്വൽ
പുസ്തകം 47/ ലക്കം 09
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com

Managing Editor
Sayyid Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Sub Editor
E.M Sufyan Bukhari

Circulation Manager
Shareef saqafi Edayur

Design & Layout
Anvar Sadique Bukhari

മുഖക്കുറി

വായിക്കുക, വരിക്കാരാവുക

പ്രിയരേ,

ഇസ്‌ലാമിക പ്രസിദ്ധീകരണ രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യമാണല്ലോ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിദ്ധീകരണങ്ങളായ സുന്നത്ത് മാസികയും ബാലകുസുമം മാസികയും. സമകാലിക പ്രാധാന്യമുള്ള ഗഹനമായ വിഷങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്നുവെന്നതാണ് സുന്നത്ത് മാസികയെ വായനക്കാർക്ക് പ്രിയപ്പെട്ട പ്രസിദ്ധീകരണമാക്കുന്നത്. കുട്ടികൾക്ക് പഠനത്തോടൊപ്പം ഗുണപാഠങ്ങളും ധാർമികചിന്തകളും നൽകുന്ന ബാലകുസുമം മലയാളത്തിലെ ബാലമാസികകളിൽ മുൻനിരയിലുണ്ട്.

വീടകങ്ങളിലും വിദ്യാർഥികൾക്കിടയിലും ധാർമിക വായനകൾ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലത്ത് സുന്നത്ത്, ബാലകുസുമം മാസികകളുടെ പ്രചാരണം വലിയ പ്രബോധന പ്രവർത്തനമാണ്. മുഅല്ലിംകൾ ഉൾപ്പെടെയുള്ള വായനക്കാരുടെ പൂർണ പിന്തുണയും സഹകരണവുമാണ് മാസികകളുടെ പുരോഗതിക്കുള്ള പ്രചോദനം. മുൻവർഷങ്ങളിലെല്ലാം നിങ്ങൾ നൽകിയ പിന്തുണയും സഹകരണവും ഈ കാമ്പയിൻ കാലത്തും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

സയ്യിദ് അലി ബാഫഖി (പ്രസിഡന്റ് എസ്.ജെ.എം)
ടി. അബൂഹനീഫൽ ഫൈസി (ജന. സെക്രട്ടറി എസ്.ജെ.എം)
വി.പി.എം ഫൈസി വില്യാപ്പള്ളി (ട്രഷറർ എസ്.ജെ.എം)

കവർസ്റ്റോറി

ഭക്ഷണം പാഴാക്കല്ലേ...

○ അനസ് ആമപ്പൊയിൽ

കണക്കില്ലാതെ ഭക്ഷണങ്ങൾ പാഴാക്കുമ്പോൾ ഓർക്കണം, പട്ടിണി കാരണം മരിക്കുന്ന അനേകായിരം പേർ നമ്മുടെ ചുറ്റുവട്ടങ്ങളിലുണ്ട്. ഭക്ഷണ സംസ്കാരത്തിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണ്.

06

കവർസ്റ്റോറി

ശൈഖ് രിഫാഈ; ജീവിതം ദർശനം

○ സിയാദ് സഖാഫി പാറന്നൂർ

അനേകായിരം വിശ്വാസി മനസ്സുകളെ ആത്മീയതയുടെ തീർത്ഥജലം കൊണ്ട് വിശുദ്ധമാക്കിയ വ്യക്തിപ്രഭാവമാണ് ശൈഖ് രിഫാഈ(റ) ആത്മജ്ഞാനികളുടെ സുൽത്വാൻ എന്നറിയപ്പെട്ട ഗുരു.

09



കവർസ്റ്റോറി

കുട്ടികളിൽ സമ്പാദ്യശീലം വളർത്താം

○ ശഹബാസ് അഹ്മദ്

കുഞ്ഞുക്കുടുക്കകളിൽ നാണയത്തുട്ടുകൾ ശേഖരിച്ച് കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. സാമ്പത്തിക അച്ചടക്കവും ദാനശീലവും പഠിപ്പിക്കണം.

14



17 വിശ്വാസി ഇടപാടുകളിലെ സുതാര്യത
ബുജൈർ ചെട്ടിപ്പടി



21 ഹൃദയ വിശുദ്ധിക്ക് 22 മാർഗ്ഗങ്ങൾ
സൈനുദ്ദീൻ ഇർഫാനി മാണൂർ

26 ആയുരാരോഗ്യത്തിന് ആസ്വദിച്ചുറങ്ങാം
ഫാഇസ് പട്ടുവം

05 തസ്കിയ
29 ചോദ്യോത്തരം
48 വാർത്തകൾ
ചരിത്രാഖ്യായിക 36
മറുകുറിപ്പ് 38
തീരം 50

13 പരിക്കുള്ള അവയവത്തിന്റെ ശുദ്ധീകരണം എങ്ങനെ?
ഉവൈസ് ബുഖാരി നടുവട്ടം

32 അദ്ധ്യാത്മിക ജ്ഞാനം പ്രഭവം, പ്രസരണം
അലി സഖാഫി പുൽപ്പറ്റ

39 ഉഹ്ദിലെ പെൺപുലി ബീവി ഉമ്മുഉമാറ(റ)
ഫാത്തിമ ഹുസ്ന ഹാദിയ

40 മദ്റസകൾ നന്മയുടെ ഉദ്യാനങ്ങൾ
സുലൈമാൻ സഖാഫി കുഞ്ഞുകുളം

43 അംഗശുദ്ധീകരണവും ആരോഗ്യഗുണങ്ങളും
മഹമൂദ് ആതവനാട്

ലജ്ജിക്കേണ്ട തെങ്ങനെ?

തസ്കിയ

തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ ലജ്ജ കാണിക്കുക. എങ്ങനെയാണോ ലജ്ജ കാണിക്കേണ്ടത്, ആ വിധം അല്ലാഹുവിനു മുമ്പിൽ ലജ്ജ കാണിക്കണം.'

'അല്ലാഹുവിന് സ്തുതി. തിരുദൂതരേ, ഞങ്ങൾ ലജ്ജ കാണിക്കുന്നവരാണല്ലോ.' സഹാബികൾ ഇങ്ങനെ പ്രതികരിച്ചപ്പോൾ നബി(സ) പറഞ്ഞു: 'ആ ലജ്ജയല്ല ഞാൻ ഉദ്ദേശിച്ചത്; അല്ലാഹുവിനു മുമ്പിൽ യഥാവിധി ലജ്ജ കാണിക്കുന്നതിനെക്കുറിച്ചാണ്. (അതെങ്ങനെയാണെന്നോ?) ശിരസ്സും അതുൾക്കൊള്ളുന്നതും ഉദരവും അതുൾക്കൊള്ളുന്നതും നിങ്ങൾ സൂക്ഷിക്കണം. മരണത്തെയും നാശത്തെയും ഓർത്തുകൊണ്ടിരിക്കണം. പാരത്രികലോക സൗഖ്യം ആഗ്രഹിക്കുന്നവൻ ഐഹികാഢംബരങ്ങൾ ഉപേക്ഷിക്കും. ഇങ്ങനെ ചെയ്യുന്നവനാണ് അല്ലാഹുവിനു മുമ്പിൽ യഥാവിധി ലജ്ജ കാണിക്കുന്നവൻ.' (തിർമിദി, അഹ്മദ്, ബൈഹഖി)

ജീവജാലങ്ങളിൽ മനുഷ്യർക്കു മാത്രമുള്ള ശ്രേഷ്ഠഗുണമാണ് ലജ്ജ. ജന്മസിദ്ധമായ ഒരു സവിശേഷതയാണിത്. ഇതാണ് മനുഷ്യരെ നീചകൃത്യങ്ങളിൽ നിന്നു തടയുന്നതും നന്മയിൽ ഉറപ്പിച്ചു നിർത്തുന്നതും. ഈ ലജ്ജയില്ലാതായാൽ മനുഷ്യൻ മൃഗസമാനമാകും.

ഇസ്ലാമിക കാഴ്ചപ്പാടിൽ ഇതിനെക്കാൾ ഉദാത്തമായ സൽഗുണമാണ് ലജ്ജ. സത്യവിശ്വാസത്തിന്റെ പ്രധാന ഭാഗമാണത്. ലജ്ജാശീലവും സത്യവിശ്വാസവും പരസ്പരം കൂട്ടുകാരാണെന്നും അതിലൊന്ന് ഇല്ലാതായാൽ മറ്റേതും ഇല്ലാതായിപ്പോകുമെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

സ്രഷ്ടാവായ നാഥനു മുമ്പിൽ കാണിക്കേണ്ട ലജ്ജയെക്കുറിച്ചാണ് പ്രസ്തുത ഹദീസിൽ തിരുനബി(സ) ഉണർത്തിയത്. ശിരസ്സും അതുൾക്കൊള്ളുന്നതും ഉദരവും അതുൾക്കൊള്ളുന്നതും സൂക്ഷിക്കുക എന്നതാണ് ആ ലജ്ജയുടെ കാതൽ എന്നവിടുന്ന് പറയുന്നു. എന്താണതിന്റെ പൊരുളെന്ന് ആലോചിക്കുക. ശിരസ്സാണല്ലോ ശരീരത്തിന്റെ മുഖ്യഭാഗം. പഞ്ചേന്ദ്രിയങ്ങളിൽ നാലും സ്ഥിതിചെയ്യുന്നത് ശിരസ്സിലാണ്. വിചാര വികാരങ്ങളുടെ കേന്ദ്രമായ തലച്ചോറും ശിരസ്സിൽ തന്നെ. ഇവയെ സൂക്ഷിച്ചാൽ, യഥാവിധി വിനിയോഗിച്ചാൽ തന്നെ മനുഷ്യൻ വിജയിച്ചു എന്ന് പറയാം. നിഷിദ്ധമായത് നോക്കുന്നതിൽ നിന്ന് കണ്ണിനെയും കേൾക്കുന്നതിൽ നിന്ന് കാതിനെയും ശ്വസിക്കുന്നതിൽ നിന്ന് മൂക്കിനെയും രുചിക്കുന്നതിൽ നിന്നും പറയുന്നതിൽ നിന്നും നാക്കിനെയും സൂക്ഷിക്കണം.

പിന്നെ എടുത്തു പറഞ്ഞിരിക്കുന്നത് ഉദരത്തെയാണ്. നിഷിദ്ധ ഭക്ഷണങ്ങളിൽ നിന്ന് ഉദരത്തെ സംരക്ഷിക്കുക എന്നത് ജീവിതത്തിലുടനീളം പുലർത്തേണ്ട കർശനമായ സൂക്ഷ്മതയെയാണ് കുറിക്കുന്നത്. ഉദരപൂരണത്തിനു വേണ്ടിയാണല്ലോ മനുഷ്യരിൽ അധികവും കളവും വഞ്ചനയും പിടിച്ചുപറിയും പലതരം നീചകൃത്യങ്ങളും ചെയ്യുന്നത്. അനുവദനീയമായതും പരിശുദ്ധമായതുമായ ഭക്ഷണമേ കഴിക്കൂ, കുടുംബത്തെ കഴിപ്പിക്കൂ എന്നൊരു നിഷ്ഠയുണ്ടായാൽ തന്നെ മനുഷ്യൻ വിജയിക്കുമെന്നതിൽ സംശയമില്ല.

മനുഷ്യനെ ഇത്തരമൊരു വിശുദ്ധിയിലേക്ക് നയിക്കാൻ വിശ്വാസത്തിൽ അധിഷ്ഠിതമായ ലജ്ജ അനിവാര്യമാണ്. എല്ലാം കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹു താൻ എത്ര രഹസ്യമായി ചെയ്യുന്ന കർമ്മങ്ങളും, താൻ മനസ്സിൽ വിചാരിക്കുന്ന കാര്യങ്ങൾ പോലും അറിയുന്നുണ്ടെന്ന ഉത്തമ ബോധ്യമുണ്ടാകുമ്പോൾ അല്ലാഹു കാണുന്നതിലും അറിയുന്നതിലും ലജ്ജ തോന്നി മനുഷ്യർ തെറ്റുകളിൽ നിന്ന് പിന്മാറുന്നു. അങ്ങനെ ജീവിതത്തിൽ സൂക്ഷ്മത പാലിക്കാൻ കഴിയുന്നു. ഈ സൂക്ഷ്മതയാണ് പാരത്രിക ജീവിതവിജയം സാധ്യമാക്കുന്നത്. ഇത്തരം സൂക്ഷ്മത നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ ഐഹികാഢംബരങ്ങളോടുള്ള ആസക്തി കുറഞ്ഞു വരും. ഈ അവസ്ഥയിലേക്ക് നയിക്കുന്ന ലജ്ജയാണ് വേണ്ടതെന്ന് പ്രസ്തുത ഹദീസ് പഠിപ്പിക്കുന്നു.

കവർസ്റ്റോറി

അനസ് ആമപ്പൊയിൽ

ഭക്ഷണം പാഴാക്കല്ലേ

ഭക്ഷണസംസ്കാരത്തിൽ നാം കൂടുതൽ ശ്രദ്ധ കാണിക്കേണ്ടതുണ്ട്. ഭക്ഷണം പാഴാക്കുന്ന പ്രവണത ഒഴിവാക്കണം. യു.എൻ.ഇ.പി (യുണൈറ്റഡ് നേഷൻസ് എൻവിറോണ്മെന്റ് പ്രോഗ്രാം) റിപ്പോർട്ട് പ്രകാരം 68.7 മില്യൺ ഭക്ഷണമാണ് ഇന്ത്യയിലെ വീടുകളിൽ പ്രതിവർഷം പാഴാകുന്നത്. ഈ പാഴാകുന്ന ഭക്ഷണം മാത്രം മതി രാജ്യത്തെ പട്ടിണിയകറ്റാൻ. 2024ലെ ആഗോള പട്ടിണി സൂചിക റിപ്പോർട്ട് പ്രകാരം നൂറ്റിഅഞ്ചാം സ്ഥാനത്താണ് ഇന്ത്യ; അഥവാ ഗുരുതരമായ വിഭാഗത്തിൽ. രാജ്യത്ത് ഭക്ഷണം പാഴാകാതിരിക്കാനുള്ള നടപടികൾ ഗാർഹികമേഖലയിൽ നിന്നു തന്നെ ആരംഭിക്കണം. വീടുകളിൽ ഭക്ഷണം പാഴാകുന്നത് തടയുവാനുള്ള ചില മാർഗങ്ങൾ പരിചയപ്പെടാം:

സ്റ്റോക്ക് റൂം പരിശോധന

ഭക്ഷണവിഭവങ്ങൾ ഷോപ്പിംഗ് നടത്തുന്നതിനു മുമ്പ് ഫ്രിഡ്ജ്, അലമാര, സ്റ്റോക്ക് റൂം എന്നിവ കൃത്യമായി പരിശോധിക്കുകയും ആവശ്യമെങ്കിൽ ലിസ്റ്റ് ചെയ്ത് തിട്ടപ്പെടുത്തുകയും വേണം. പലരും അനാവശ്യമായി ഭക്ഷ്യവസ്തുക്കൾ വാങ്ങുകയും മുമ്പ് വാങ്ങിയത് സ്റ്റോക്ക്റൂമിൽ കിടന്ന് കേടുവരുകയും ചെയ്യാറുണ്ട്. ഷോപ്പിംഗിന് പോകുന്നതിനുമുമ്പ് അവശ്യവസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും വീട്ടുകാരോട് ചോദിച്ച് ഉറപ്പുവരുത്തുകയും വേണം.

ആവശ്യത്തിനുമാത്രം വിളമ്പുക

ഭക്ഷണപദാർത്ഥങ്ങൾ ഭദ്രമായി ഫ്രിഡ്ജിലോ മറ്റു പാത്രങ്ങളിലോ സൂക്ഷിക്കുക. എന്നാൽ കൂടുതൽ കാലം കേടുവരാതെ സൂക്ഷിക്കാനാവും. ആവശ്യത്തിലധികം ഭക്ഷണം പാത്രത്തിൽ വിളമ്പി കൈ അതിൽ സ്പർശിക്കുന്നതോടെ അവ കേടുവരാനുള്ള സാധ്യത കൂടുതലാണ്. ഓരോ ഭക്ഷണത്തിനും അനുസരിച്ചുള്ള പാത്രങ്ങളും ഉപകരണങ്ങളുമാണ് ഭക്ഷണം കഴിക്കാ

നിരിക്കുമ്പോൾ ഒരുക്കി വയ്ക്കേണ്ടത്. ചെറിയ അളവിൽ കഴിക്കേണ്ട ഭക്ഷണപദാർത്ഥങ്ങൾ വലിയ പാത്രങ്ങളിൽ വിളമ്പുന്നത് കൂടുതൽ ഭക്ഷണം പാഴാകാൻ കാരണമായേക്കാം. സ്പൂണുകളും മറ്റും ഭക്ഷണത്തിന്റെ സ്വഭാവമനുസരിച്ചാണ് ഉപയോഗിക്കേണ്ടത്. പല ഭക്ഷണങ്ങളും സ്പൂൺ ഉപയോഗിച്ച് കഴിക്കുന്നത് ഭക്ഷണം പാഴാക്കാതിരിക്കാനും ആവശ്യത്തിലധികം ഉപയോഗിക്കാതിരിക്കാനും സഹായിക്കും.

ഒപ്പമിരുന്ന് കഴിക്കാം

കൂട്ടമായിരുന്ന് ഭക്ഷണം കഴിക്കുന്ന രീതി അവലംബിക്കണം. അനാവശ്യമായി ഭക്ഷണം വിളമ്പേണ്ട സാഹചര്യം ഒഴിവാക്കാനുള്ള നല്ല മാർഗമാണ് കൂട്ടമായിരുന്നുള്ള ഭക്ഷണരീതി. ഓരോരുത്തരും വ്യത്യസ്ത സമയങ്ങളിൽ ഭക്ഷണം കഴിക്കുമ്പോൾ വെവ്വേറെ പാത്രങ്ങളിൽ വിളമ്പേണ്ടി വരികയും ഭക്ഷണപദാർത്ഥങ്ങൾ പാഴാകുകയും ചെയ്യും. കൃത്യമായ ഒരു സമയം ഭക്ഷണം കഴിക്കുന്നതിനു നിശ്ചയിച്ച് ആ സമയത്തു തന്നെ ഭക്ഷണം കഴിക്കുന്ന രീതി ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. കൂടെ ഇരിക്കാൻ ആളുകൾ കുറവാണെങ്കിൽ അയൽവാസികളെയോ സുഹൃത്തുക്കളെയോ മറ്റോ വിളിച്ച് പങ്കുചേർത്താൽ വിളമ്പിയ ഭക്ഷണം പാഴായിപ്പോവുകയുമില്ല.

കുട്ടികളെ ബോധവൽക്കരിക്കാം

വീടുകളിൽ പലപ്പോഴും കുട്ടികളുടെ അശ്രദ്ധമൂലം ഭക്ഷണം പാഴാകാറുണ്ട്. അവർക്ക് കൃത്യമായ അവബോധം നൽകിയാൽ ഒരു പരിധിവരെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കുട്ടികൾ സ്വന്തമായി ഭക്ഷണമെടുത്ത് കഴിക്കുന്ന രീതി ഒഴിവാക്കുന്നതാണ് നല്ലത്. പലപ്പോഴും പാത്രങ്ങൾ തട്ടിമറിച്ചും അനാവശ്യമായി വിളമ്പിയും വിളമ്പുന്ന ഭക്ഷണങ്ങൾ മുഴുവൻ കഴിക്കാതിരുന്നുമെല്ലാം ഭക്ഷണം പാഴാകാനുള്ള സാധ്യത കൂടുതലാണ്. കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ മാതാപിതാക്കളുടെ മേൽനോട്ടം അനിവാര്യമാണ്.

പർച്ചേഴ്സിൽ ശ്രദ്ധ വേണം

ഭക്ഷണപദാർത്ഥങ്ങളുടെ പായ്ക്കറ്റിനു മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എക്സ്പയറിംഗ് ഡേറ്റ് പലരും ശ്രദ്ധിക്കാറില്ല. കൂടുതൽ കാലം സൂക്ഷിക്കേണ്ട പദാർത്ഥങ്ങളാണെങ്കിൽ അതിൽ രേഖപ്പെടുത്തിയ തീയതി നോക്കി വാങ്ങിയാൽ ഉപകാരപ്പെടും. പലരും മുതിർന്നവരുണ്ടായിരിക്കെ കുട്ടികളെ ഭക്ഷണസാധനങ്ങൾ വാങ്ങാൻ മാർക്കറ്റിലേക്ക് അയക്കാറുണ്ട്. ഇങ്ങനെ അയക്കുമ്പോൾ സാധനങ്ങളുടെ പേരിനൊപ്പം ആവശ്യമായ അളവ്, കമ്പനിയുടെ പേര് എന്നിവ കൂടി

സ്ക്രീനിൽ നോക്കി ഉണ്ണല്ലേ

ഭക്ഷണം കഴിക്കുമ്പോൾ ടിവിയും മൊബൈൽ ഫോണും ഉപയോഗിക്കുന്ന ശീലം വ്യാപകമായിട്ടുണ്ട്. ഭക്ഷണം കഴിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കാനാവാത്തതിനാൽ പലപ്പോഴും ആവശ്യത്തിലധികം ഭക്ഷണം വിളമ്പാനും വിളമ്പിയ ഭക്ഷണം മുഴുവനായി കഴിക്കാതെ എണീറ്റു പോകാനുമെല്ലാം ഇതു കാരണമാകാറുണ്ട്. കൃത്യമായ ശ്രദ്ധയില്ലാത്തതിനാൽ വിളമ്പുമ്പോഴും വായിലിടുമ്പോഴും ഭക്ഷണപദാർത്ഥങ്ങൾ പുറത്തുപോകാനുമിടയാക്കും. അശ്രദ്ധമായി എണീറ്റുപോകുന്നതിനാൽ ബാക്കി ഭക്ഷണം അടച്ചുവെക്കാനും പലരും മറന്നു പോകാറുണ്ട്.

അനാവശ്യമായി ഭക്ഷണം വിളമ്പേണ്ട സാഹചര്യം ഒഴിവാക്കാനുള്ള നല്ല മാർഗമാണ് കൂട്ടമായിരുന്നുള്ള ഭക്ഷണരീതി. ഓരോരുത്തരും വ്യത്യസ്ത സമയങ്ങളിൽ ഭക്ഷണം കഴിക്കുമ്പോൾ വെവ്വേറെ പാത്രങ്ങളിൽ വിളമ്പേണ്ടി വരികയും ഭക്ഷണപദാർത്ഥങ്ങൾ പാഴാകുകയും ചെയ്യും.

അച്ചാറുകൾ വീട്ടിലുണ്ടാക്കാം

മാർക്കറ്റിൽ നിന്ന് വാങ്ങുന്ന അച്ചാറുകൾ പലതും നല്ല വീര്യമുള്ളവയായിരിക്കും. അവയിൽ ആവശ്യാനുസരണം വെള്ളമോ സുർക്കയോ ചേർത്ത് വീര്യം കുറക്കുകയാണെങ്കിൽ കൂടുതൽ കാലം ഉപയോഗിക്കാൻ കഴിയും. മാർക്കറ്റിൽ നിന്ന് വാങ്ങുന്ന അതേപടി ഉപയോഗിച്ചാൽ കൂടുതൽ സാമ്പത്തിക നഷ്ടത്തിനു പുറമെ ആരോഗ്യ പ്രശ്നങ്ങളുമുണ്ടാകാം. പരമാവധി വീടുകളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ ഉപയോഗിക്കാനാണ് ശീലിക്കേണ്ടത്. വീട്ടുമുറ്റത്തും തൊടിയിലും പലപ്പോഴും അവഗണിക്കുന്ന മാങ്ങ, ഓമയ്ക്ക, വാഴക്കാമ്പ് തുടങ്ങിയവ ഉപയോഗപ്പെടുത്തി രാസവസ്തുക്കളില്ലാത്ത നാടൻ അച്ചാറുകളുണ്ടാക്കാം.

എഴുതി നൽകുന്നതാണ് ഉത്തമം. ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങുന്നതിൽ ജാഗ്രത കാണിച്ചില്ലെങ്കിൽ പെട്ടെന്ന് കേടുവന്നുപോകാനും ആരോഗ്യപ്രശ്നങ്ങളുണ്ടാകാനുമുള്ള സാധ്യത കൂടുതലാണ്.

പഴഞ്ചോറിന്റെ ഗുണം

പല വീടുകളിലും ഓരോ ദിവസത്തെയും ഭക്ഷണങ്ങൾ അടുത്ത ദിവസം ഉപയോഗിക്കാറില്ല. പഴങ്ങളും പച്ചക്കറികളും മാംസവുമെല്ലാം ഫ്രിഡ്ജിൽ വെക്കുമെങ്കിലും ചോറ് (അരി ഭക്ഷണം) അടുത്ത ദിവസത്തേക്ക് എടുത്തുവെക്കാറില്ല. പഴഞ്ചോറ് എന്നറിയപ്പെടുന്ന തലേദിവസത്തെ ഭക്ഷണം ആരോഗ്യത്തിന് കൂടുതൽ ഉപകാരപ്രദമാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഓരോ ദിവസവും എത്രപേർ വീട്ടിൽ ഭക്ഷണം കഴിക്കാനുണ്ടാകുമെന്ന് ഉറപ്പുവരുത്തിയശേഷം പാകത്തിന് പാചകം ചെയ്യുകയാണെങ്കിൽ ഭക്ഷണം ബാക്കിയാവുന്ന അവസ്ഥ ഒരു പരിധിവരെ ഇല്ലാതാക്കാം.

ചുരുക്കത്തിൽ, ഭക്ഷണക്രമത്തിലും പാഴാക്കാതെ സൂക്ഷിക്കുന്നതിലും നാം കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്. വീട്ടിലെ മുതിർന്നവരും കുട്ടികളും ഈ വിഷയം ഗൗരവമായി കാണുകയാണെങ്കിൽ പട്ടിണി മൂലം മരണപ്പെടുന്ന നൂറുകണക്കിന് മനുഷ്യരെ ഹൃദയംകൊണ്ട് നമുക്ക് ചേർത്തുനിർത്താം. ഭക്ഷണം കിട്ടാതെ ഒരുഭാഗത്ത് ആളുകൾ മരണപ്പെടുമ്പോൾ ഭക്ഷണം ആവശ്യത്തിനു മാത്രം ഉപയോഗിക്കുകയും പാഴാക്കാതിരിക്കുകയും ചെയ്യുക എന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്തമാണ്.

മാർക്കറ്റിൽ നിന്ന് വാങ്ങുന്ന അച്ചാറുകൾ പലതും നല്ല വീര്യമുള്ളവയായിരിക്കും. അവയിൽ ആവശ്യാനുസരണം വെള്ളമോ സുർക്കയോ ചേർത്ത് വീര്യം കുറക്കുകയാണെങ്കിൽ കൂടുതൽ കാലം ഉപയോഗിക്കാൻ കഴിയും. മാർക്കറ്റിൽ നിന്ന് വാങ്ങുന്ന അതേപടി ഉപയോഗിച്ചാൽ കൂടുതൽ സാമ്പത്തിക നഷ്ടത്തിനു പുറമെ ആരോഗ്യ പ്രശ്നങ്ങളുമുണ്ടാകാം.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

ശൈഖ് രിഫാഈ(റ): ജീവിതം, ദർശനം



ലോകപ്രസിദ്ധരായ അധ്യാത്മിക സൂഫികളിൽ പ്രധാനിയാണ് ശൈഖ് അഹ്മദുൽകബീർ രിഫാഈ(റ).

ഉമ്മുഅബീദിലെ ഹസ്സൻ എന്ന പ്രദേശത്ത് പ്രഗൽഭ പണ്ഡിതനായ അബുൽഹസൻ അലി(റ)വിന്റെ മകനായി ജനിച്ചു. ഉമ്മുൽ ഫള്ൽ ഫാത്വിമ അൻസാരിയ(റ) യാണ് മാതാവ്. ശൈഖവർകളുടെ ജനനം എന്നായിരുന്നുവെന്നതിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ഹിജ്റ 500 മുഹറം മാസത്തിലാണെന്നാണ് ഇമാം സുബുകി(റ) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശൈഖ് അബൂബക്ർ അൽഅദനിയുടെ അന്നജ്മുസ്സാഈ എന്ന ഗ്രന്ഥത്തിൽ ഹിജ്റ 512 റജബ് മാസം പതിനഞ്ചിനാണ് ജനനം എന്നാണുള്ളത്.

ശൈഖ് രിഫാഈ(റ)വിന്റെ ഔന്നിത്യത്തെ സൂചിപ്പിക്കുന്ന നിരവധി സംഭവങ്ങൾ അവിടുത്തെ ജനനത്തിനു മുമ്പും ശേഷവും ഉണ്ടായിട്ടുണ്ട്. ഗർഭത്തിലായിരിക്കെ മാതാവിനോട് സംസാരിച്ച സംഭവം പ്രസിദ്ധമാണ്. ശൈഖ് ഇമാമുദ്ദീൻ സിങ്കിയിൽ(റ)നിന്ന് ശൈഖ് അലിയുസ്സൂരി(റ) അർളുന്നളീർ എന്ന ഗ്രന്ഥത്തിൽ പ്രസ്തുത സംഭവം ഉദ്ധരിച്ചിട്ടുണ്ട്. രിഫാഈ മാലയിലും ഈ സംഭവം പരാമർശിച്ചതായി കാണാം:

‘ഗർഭം വയറ്റിൽ ജ/
നിച്ചാറാം മാസത്തിൽ
ഗുണമുള്ളതായാർ ഇ/
താരെന്ന് കേട്ടോവർ
മകനോ മകളോന്ന്/
ചോദിച്ച നേരത്ത്
മകനാർ അഹ്മദുൽ /
കബീറെന്ന് ചൊന്നോവർ.’

ഈ സംഭവത്തിൽ അതിശയോക്തിക്കിടമില്ല. ഈസാനബി(അ) ഗർഭസ്ഥ ശിശുവായിരിക്കെ ഞാൻ പ്രവാചകനാണെന്നും അല്ലാഹു എനിക്ക് ഗ്രന്ഥം നൽകിയിട്ടുണ്ടെന്നും പ്രഖ്യാപിച്ച സംഭവം ഖുർആനിൽ സൂറത്തുമർയമിലുണ്ടല്ലോ.

ശൈഖ് രിഫാഈ(റ)വിന്റെ ജനന സമയത്തുണ്ടായ മറ്റൊരു അത്ഭുത സംഭവം ശൈഖ് അലിയ്യുസ്സൂരി ശൈഖ് ഇമാമുദ്ദീൻ സിങ്കിയിൽ നിന്ന് ഉദ്ധരിക്കുന്നു: ശൈഖ് രിഫാഈ(റ) പ്രസവിക്കപ്പെട്ടത് വലതുകൈ നെഞ്ചിനു താഴെ വെച്ച് ഇടതുകൈ കൊണ്ട് ഗുഹ്യസ്ഥാനം മറച്ച സ്ഥിതിയിലായിരുന്നു. എത്ര വേർപെടുത്താൻ നോക്കിയിട്ടും ഗുഹ്യസ്ഥാനത്തുനിന്ന് കൈയ്യെടുക്കാൻ കുഞ്ഞ് തയ്യാറായില്ല. ഇതിൽ ആശ്ചര്യം പൂണ്ട കുടുംബം സൂഫിവര്യനും ശൈഖവർകളുടെ മാതൃസഹോദരനുമായ ശൈഖ് മൻസൂർ(റ)വിനോട് വിവരം പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം: ‘അൽഹംദുലില്ലാഹില്ലദീ അഹ്ളറ ഫീ ബൈത്തിനാ നൂറൽഹുദാ അൽമുഹമ്മദിയ്യ’ (മുഹമ്മദീ സന്മാർഗത്തിന്റെ പ്രകാശം ഞങ്ങളുടെ വീട്ടിലെത്തിച്ച അല്ലാഹുവിനാണ് സർവ്വ സ്തുതിയും) എന്നായിരുന്നു.

ബാല്യകാലം

ശൈഖവർകളുടെ ഏഴാം വയസ്സിൽ പിതാവ് വഫാത്തായി. ശേഷം അമ്മാവനായ ശൈഖ്

മൻസ്വൂറുൽ ബതാഇഹീ എന്നവരുടെ സംരക്ഷണത്തിലും ശിക്ഷണത്തിലുമായി വളർന്നു. ഏഴാം വയസ്സിൽ വിശുദ്ധ ഖുർആൻ മനഃപാഠമാക്കി. ശൈഖ് അബുൽ ഫള്ൽ അലിയ്യുൽ വാസിത്വി, പിതൃവ്യൻ അബൂബക്ർ അൽവാസിത്വി, അബ്ദുൽ മലിക്ക് ഹർബൂനി എന്നിവരുടെ അടുത്തുനിന്ന് പല ഫന്നുകളിൽ അഗാധമായ ജ്ഞാനം കരസ്ഥമാക്കി. ശിഷ്യന്റെ കഴിവും ഔന്നത്യവും മനസ്സിലാക്കിയ പ്രധാന ഗുരു ശൈഖ് അലിയ്യുൽവാസിതി ഇരുപതാം വയസ്സിൽ തന്നെ ശരീഅത്തിന്റെയും ത്വരീഖത്തിന്റെയും എല്ലാ വിജ്ഞാനശാഖകളിലും ഇജാസത്ത് നൽകി ഖിർഖയണിയിച്ച് ആദരിച്ചു.

പാണ്ഡിത്യം, പ്രബോധനം

ഖുർആൻ, ഹദീസ്, കർമശാസ്ത്രം, തത്വശാസ്ത്രം, സാഹിത്യം തുടങ്ങിയ വൈജ്ഞാനിക രംഗങ്ങളിൽ പ്രതിഭാധനനായ ശൈഖ് രിഫാഈ(റ) പ്രഗൽഭ പണ്ഡിതനായ അബൂഇസ്ഹാഖ് ശീറാസിയുടെ കിതാബുത്തൻബീഹ് ഹൃദിസ്ഥമാക്കിയിരുന്നു.

മുതിർന്നവരും ചെറുപ്പക്കാരും പണ്ഡിതന്മാരും സാധാരണക്കാരുമെല്ലാം ശൈഖവർകളുടെ വിജ്ഞാന സദസ്സിലുണ്ടായിരുന്നു. എല്ലാ സംശയങ്ങൾക്കും ആ സദസ്സിൽ ഉത്തരം ലഭിച്ചിരുന്നു.

ഒരിക്കൽ ശൈഖ് രിഫാഈ(റ) വൻജനക്കൂട്ടത്തിനെ അഭിസംബോധന ചെയ്ത് ക്ലാസെടുത്ത സംഭവം പ്രസിദ്ധമാണ്. പണ്ഡിതരും സാധാരണക്കാരും ഭരണകർത്താക്കളും സമ്പന്നരുമെല്ലാമുള്ള തിങ്ങിനിറഞ്ഞ സദസ്സ്. ളുഹ്ർ നിസ്കാരശേഷം ആരംഭിച്ച ക്ലാസിൽ തഫ്സീർ, ഹദീസ്, ഫിഖ്ഹ്, നിദാനശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ 200 ഓളം ചോദ്യങ്ങൾ സദസ്സിൽ നിന്നുയർന്നു വന്നു. എല്ലാ ചോദ്യങ്ങൾക്കും ശൈഖവർകൾ വ്യക്തവും കൃത്യവുമായ മറുപടി നൽകി. ഹൃദയങ്ങളെ കിടിലം കൊള്ളിക്കുന്ന ആ ഉപദേശം കേട്ട് 8000 പേർ ഇസ്‌ലാം സ്വീകരിച്ചു. 4000 പേർ പശ്ചാതപിച്ചു മടങ്ങി. അഞ്ചുപേർ അവിടെവച്ചു മരണപ്പെടുകയും ചെയ്തു. (സവാദുൽ ഐനൈൻ)

മനുഷ്യേതര ജീവികളെയും മഹാൻ ശുശ്രൂശിച്ചിരുന്നു. കുഷ്ഠരോഗം ബാധിച്ച ഒരു നായയെ 40 ദിവസം പരിചരിച്ച് രോഗം ഭേദമാക്കിയ സംഭവം ചരിത്രപ്രസിദ്ധമാണ്. എന്തിനാണിങ്ങനെ ചെയ്യുന്നതെന്ന് ചോദിച്ച ഒരു സുഹൃത്തിനോട് മഹാനവർകളുടെ മറുപടി 'ഈ ജീവിയുടെ കാര്യത്തിൽ അന്ത്യനാളിൽ ചോദ്യമുണ്ടായാൽ ഞാനെന്തു മറുപടി പറയും' എന്നായിരുന്നു.

കാരുണ്യം

'കരുണയില്ലാത്തവർക്ക് കരുണ ലഭിക്കുകയില്ല' എന്ന പ്രവാചകാധ്യാപനം ജീവിതത്തിൽ പകർത്തി അല്ലാഹുവിന്റെ സർവ്വസൃഷ്ടികളോടും കാരുണ്യപൂർവ്വം പെരുമാറി മഹദ് മാതൃക കാണിച്ചവരാണ് ശൈഖ് രിഫാഈ(റ). വിധവകൾക്ക് വിറകുവെട്ടി ചുമന്ന് കൊണ്ടുപോയിക്കൊടുക്കുക, ദരിദ്രർക്കും പ്രയാസമനുഭവിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക, വൃദ്ധർക്കും കുഷ്ഠരോഗികൾക്കും വസ്ത്രം അലക്കിക്കൊടുക്കുക, അവരെ കുളിപ്പിക്കുക, മുടി ചീകിക്കൊടുക്കുക, അന്ധന്മാരുടെ കൈ പിടിച്ച് ലക്ഷ്യസ്ഥാനത്തെത്തിച്ചു കൊടുക്കുക തുടങ്ങിയ സേവനങ്ങളിൽ മുഴുകിയായിരുന്നു ആ ജീവിതം.

മനുഷ്യേതര ജീവികളെയും മഹാൻ ശുശ്രൂശിച്ചിരുന്നു. കുഷ്ഠരോഗം ബാധിച്ച ഒരു നായയെ 40 ദിവസം പരിചരിച്ച് രോഗം ഭേദമാക്കിയ സംഭവം ചരിത്രപ്രസിദ്ധമാണ്. എന്തിനാണിങ്ങനെ ചെയ്യുന്നതെന്ന് ചോദിച്ച ഒരു സുഹൃത്തിനോട് മഹാനവർകളുടെ മറുപടി 'ഈ ജീവിയുടെ കാര്യത്തിൽ അന്ത്യനാളിൽ ചോദ്യമുണ്ടായാൽ ഞാനെന്തു മറുപടി പറയും' എന്നായിരുന്നു. ഒരു ശൈത്യകാല പുലരിയിൽ തന്റെ ഖമീസിലുറങ്ങിയ പൂച്ചയെ ശല്യപ്പെടുത്താതിരിക്കാൻ വസ്ത്രത്തിന്റെ ആ ഭാഗം മുറിച്ചു വെച്ച് ബാക്കി ഭാഗം ധരിച്ച് പള്ളിയിലേക്കു പോയ സംഭവവും

ചരിത്രത്തിൽ കാണാം. പൂച്ചയെ ഉണർത്തി വസ്ത്രമെടുക്കുന്നത് അല്ലാഹുവിന് ഇഷ്ടപ്പെടില്ലെന്ന ചിന്തയാണ് ഇങ്ങനെ ചെയ്യാൻ മഹാനെ പ്രേരിപ്പിച്ചത്. നിസ്കാരം കഴിഞ്ഞു വന്നപ്പോൾ പൂച്ച സ്ഥലം വിട്ടിരുന്നു. ഉടനെ ശൈഖ് രിഫാഈ(റ) മുറിച്ചുമാറ്റിയ ഭാഗം വസ്ത്രത്തിൽ തുന്നിച്ചേർത്തു.

എപ്പോഴും പുഞ്ചിരിക്കുന്ന പ്രകൃതമായിരുന്നു മഹാനവർകൾക്ക്. പ്രഭ പരത്തുന്ന വട്ടമുഖവും വിശാലമായ നെറ്റിത്തടവും കറുത്ത താടിയും അവിടുത്തെ സൗന്ദര്യത്തിന്റെ മാറ്റുകൂട്ടിയിരുന്നു. എല്ലാവരെയും 'സയ്യിദീ...' എന്നായിരുന്നു ശൈഖ് രിഫാഈ(റ) അഭിസംബോധന ചെയ്തിരുന്നത്. ഉള്ളും പുറവും ഒരുപോലെ സംശുദ്ധമായ പ്രകൃതത്തിനുടമയായിരുന്ന മഹാനവർകൾ പകയും കളങ്കവുമിലാത്ത മനസ്സുകൊണ്ട് സർവ്വരേയും അഭിമുഖീകരിച്ചു.

സാരോപദേശങ്ങൾ

ആത്മീയജ്ഞാനത്തിൽ അവഗാഹം നേടിയ മഹാൻ മനസ്സിൽ തട്ടുന്ന നല്ല ഉപദേശങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഒട്ടനവധി ആളുകളെ ആത്മീയ ലോകത്തേക്കും വിശുദ്ധ ദീനിലേക്കും ആനയിച്ചു. എല്ലാ വ്യാഴാഴ്ചയും ജനങ്ങൾക്ക് സാരോപദേശം നൽകിയിരുന്നു. സദസ്സിൽ അടുത്തുള്ളവർക്കും ദൂരെയുള്ളവർക്കും ഒരുപോലെ മഹാനവർക

രിഫാഇയ്യ ത്വരീഖത്

പ്ലസ്‌പോയിന്റ്

ശൈഖ് രിഫാഈ(റ)വിലേക്ക് ചേർത്തിപ്പറയുന്ന അധ്യാത്മിക സരണിയാണ് രിഫാഇയ്യ ത്വരീഖത്. ത്വരീഖതുരിഫാഇയ്യ, ത്വരീഖതുൽ ബതാഇഹിയ്യ, ത്വരീഖതുൽ അഹ്മദിയ്യ എന്നീ നാമങ്ങളിൽ ഇതറിയപ്പെടുന്നു.

ഇബ്നുഖല്ലികാൻ(റ) പറയുന്നു: 'രിഫാഇയ്യ, ബതാഇഹിയ്യ എന്നീ പേരുകളിൽ അറിയപ്പെടുന്നവർ ശൈഖ് രിഫാഈ(റ) വിലേക്ക് ചേർത്തിപ്പറയുന്നവരാണ്. പല അത്ഭുതങ്ങളും ഇവരിൽ നിന്ന് കാണപ്പെടാറുണ്ട്.' (വഫയാത്തുൽ അഅ്യാൻ 2/259)

മഹാനവർകളുടെ വഫാത്തിന് ശേഷം ജാമാതാവും സഹോദരീപുത്രനുമായ പണ്ഡിത വരേണ്യർ സയ്യിദ് അലിയ്യുബ്നുഉസ്മാൻ(റ) രിഫാഈ ത്വരീഖത്തിന്റെ ഖലീഫയായി സ്ഥാനമേറ്റു. അക്കാലത്തെ ഖുത്വുബായാണ് മഹാനവർകൾ അറിയപ്പെട്ടത്. ശൈഖ് രിഫാഈ(റ) അദ്ദേഹത്തെ ആദരിക്കുകയും മറ്റുള്ളവരോട് ആദരിക്കാൻ കൽപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. സയ്യിദ് അലിയ്യുബ്നുഉസ്മാൻ(റ) എന്റെ പിൻഗാമിയാണെന്ന് പിൽക്കാലത്ത് ശൈഖ് രിഫാഈ(റ) പരസ്യമായി പ്രഖ്യാപിച്ചിക്കുകയും ചെയ്തിട്ടുണ്ട്.

അഞ്ചു വർഷക്കാലം രിഫാഈസരണിയുടെ ഖിലാഫത്ത് നിർവഹിച്ച മഹാൻ ഹി.584 ലാണ് വഫാത്തായത്. സയ്യിദ് അലിയ്യ്(റ) വിനു ശേഷം സഹോദരൻ സയ്യിദ് അബ്ദുറഹീം(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. കാരുണ്യ പ്രവർത്തനങ്ങളിൽ ശൈഖിന്റെ പാത അദ്ദേഹവും പിന്തുടർന്നു. ധാരാളം കറാമത്തുകൾ പ്രകടമായിട്ടുണ്ട്. 22 വർഷം ഖലീഫയായി നിലകൊണ്ട അദ്ദേഹം ഹി.605 ലാണ് വഫാത്തായത്. പിന്നീട് സയ്യിദ് അലി(റ)വിന്റെ പുത്രനും വലിയ പണ്ഡിതനുമായിരുന്ന ശൈഖ് മുഹ്‌യിദ്ദീൻ ഇബ്റാഹീമുൽ അഹ്സബ്(റ)ഖലീഫയായി. ഈ ത്വരീഖത്ത് പിന്നീട് സയ്യിദ് അഹ്മദുസ്സയ്യാദ് രിഫാഈ(റ), അബുൽഹസൻ അലി രിഫാഈ(റ), അഹ്മദ് നജ്മുദ്ദീൻ അൽഅഖ്ളർ രിഫാഈ(റ) തുടങ്ങിയ മഹാന്മാരിലൂടെ ജുനൈദുൽ ബഗ്ദാദി(റ)വിലേക്കെത്തിച്ചേർന്നു.

ഖുർആനിന്റെയും സുന്നത്തിന്റെയും മറ്റു ആധികാരിക പ്രമാണങ്ങളുടെയും അടിത്തറയിലാണ് രിഫാഈത്വരീഖത് നിലകൊള്ളുന്നത്. ഇക്കാര്യം പ്രമേയമാക്കി അബ്ദുൽഹുദാ അസ്സ്വയ്യാദി(റ) അത്വരീഖതുൽ രിഫാഇയ്യ എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ലോകമെങ്ങും വേരുകളുള്ള രിഫാഇയ്യ ത്വരീഖത്ത് പതിനായിരങ്ങളെ സന്മാർഗത്തിലേക്കെത്തിക്കാൻ സഹായകമായിട്ടുണ്ട്. കേരളത്തിലും ഈ സരണി നൂറ്റാണ്ടുകൾക്കു മുമ്പ് എത്തിച്ചേർന്നിട്ടുണ്ട്.

യഥാർത്ഥ വിശ്വാസി ത്യാഗിയാവണം. ജീവിതത്തിൽ വരുന്ന സന്തോഷ-സന്താപ നിമിഷങ്ങളെ സമചിത്തതയോടെ നേരിടാനുള്ള ശക്തിയുണ്ടാവണം. സംസാരം, ഉറക്കം, നിറുത്തം, ഇരുത്തം തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും പ്രവാചകരെ അനുകരിക്കണം. ഇതൊക്കെ നിസ്സാരമാണല്ലോ എന്നു കരുതി ഒഴിവാക്കാൻ പാടില്ല.

ളുടെ ശബ്ദം കേൾക്കാമായിരിന്നു. കേൾവി ശക്തിയില്ലാത്തവരും അവിടുത്തെ സദസ്സിൽ പങ്കെടുത്തിരുന്നു. അവർക്കും അല്ലാഹു അത് കേൾപ്പിച്ചുകൊടുത്തിരുന്നു. (ത്വബഖാതുൽ ഔലിയാ)

ശൈഖവർകൾ പറഞ്ഞു: 'അല്ലാഹുവിലേക്കെത്തുന്ന എല്ലാ വഴികളിലൂടെയും ഞാൻ സഞ്ചരിച്ചു. ദാരിദ്ര്യം, താഴ്മ, വിനയം എന്നിവയെക്കാൾ നല്ല മറ്റൊരു വഴിയും അതിനു ഞാൻ കണ്ടില്ല.'

അപ്പോൾ ഒരാൾ ചോദിച്ചു: 'സയ്യിദീ... എങ്ങനെയാണ് അല്ലാഹുവിലെത്തുക?'

അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ നീ പാലിക്കുക. അല്ലാഹുവിന്റെ സൃഷ്ടികളോടു നീ ദയ കാണിക്കുക. നിന്റെ അഭയകേന്ദ്രമായ അല്ലാഹുവിന്റെ ദൂതരുടെ സുന്നത്തുകൾ പിന്തുടരുക.' (ശദറാതുദ്ദഹബ് 4/259)

ഇബ്നുമുലഖൻ(റ) ഉദ്ധരിക്കുന്നു: ശൈഖ് രിഫാഈ(റ) പറഞ്ഞു: 'അനാവശ്യങ്ങളിൽ വ്യാപൃതനാകുന്നവർക്ക് ആവശ്യമുള്ളത് നഷ്ടപ്പെട്ടുപോകും.'

'ദുആക്ക് ഉത്തരം ലഭിക്കാത്തത് എന്തുകൊണ്ടാണ്?' ഒരാൾ ശൈഖ് രിഫാഈ(റ)വിനോട് ചോദിച്ചു. മഹാനവർകൾ മറുപടി നൽകി: 'ഭക്ഷണത്തിൽ ഹലാൽ കുറഞ്ഞതുകൊണ്ടാണ്.'

മനുഷ്യത്വം എന്താണെന്ന് ഒരാൾ ചോദിച്ചപ്പോൾ ശൈഖവർകൾ പറഞ്ഞു: 'മറ്റുള്ളവരുടെ ന്യൂനതകളെ അവഗണിക്കുക, സ്വശരീരത്തിന് മറ്റുള്ളവരെക്കാൾ മഹത്വം കല്പിക്കാതിരിക്കുക.' (ത്വബാഖതുൽ ഔലിയാഅ് 1/15)

യഥാർത്ഥ വിശ്വാസി ത്യാഗിയാവണം. ജീവിതത്തിൽ വരുന്ന സന്തോഷ-സന്താപ നിമിഷങ്ങളെ സമചിത്തതയോടെ നേരിടാനുള്ള ശക്തിയുണ്ടാവണം. സംസാരം, ഉറക്കം, നിറുത്തം, ഇരുത്തം തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും പ്രവാചകരെ അനുകരിക്കണം. ഇതൊക്കെ നിസ്സാരമാണല്ലോ എന്നു കരുതി ഒഴിവാക്കാൻ പാടില്ല. ചെറിയ കാര്യങ്ങളിൽ കാണിക്കുന്ന അശ്രദ്ധ വലിയ കാര്യങ്ങൾ ഒഴിവാക്കുന്നതിലേക്കെത്തിക്കുന്നതാണ്. (അൽബുർഹാനുൽ മുഅയ്യദ്)

ആത്മീയഗുരുവായിരുന്ന ശൈഖ് ഖർനൂതി(റ)യെ ശൈഖ് രിഫാഈ(റ) ഇടയ്ക്കിടെ സന്ദർശിക്കാറുണ്ടായിരുന്നു. ഒരിക്കൽ ശൈഖ് ഖുർനൂതി(റ) മഹാനവർകൾക്ക് നൽകിയ മൂന്ന് ഉപദേശങ്ങൾ പ്രസിദ്ധമാണ്.

1. തിരിഞ്ഞുനോക്കുന്നവൻ ലക്ഷ്യസ്ഥാനത്തെത്തിച്ചേരുകയില്ല.
2. സംശയാലുക്കൾ വിജയിക്കില്ല.
3. സ്വശരീരത്തിന്റെ ന്യൂനതകൾ അറിയാത്തവരുടെ മുഴുസമയവും നഷ്ടത്തിലാണ്.

രിഫാഈ മാല

ശൈഖ് രിഫാഈ(റ)വിന്റെ ജീവചരിത്രങ്ങളും കറാമത്തുകളുമടങ്ങിയ കീർത്തനകാവ്യമാണ് രിഫാഈ മാല. അറബിമലയാളത്തിൽ വിരചിതമായ ഈ മാല കേരളീയർക്ക് സുപരിചിതമാണ്. മുഹ്‌യിദ്ദീൻമാലയുടെ പല വരികളോടും ആശയങ്ങളോടും ഭാഷയോടും രിഫാഈമാലക്ക് സാമ്യമുണ്ട്. മുഹ്‌യിദ്ദീൻമാല കഴിഞ്ഞാൽ കേരളീയർക്കിടയിൽ കൂടുതൽ പ്രചരിച്ച മാലയാണ് രിഫാഈ മാല.

ചരിത്രപരമായും ആശയപരമായും പ്രമാണബദ്ധമാണ് മാലയിലെ ഓരോ വരിയും. ഖുർആനിനും സുന്നത്തിനും മറ്റു പ്രമാണങ്ങൾക്കും വിരുദ്ധമായ വരികളൊന്നും ഇതിലില്ല.

മഹാനവർകളുടെ ജീവിതം പൂർണ്ണമായി വർണ്ണിക്കാൻ കഴിയില്ലെന്നു പറഞ്ഞുകൊണ്ടാണ് മാല ആരംഭിക്കുന്നത്. 'മേന്മയിൽ തൊഫ്ഫം ഫറയുന്നു ഞാനിഫ്ഫൾ, മേന്മ ഫറകിലോ മട്ടില്ല എന്നോവർ.'

ശൈഖവർകളുടെ പ്രസിദ്ധമായ കാവ്യങ്ങളും തൻബീഹ്, സിർറുൽ മഖ്സൂൻ തുടങ്ങിയ ഗ്രന്ഥങ്ങളും അവലംബിച്ചാണ് ഈ മാല തയ്യാറാക്കിയത്. മാലയിൽ തന്നെ ഇത് പ്രതിപാദിക്കുന്നുണ്ട്.

'അവർ ചൊന്ന ബൈത്തിന്നും തൻബീഹ് തന്നിന്നും അങ്ങിനെ സിർറുൽ മക്നൂനിന്നും കണ്ടോവർ.'

മനസ്സിൽ തട്ടുന്ന അവതരണമാണ് മാലയുടേത്. മാലയിൽ പരാമർശിച്ച ചരിത്ര സംഭവങ്ങളെല്ലാം പ്രഗത്ഭ പണ്ഡിതരിൽ നിന്നും ഉദ്ധരിക്കപ്പെട്ടതാണ്. ഇമാം ശഅ്റാനിയുടെ ത്വബഖാത്തുൽ കുബ്റാ, യൂസുഫുന്നബ്ഹാനി(റ)യുടെ ജാമിഉകറാമത്തിൽ ഔലിയാഅ്, ഇമാം നവവി(റ)വിന്റെ ത്വബഖാത്, ഇമാം സുബ്കി(റ)യുടെ ത്വബാഖതുശ്ശാഫിഇയ്യത്തിൽ കുബ്റാ തുടങ്ങിയ രചനകൾ ശൈഖ് രിഫാഈ(റ)യുടെ ജീവചരിത്രങ്ങളും കറാമത്തുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

മഹാന്മാരുടെ മദ്ഹുകൾ കോർത്തിണക്കിയ മാലകൾ പാരായണം ചെയ്യുന്നത് അവരുമായി ആത്മബന്ധം സ്ഥാപിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും സഹായകമാണ്.

മൗലിദുകളെയും മാലകളെയും ആശ്രയിച്ച് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട അനുഭവങ്ങൾ പലർക്കും പങ്കുവെക്കാനുണ്ട്. പൊന്നാനി പ്രദേശത്ത് വസൂരി പടർന്നു പിടിച്ച സന്ദർഭത്തിൽ അതിന്റെ പ്രതിവിധിയായിട്ടാണ് സൈനുദ്ദീൻ മഖ്ദൂം(റ) മൻഖൂസ് മൗലിദ് രചിച്ചത്. പകർച്ചവ്യാധിയും ദാരിദ്ര്യവും വിട്ടുനീങ്ങാനും ഐഹിക പാരത്രിക ലോകങ്ങളിൽ അഭിവൃദ്ധി കൈവരാനും വിശ്വാസികൾ അന്നും ഇന്നും ഇത് ചൊല്ലിപ്പോരുന്നു. വൈദ്യശാസ്ത്രം കൂടുതൽ വികസിക്കാത്ത കാലത്ത് സുഖപ്രസവത്തിന് നഫീസത്ത് മാല അവലംബിക്കുകയും സുരക്ഷിതമായി പ്രസവം നടക്കുകയും ചെയ്ത അനുഭവങ്ങൾ നമ്മുടെ കഴിഞ്ഞകാല സമൂഹത്തിന്റെ ഓർമ്മകളാണ്.

നൂറുകണക്കിന് മാലകൾ ഇന്ന് നിലവിലുണ്ട്. അല്ലാഹുവിന്റെയും മഹാന്മാരുടെയും പൊരുത്തം തേടി മാത്രം രചിക്കപ്പെട്ടവയാണവയെല്ലാം. പ്രശസ്തിയോ ഭൗതികലാഭമോ നിസ്വാർത്ഥരായ രചയിതാക്കൾക്ക് ഇല്ലാതിരുന്നതുകൊണ്ട് പല രചനകളുടെയും കർത്താക്കളും എഴുതിയ കാലഘട്ടവും അജ്ഞാതമാണ്.

രിഫാഈ മൗലിദ്

രിഫാഈ ശൈഖിന്റെ ജീവചരിത്രവും മഹത്വങ്ങളും പ്രതിപാദിക്കുന്ന ഒന്നിലധികം മൗലിദുകളുണ്ട്. ഇത്തരം മൗലിദുകൾ രചിച്ച കേരളീയ പണ്ഡിതരിൽ പ്രധാനിയാണ് ഹസൻ മുസ്‌ലിയാർ (ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാരുടെ പിതാവ്. വഫാത് ഹി.1339), അമ്മു മുസ്‌ലിയാർ അണ്ടത്തോട് (വഫാത് ഹി.1319), മുഹ്‌യിദ്ദീൻ മുസ്‌ലിയാർ നെടിയിരുപ്പ് തുടങ്ങിയവർ. ശൈഖ് രിഫാഈ(റ) തിരുനബി(സ)യുടെ റൗളാശരീഫിനടുത്തെത്തി പാട്ടുപാടിയപ്പോൾ അവിടുത്തെ ശറഫാക്കപ്പെട്ട കൈകൾ നീട്ടിക്കൊടുത്ത പ്രസിദ്ധമായ സംഭവം ഈ മൗലിദുകളിലെല്ലാം ഉദ്ധരിച്ചിട്ടുണ്ട്.

ഫിഖ്ഹ്

ഉവൈസ് ബുഖാരി നടുവട്ടം

പരിക്കുള്ള അവയവങ്ങളുടെ ശുദ്ധീകരണം

ശരീരത്തിലെ അവയവങ്ങളിൽ പലപ്പോഴും പരിക്കേൽക്കാറുണ്ടല്ലോ. പ്ലാസ്റ്റർ, ബാന്റ്എയ്ഡ് തുടങ്ങിയവ ധരിക്കേണ്ട സാഹചര്യങ്ങളും ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിലെ ശുദ്ധീകരണം എങ്ങനെയാണെന്ന് പലർക്കുമറിയില്ല. അതേക്കുറിച്ചാകാം ഈ ലക്കത്തിൽ.

കൈകാലുകൾ, മുഖം പോലുള്ള വുളൂഇന്റെ അവയവങ്ങളിലാണ് പരിക്കേറ്റതെങ്കിൽ വുളൂഅ് ചെയ്യുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കെട്ടാത്ത മുറിവിൽ വെള്ളം ചേരുന്നത് പ്രയാസകരമാണെങ്കിൽ ആ ഭാഗം കഴുകേണ്ടതില്ല. മുറിവില്ലാത്ത ഭാഗം കഴുകി മുറിവുള്ള ഭാഗത്തിനുവേണ്ടി തയമ്മും ചെയ്താൽ മതിയാകും. അവയവം കഴുകുന്ന സമയത്താണ് തയമ്മും ചെയ്യേണ്ടത്. ഇവർ നിസ്കാരം രണ്ടാമത് നിർവഹിക്കേണ്ടതുമില്ല.

പ്രയാസമില്ലെങ്കിൽ കെട്ടിയ മുറിവ് അഴിക്കണം. പ്രയാസമാണെങ്കിൽ അവയവം കഴുകുമ്പോൾ കെട്ടില്ലാത്ത ഭാഗം കഴുകി തയമ്മും ചെയ്ത് ശേഷം കെട്ടിയ ഭാഗം വെള്ളം കൊണ്ട് തടവണം.

മുറിവ് ശരീരത്തിൽ എവിടെയാണെങ്കിലും കുളിക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. ശരീരം കഴുകുന്നതിൽ ക്രമം പാലിക്കേണ്ടതില്ലാത്തതിനാൽ കുളിയിൽ തയമ്മും ഏതു സമയത്തും ചെയ്യാവുന്നതാണ്.

ഇങ്ങനെ ശുദ്ധീകരണം നടത്തി ഫർള്നിസ്കാരം നിർവഹിച്ചവർ ശുദ്ധി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അടുത്ത ഫർള്നിസ്കാരത്തിന് വുളൂഉം തയമ്മുമും ആവർത്തിക്കണം. ഇല്ലെങ്കിൽ തയമ്മും മാത്രം ആവർത്തിക്കണം.

ഒരു തയമ്മും കൊണ്ട് ഒരു ഫർള്നിസ്കാരം മാത്രമേ പറ്റൂ എന്നർത്ഥം.

മുറിവ് സുഖപ്പെടുന്നതു വരെ ഈ ആനുകൂല്യം ഉപയോഗപ്പെടുത്താം. തയമ്മുമിന്റെ അവയവങ്ങളായ മുഖത്തും കൈകളിലുമുള്ള മുറിവ് ഭേദമായാൽ നിസ്കാരം ആവർത്തിക്കണം.

മറ്റു അവയങ്ങളിലെ മുറിവ് കെട്ടുന്ന സമയത്ത് ശുദ്ധിയുണ്ടെങ്കിൽ പിന്നീട് നിസ്കാരം ആവർത്തിക്കേണ്ടതില്ല. അന്യസ്ത്രീകളാണ് മുറിവ് കെട്ടുന്നതെങ്കിൽ വുളൂഅ് നഷ്ടപ്പെടാനിടയുണ്ട്. അവരോട് ഗ്ലൗസ് ധരിക്കാൻ ആവശ്യപ്പെടാം. ഇല്ലെങ്കിൽ നിസ്കാരം ആവർത്തിക്കേണ്ടിവരും.

മുറിവ് കെട്ടുമ്പോൾ മുറിവില്ലാത്ത ഭാഗം ആവശ്യത്തിലധികം ഉൾപ്പെട്ടാലോ മുറിവിൽ കൂടുതൽ നജസ് ശേഷിച്ചാലോ നിസ്കാരം ആവർത്തിക്കേണ്ടിവരും.

കവർസ്റ്റോറി

ശഹബാസ് അഹ്മദ്

കുട്ടികളിലെ സമ്പാദ്യശീലം

സമ്പാദ്യശീലം ഏതു പ്രായത്തിലും തുടങ്ങാം. നല്ല സ്വഭാവശീലങ്ങളും ധാർമികമൂല്യങ്ങളും മികച്ച വിദ്യാഭ്യാസവും പകർന്നു നൽകുന്നതോടൊപ്പം സമ്പാദ്യശീലത്തെക്കുറിച്ചും ധനവിനിയോഗത്തെക്കുറിച്ചും കുട്ടികൾക്ക് കൃത്യമായ ധാരണ നൽകണം. പണത്തിന്റെ മൂല്യത്തെക്കുറിച്ചും അതു പാഴാക്കാതെ ചെലവഴിക്കേണ്ടതിന്റെ അനിവാര്യതയെ പ്പറ്റിയുമുള്ള അറിവ് ഭാവിയിൽ സാമ്പത്തിക കാര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കുട്ടികളെ സഹായിക്കും.

രക്ഷിതാക്കളാണ് അധ്യാപകർ

കുടുംബത്തിലെ ഒരംഗമായി വളരുന്ന കുട്ടി പണം, സമ്പാദ്യം, ചെലവ് എന്നിവയെപ്പറ്റി ആലോചിച്ചുതുടങ്ങുന്നത് ചുറ്റുപാടുകളിൽ നിന്നു തന്നെയാണ്. ഉമ്മയും ഉപ്പയും മറ്റു കുടുംബാംഗങ്ങളും എങ്ങനെയാണോ പണം ചെലവഴിക്കുന്നത്, അതെല്ലാം കുട്ടി സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കുട്ടികളിൽ സമ്പാദ്യശീലം വളർത്തണമെങ്കിൽ അതിനു പറ്റിയ ഏറ്റവും നല്ല പാഠശാല വീടും കുടുംബവുമാണെന്നതിൽ തർക്കമില്ല. എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ വേണമെന്ന് മാത്രം.

സ്കൂളിൽ നിന്ന് കുട്ടികൾക്ക് അറിവ് ലഭിക്കുന്നുണ്ടെങ്കിലും സമ്പാദ്യശീലത്തെക്കുറിച്ചും പണം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും കാര്യമായ പരാമർശങ്ങൾ നിലവിലെ പാഠ്യപദ്ധതിയുടെ ഭാഗമല്ല. സമഗ്രമായി പാഠ്യപദ്ധതിയിൽ അവതരിപ്പിച്ചാൽ തന്നെ കുട്ടികൾ ഇത്തരം കാര്യങ്ങൾ അനുഭവിച്ചു തന്നെ പഠിക്കണം. ഒരുപക്ഷേ, പഠനത്തിൽ മിടുക്കരായവർ പണം സമ്പാദിക്കുന്നതിൽ മിടുക്കരാവണമെന്നില്ല.

കുഞ്ഞുക്കുടുക്ക ആദ്യപടി

സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും ഹരിക്കാനും ഗുണിക്കാനുമൊക്കെ പഠിക്കുന്ന കാലത്തു തന്നെ സമ്പാദ്യ പരിശീലനവും തുടങ്ങാം. നോട്ടുകളും നാണയങ്ങളും എണ്ണിത്തിട്ടപ്പെടുത്താൻ കുട്ടികളോട് ആവശ്യപ്പെടാം. അതിൽനിന്ന് നിശ്ചിതതുകയ്ക്ക് സാധനങ്ങൾ വാങ്ങിയാൽ ബാക്കി എത്രയുണ്ടാകുമെന്നു ചോദിക്കാം. ചെലവിനെക്കുറിച്ചും മിച്ചത്തെക്കുറിച്ചുമുള്ള ബാലപാഠം അങ്ങനെ തുടങ്ങാം. കുടുക്കയിലോ, ബോക്സിലോ നാണയങ്ങൾ സ്വന്തമെന്നെ നിലയിൽ സൂക്ഷിക്കാൻ കുട്ടികളോടാവശ്യപ്പെടാം. ഒന്നോ രണ്ടോ ആഴ്ച ഇടവിട്ട് കൃത്യമായ ഇടവേളകളിൽ കുഞ്ഞുസമ്പാദ്യത്തിലെ വർധനവിനെക്കുറിച്ച് അന്വേഷിക്കുന്നത് പണം സൂക്ഷിച്ചുവയ്ക്കാനുള്ള താൽപര്യം വളർത്തും. സ്വാഭാവികമായും ചെറിയ നിക്ഷേപങ്ങൾ വലിയ തുകയായി മാറുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് മനസ്സിലാകും. ഓരോ പ്രായത്തിലും അനുയോജ്യമായ സമ്പാദ്യശീലങ്ങളാണ് പകർന്നുനൽകേണ്ടത്.

സമ്മാനക്കുടുക്ക

പണത്തിന്റെ മൂല്യത്തെക്കുറിച്ച് കുട്ടികൾ അറിഞ്ഞുതുടങ്ങുന്നത് 4 വയസ്സു മുതൽ 7 വയസ്സു വരെയുള്ള പ്രായത്തിലാണ്. മിഠായികൾ വാങ്ങാനും ഐസ്ക്രീം രുചിക്കാനും ചെറിയ പാവകളും മറ്റും സ്വന്തമാക്കാനും പണം ആവശ്യപ്പെടുന്ന കാലം. കുടുംബവീടുകളിൽ നിന്ന് സമ്മാനമായി പലരും ഇവർക്ക് പണം നൽകുകയും ചെയ്യും. ഈ സമയത്ത് അവർക്ക് പണം സൂക്ഷിക്കാനായി കുടുക്ക വാങ്ങി

ക്കൊടുക്കുന്നതും വിശേഷദിവസങ്ങളിലെ സമ്മാനമായി നൽകുന്നതും ധനസമാഹരണ ശീലം വളർത്താൻ സഹായകമാകും. രക്ഷിതാക്കളോ മറ്റു കുടുംബാംഗങ്ങളോ നൽകുന്ന സമ്മാനമാനത്തിന് കുട്ടികളുടെയടുക്കൽ വലിയ വിലയുണ്ടാകും. അമൂല്യസ്വത്തായി അവർ അതിനെ സൂക്ഷിക്കുകയും ചെയ്യും.

ബാങ്ക് അക്കൗണ്ട്

കുട്ടികൾ പണമിടപാടുകൾ നടത്താൻ തുടങ്ങുന്ന കാലമാണ് 8 വയസ്സു മുതൽ 12 വയസ്സുവരെയുള്ള കാലം. പരീക്ഷാഫീസ്, സ്കൂൾ ഫീസ്, ബസ് ചാർജ് തുടങ്ങി ചെറിയ ചെറിയ ചെലവുകൾ കൈകാര്യം ചെയ്യാനുണ്ടാകും. ഈ പ്രായത്തിൽ പണത്തിന്റെ ഉപയോഗത്തിൽ ചെറിയ വീഴ്ച്ചകൾ വന്നേക്കാം. എന്നാലും അവ തിരുത്തിക്കൊടുത്ത് സാമ്പത്തിക ഇടപാടുകൾ അവർ നന്നായി കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കണം.

ഈ പ്രായത്തിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നത്

വിദ്യാർഥികൾ പണം എങ്ങനെ ചെലവഴിക്കണമെന്ന് പഠിപ്പിക്കുന്ന ഒട്ടേറെ മണി സേവിംഗ്സ് ആപ്പുകൾ ഇന്ന് ലഭ്യമാണ്. പണവും സമ്പാദ്യവും ഓൺലൈനിലേക്ക് മാറുന്നതിനനുസരിച്ച് ഇത്തരം ആപ്പുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയും കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്.

പ്ലസ്പോയിന്റ്

ഓൺലൈൻ തട്ടിപ്പുകൾ കരുതിയിരിക്കാം

വിർച്വൽ ലോകത്ത് ജനിക്കുകയും വളരുകയും ചെയ്യുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ ധനസമ്പാദന മാർഗങ്ങളും വ്യത്യസ്തമാണ്. ഒരുകാലത്ത് കുടുക്കയിൽ പണം സൂക്ഷിക്കലും കുടുക്ക പൊട്ടിക്കലും ഒരു ചടങ്ങായിരുന്നെങ്കിൽ ഇന്ന് കുട്ടികളുടെ ചെറിയ ആവശ്യങ്ങൾക്കായി രക്ഷിതാക്കൾ നൽകുന്ന പോക്കറ്റ് മണി പോലും ഓൺലൈൻ ട്രാൻസ്ഫറിലേക്ക് മാറി. ടൈംസ്, ലോയ്ഡ് ബാങ്ക്, യൂ ഗവ ഏജൻസി എന്നിവരുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം യു.കെ കേന്ദ്രീകരിച്ച് നടന്ന പഠനം തെളിയിക്കുന്നത് കുട്ടികളുടെ പണസമ്പാദനത്തിലെ രീതി മാറുന്നുവെന്നാണ്. പതിനൊന്നാം വയസ്സ് വരെ ഏറെക്കുറെ സാധാരണ രീതിയിൽ പണമിടപാട് നടക്കുന്നെങ്കിൽ പന്ത്രണ്ടാം വയസ്സുമുതൽ പോക്കറ്റ്മണിയടക്കം ഓൺലൈൻ ഇടപാടുകളിലേക്ക് പോകുന്നുവെന്നാണ് പഠനം. 15 - 16 വയസ്സ് പ്രായമുളളവരിൽ 62 ശതമാനവും സൂക്ഷിപ്പുകേന്ദ്രമായി ബാങ്ക് അക്കൗണ്ടുകളെയാണ് ആശ്രയിക്കുന്നത്. യൂറോപ്പിനെ അക്ഷരംപ്രതി അനുകരിക്കുന്ന കേരളത്തിലും ഈ ട്രെൻഡ് വ്യാപകമായിട്ടുണ്ട്.

സാമ്പത്തിക ഇടപാടുകൾ വിർച്വൽ ലോകത്തേക്ക് മാറുന്നതോടെ വ്യാപകമായ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയാകാനുള്ള സാധ്യത കൂടുതലാണ്. യു.കെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ട്രേഡ് അസ്സോസിയേഷൻ യു.കെ ഫിനാൻസിന്റെ കണക്കനുസരിച്ച് വിർച്വൽ തട്ടിപ്പുകളിലൂടെ ഏകദേശം 1.2 ബില്യൺ ഡോളർ യു.കെയിൽ മാത്രം നഷ്ടപ്പെട്ടുകഴിഞ്ഞു. സാമ്പത്തിക ഇടപാടുകൾക്ക് വിർച്വൽ പണം ഉപയോഗിക്കുന്ന കുട്ടികളിൽ 19 ശതമാനം പേർക്കും ഇത്തരത്തിൽ പണം നഷ്ടപ്പെട്ടുവത്രെ.

വിദ്യാർഥികൾ പണം എങ്ങനെ ചെലവഴിക്കണമെന്ന് പഠിപ്പിക്കുന്ന ഒട്ടേറെ മണി സേവിംഗ്സ് ആപ്പുകൾ ഇന്ന് ലഭ്യമാണ്. പണവും സമ്പാദ്യവും ഓൺലൈനിലേക്ക് മാറുന്നതിനനുസരിച്ച് ഇത്തരം ആപ്പുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയും കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്.

‘പ്രാരാബ്ധങ്ങളൊന്നും അറിയിക്കാതെയാണ് ഞാൻ എന്റെ കുട്ടിയെ വളർത്തിയത്. അവൾക്ക് ആവശ്യമുള്ളതെല്ലാം ഒരു കുറവും വരുത്താതെ ഞാൻ വാങ്ങിച്ചുകൊടുത്തിട്ടുണ്ട്.’ പല രക്ഷിതാക്കളും അഭിമാനത്തോടെ പറയുന്ന കാര്യമാണിത്. എന്നാൽ കുടുംബത്തിന്റെ യഥാർഥ അവസ്ഥ കുട്ടികളിൽ നിന്ന് മറച്ചുവയ്ക്കുന്നത് അത്ര നല്ല കാര്യമല്ല.

നന്നാകും. ഇന്ന് സ്കൂൾ സ്കോളർഷിപ്പിനും മറ്റുമായി വളരെ ചെറുപ്പത്തിൽ തന്നെ കുട്ടികൾക്ക് ബാങ്ക് അക്കൗണ്ട് തുറക്കുന്നുണ്ട്. ഓരോ മാസവും അവർ സ്വരുക്കൂട്ടി വച്ചിരിക്കുന്ന തുക അവരുടെ സാന്നിധ്യത്തിൽ അതിൽ നിക്ഷേപിക്കുന്നതും ഗുണകരമാകും. സാധ്യമെങ്കിൽ രക്ഷിതാക്കൾക്കും പ്രതിമാസം ചെറിയ തുക കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കാം.

വീട്ടുസാധനങ്ങൾ വാങ്ങുന്നതിനും ചെറിയ പർച്ചേഴ്സുകൾക്കുമായി കുട്ടികളെ ഈ പ്രായത്തിൽ തന്നെ പരിശീലിപ്പിക്കണം. ഇടപാടുകളിൽ വരുന്ന വീഴ്ച്ചകൾ പറഞ്ഞുമനസ്സിലാക്കി തിരുത്തിക്കൊടുക്കണം.

ജീവിതം കുട്ടികളും അറിയട്ടെ

‘പ്രാരാബ്ധങ്ങളൊന്നും അറിയിക്കാതെയാണ് ഞാൻ എന്റെ കുട്ടിയെ വളർത്തിയത്. അവൾക്ക് ആവശ്യമുള്ളതെല്ലാം ഒരു കുറവും വരുത്താതെ ഞാൻ വാങ്ങിച്ചുകൊടുത്തിട്ടുണ്ട്.’ പല രക്ഷിതാക്കളും അഭിമാനത്തോടെ പറയുന്ന കാര്യമാണിത്. എന്നാൽ കുടുംബത്തിന്റെ യഥാർഥ അവസ്ഥ കുട്ടികളിൽ നിന്ന് മറച്ചുവയ്ക്കുന്നത് അത്ര നല്ല കാര്യമല്ല. ചുറ്റും എന്താണ് നടക്കുന്നതെന്നും രക്ഷിതാക്കളുടെ സാമ്പത്തിക സ്ഥിതി എങ്ങനെയാണെന്നും ധനവിനിയോഗത്തിൽ മിതത്വം പാലിക്കേണ്ടതെങ്ങനെയാണെന്നുമെല്ലാം സ്വയം തിരിച്ചറിയാൻ അവരുമായുള്ള പങ്കുവയ്ക്കലുകൾ സഹായിക്കും. കയ്യിൽ പണമില്ലെങ്കിലും അനാവശ്യങ്ങൾ കുറയ്ക്കുക എന്നതും മികച്ച സമ്പാദ്യശീലത്തിന്റെ ഭാഗമാണ്.

ദാനശീലം വളർത്താം

മലപ്പുറം ജില്ലയിലെ നിലമ്പൂരിലും മറ്റും പ്രളയം രൂക്ഷമായി ബാധിച്ച കാലം, പ്രളയബാധിതരെ സഹായിക്കാനുള്ള സാമ്പത്തിക സ്വരൂപണത്തിന്റെ ഭാഗമായാണ് ഒരു വീട്ടിലെത്തിയത്. വിഷയം അവതരിപ്പിക്കുന്നതു കേട്ടയുടനെ വീടിനു മുമ്പിൽ കളിച്ചുകൊണ്ടിരുന്ന ഏഴോ എട്ടോ വയസ്സ് പ്രായം തോന്നിക്കുന്ന കുട്ടി വീടിനകത്തേക്ക് ഓടിപ്പോയി. കുറച്ചുകഴിഞ്ഞ് ഉമ്മയുടെ പിറകിൽ അവനും വന്നു. എന്നിട്ട് കയ്യിലുണ്ടായിരുന്ന 560 രൂപ ഞങ്ങൾക്കു നേരെ നീട്ടി. അവന്റെ ഒരുപാട് കാലത്തെ സമ്പാദ്യമായിരുന്നു അത്. ആരും നിർബന്ധിക്കാതെയാണ് ഈ കുട്ടി അകത്തേക്ക് ഓടിയതും പണമെടുത്ത് കൊണ്ടുവന്നതും. ഇത്തരം ഒട്ടേറെ കഥകൾ സമൂഹമാധ്യമങ്ങളിലും പത്രങ്ങളിലും നാം വായിച്ചിട്ടുണ്ട്. പണം സമ്പാദിക്കാൻ ശീലിക്കുന്നതോടു കൂടെ അത് അനുയോജ്യമായ സമയങ്ങളിൽ അത്യാവശ്യക്കാരിലേക്ക് എത്തിച്ചുകൊടുക്കാനും കുട്ടികളെ ശീലിപ്പിക്കണം. അപ്പോഴാണ് ഒരു നല്ല മനുഷ്യൻ രൂപപ്പെടുന്നത്.

സാമ്പത്തികം

ബുജൈർ ചെട്ടിപ്പടി

വിശ്വാസി ഇടപാടുകളിലെ സുതാര്യത

ഈയടുത്താണ് നാട്ടിലെ വലിയൊരു സൂപ്പർമാർക്കറ്റ് പൂട്ടിപ്പോയത്. തുറന്നിട്ട് കുറച്ചു മാസങ്ങൾ മാത്രമേ ആയിരുന്നുള്ളൂ. പ്രത്യേക കാരണങ്ങളൊന്നുമറിയില്ല. അന്വേഷിച്ചപ്പോഴാണറിഞ്ഞത്, ഉപഭോക്താക്കളെ വേണ്ട വിധത്തിൽ പരിഗണിക്കാറുണ്ടായിരുന്നില്ല. ഒരുതവണ സാധനം വാങ്ങാൻ വന്നവർ പിന്നെ അങ്ങോട്ടു പോകില്ലെന്ന് തീരുമാനിക്കും. സാധനങ്ങൾ ഉപഭോക്താവ് തന്നെ തെരഞ്ഞെടുക്കണം. താരതമ്യേന വില കൂടുതലും. പൂട്ടിപ്പോകാൻ വേറെ കാരണം വല്ലതും വേണോ?

ലോകത്ത് കൂടുതൽ പരിഷ്കരണ വിധേയമായ മേഖലകളിലൊന്നാണ് കച്ചവടം. വിശ്വാസികൾക്ക് കച്ചവടം അനുവദനീയമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. (അൽബഖറ 275) സാമ്പത്തിക വളർച്ചയുടെ മുഖ്യോപാധിയായ കച്ചവടത്തെ ഇസ്‌ലാം സമഗ്രതയോടെ കാണുകയും അംഗീകരിക്കുകയും ചെയ്തു. ഏറ്റവും നല്ല ജോലി ഏതാണെന്ന ചോദ്യത്തിന് 'കൈത്തൊഴിലും വഞ്ചനയില്ലാത്ത കച്ചവടവും' എന്ന് നബി(സ) മറുപടി നൽകി. കച്ചവടത്തിലെ ധാർമികതക്കാണ് ഈ തിരുമൊഴിയിൽ പ്രാധാന്യം. കേവലം സമ്പത്ത് വർധിപ്പിക്കുക എന്നതാവരുത് കച്ചവടത്തിന്റെ ലക്ഷ്യം. ഉപഭോക്താവിന് ഒരു വസ്തു വിൽക്കുമ്പോൾ അദ്ദേഹത്തിന്റെ ആവശ്യം നിർവഹിച്ചു കൊടുക്കുകയാണെന്ന സേവന ബോധ്യത്തോടെയായിരിക്കണം കച്ചവടം ചെയ്യേണ്ടത്.

ഈ രൂപത്തിൽ കച്ചവടം ചെയ്യാൻ മുത്തുനബി(സ) പ്രോത്സാഹിപ്പിച്ചിട്ടുണ്ട്: 'സത്യസന്ധരും വിശ്വസ്തരുമായ വ്യാപാരികൾ പ്രവാചകരുടെയും പുണ്യാത്മക്കളുടെയും രക്തസാക്ഷികളുടെയും കൂടെയാകുന്നു.' അന്ത്യനാളിൽ അർശിന്റെ തണൽ ലഭിക്കുന്നവരാണ് അവരെന്ന് മറ്റൊരിടത്ത് കാണാം.

ഇങ്ങനെ പല സന്ദർഭങ്ങളിൽ നബി(സ) കച്ചവടം പ്രോത്സാഹിപ്പിച്ചതായി കാണാം.

വിൽക്കുന്നവർ, വാങ്ങുന്നവർ, വിൽപനവസ്തു എന്നീ മൂന്ന് ഘടകങ്ങൾ ചേരുമ്പോഴാണ് കച്ചവടം സാധ്യമാകുന്നത്. ഇവ മൂന്നും സുതാര്യവും മതപരമായി അനുവദനീയവുമാകുമ്പോൾ മാത്രമേ വിശ്വാസിയുടെ കച്ചവടം സ്വീകാര്യമാകൂ.

വിൽപ്പനക്കാരൻ

കച്ചവടം നടത്തുന്നവർ ബുദ്ധിയുള്ളവനും തന്റേടമുള്ളവനുമായിരിക്കണം. ഭ്രാന്തൻ, ഉന്മത്തൻ, ചെറിയ കുട്ടികൾ എന്നിവർ നടത്തുന്ന കച്ചവടം സാധുവല്ല. ഖുർആൻ പറയുന്നു:

‘അല്ലാഹു നിങ്ങളുടെ നിലനിൽപ്പിന് ആധാരമായി നിശ്ചയിച്ച സമ്പത്ത് കാര്യബോധമില്ലാത്തവർക്ക് നിങ്ങൾ കൈവിട്ടുകൊടുക്കരുത്. എന്നാൽ, അതിൽനിന്ന് അവർക്ക് നിങ്ങൾ ഉണ്ണാനും ഉടുക്കാനും കൊടുക്കുക. അവരോട് നല്ല വാക്കു പറയുകയും ചെയ്യുക.’ (അന്നിസാഅ്:5)

ഇടപാട് നടത്തുമ്പോൾ തൃപ്തിയും സ്വയം തീരുമാനവുമുണ്ടായിരിക്കണം. തൃപ്തിയില്ലാതെ മറ്റൊരാളുടെ നിർബന്ധത്തിനു വഴങ്ങി ചെയ്യുന്ന കച്ചവടം സാധുവല്ല. ലഭ്യമല്ലാത്തതും കൈമാറാൻ കഴിയാത്തതുമായ വസ്തുക്കൾ കച്ചവടം ചെയ്തുകൂടാ. വിൽപ്പനച്ചരക്ക് ഉപഭോക്താവിനു നൽകാൻ വിൽപ്പനക്കാരനു കഴിയണം.

മറ്റൊരു ഘടകമാണ് ക്രയവിക്രയാനുവാദം. മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള വസ്തു അദ്ദേഹത്തിന്റെ സമ്മതമില്ലാതെ വിൽപ്പന നടത്തരുത്. ഭൂമിവിൽപ്പനയിൽ കരാർ രേഖപ്പെടുത്തുകയും ഭൂമിയുടെ കൈവശാവകാശം വാങ്ങുകയും ചെയ്യുന്നതിനു മുമ്പ് ആ ഭൂമി നിലവിലെ ഉടമയുടെ സമ്മതമില്ലാതെ മറ്റൊരാൾക്ക് വിൽക്കുന്നത് ഇസ്‌ലാം നിരോധിച്ചിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ ഇന്ന് ചില റിയൽഎസ്റ്റേറ്റ് (ഭൂമികളുടെയും കെട്ടിടങ്ങളുടെയും ബിസിനസ്) ഇടപാടുകളിൽ നടക്കുന്ന മറിച്ചുവില്പന അനുവദനീയമല്ലെന്നു വ്യക്തമാണ്.

വിൽപ്പനക്കാരൻ ഏറ്റവും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടത് ഉപഭോക്താവിന്റെ കാര്യത്തിലാണ്.

ലാഭം ലഭിച്ചില്ലെങ്കിലും ഉപഭോക്താവിനെ സന്തോഷിപ്പിക്കണമെന്ന നയമാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ഖുർആനിൽ പല സ്ഥലങ്ങളിലായി ഉപഭോക്താവിനെ പരിഗണിക്കാൻ കൽപ്പിക്കുന്നതായി കാണാം: ‘നിങ്ങൾ അളന്നുകൊടുക്കുകയാണെങ്കിൽ അളവ് തികച്ചു കൊടുക്കുക. ശരിയായ തുലാസുകൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും.’ (ഖുർആൻ 15:38)

അനർഹമായ സ്വത്ത് ഒരിക്കലും നമ്മുടെ കയ്യിൽ വന്നു ചേരരുത്. സാമ്പത്തിക ശുദ്ധി ദൈവഭക്തിയുടെ പ്രധാന അളവുകോലായാണ് മതം പരിചയപ്പെടുത്തിയത്. സാമ്പത്തികബാധ്യത ബാക്കിവച്ച് മരണമടയുന്നവർക്ക് എത്ര സച്ചരിതനായാലും മറ്റുള്ളവർ അതേറ്റെടുത്തു കൊടുത്തു വീട്ടുന്നതുവരെ, സ്വർഗപ്രവേശനം തടയപ്പെടുമെന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്.

ഇടപാട് നടത്തുമ്പോൾ തൃപ്തിയും സ്വയം തീരുമാനവുമുണ്ടായിരിക്കണം. തൃപ്തിയില്ലാതെ മറ്റൊരാളുടെ നിർബന്ധത്തിനു വഴങ്ങി ചെയ്യുന്ന കച്ചവടം സാധുവല്ല. ലഭ്യമല്ലാത്തതും കൈമാറാൻ കഴിയാത്തതുമായ വസ്തുക്കൾ കച്ചവടം ചെയ്തുകൂടാ. വിൽപ്പനച്ചരക്ക് ഉപഭോക്താവിനു നൽകാൻ വിൽപ്പനക്കാരനു കഴിയണം.

വഞ്ചനാപരമായ കച്ചവടങ്ങൾ

കരാറിലേർപ്പെടുന്നവരിൽ ഒരു കക്ഷിയുടെ പണനഷ്ടവും അപകടസാധ്യതയും ഉറപ്പുള്ള കച്ചവടങ്ങളാണിത്. ഉദാഹരണമായി, ഉണ്ടോ ഇല്ലയോ എന്നറിയാത്ത വസ്തുക്കൾ, കുറവാണോ കൂടുതലാണോ എന്നറിയാത്ത വസ്തുക്കൾ, കരാർ സമയത്ത് കൊടുക്കാൻ കഴിയാത്ത വസ്തുക്കൾ തുടങ്ങിയവയുടെ കച്ചവടം.

നിശ്ചിത വില നിർണയിക്കപ്പെടുന്ന ഓഹരിക്കച്ചവടങ്ങളിൽ കുറഞ്ഞ വില തന്നെ ലഭിക്കുമ്പോൾ ഷെയർ (പണം നൽകി എന്നതറിയിക്കുന്ന രേഖ, അല്ലെങ്കിൽ കടപത്രം) വാങ്ങിയവൻ വഞ്ചിക്കപ്പെടുന്നു. കുറഞ്ഞ ലാഭം ലഭിക്കുന്ന സമയത്തും നിശ്ചയിക്കപ്പെട്ട കൂടുതൽ വില കൊടുക്കേണ്ടതുകൊണ്ട് ഷെയർ വിൽക്കുന്നവനും വഞ്ചിക്കപ്പെടുന്നു. ഇസ്‌ലാം ഈ രീതിയും നിരോധിച്ചിട്ടുണ്ട്. നബി(സ) പറഞ്ഞു: 'നാം ഒരാളെ ഒരു ഉത്തരവാദിത്തം ഏൽപിക്കുകയും അയാൾ ഒരു സൂചിയോ അതിനെക്കാൾ ചെറുതോ വലുതോ ആയ എന്തെങ്കിലും മറച്ചുവക്കുകയും ചെയ്താൽ അത് വഞ്ചനയാണ്. അതുമായി അന്ത്യനാളിൽ അവൻ വരും.'

കല്ലെറിഞ്ഞു കച്ചവടം നടത്തുന്ന ഒരു സമ്പ്രദായം ജാഹിലിയ്യാ കാലത്ത് നിലവിലുണ്ടായിരുന്നു. ചരക്കുകൾക്കു നേരെ കല്ലെറിയുന്നു, കല്ല് വീഴുന്ന സാധനം വിൽക്കപ്പെട്ടതായി പരിഗണിക്കുകയും ചെയ്യുന്നു. ഭൂവിൽപനയിലും ഈ ശിലാപ്രയോഗം നടക്കാറുണ്ട്. ഒരിടത്തുനിന്ന് കല്ലെറിയുന്നു. കല്ല് വീഴുന്നിടം ഉപഭോക്താവിന് അവകാശപ്പെട്ടതായി ഗണിക്കുന്നു. ചതിക്കും നഷ്ടത്തിനും സാധ്യതയുള്ള ഇത്യാദി എല്ലാ വ്യാപാരങ്ങളും ഇസ്‌ലാം വിലക്കിയതായി കാണാം. ചതി സാധ്യതയുള്ള കച്ചവടം കൊണ്ടുദ്ദേശ്യം അന്ത്യഫലം അറിയപ്പെടാത്ത, അഥവാ ഉണ്ടാകുമോ ഇല്ലയോ എന്നറിയാൻ കഴിയാത്ത പന്തയസ്വഭാവമുള്ള വ്യാപാരമാണെന്ന് മഹാന്മാർ വിശദീകരിച്ചിട്ടുണ്ട്.

സമൂഹത്തിൽ നടക്കുന്ന എല്ലാ വ്യാപാര മേഖലകളിലും വിശ്വാസിക്ക് കയറിച്ചെല്ലാൻ പാടില്ല. ഇസ്‌ലാം കച്ചവടങ്ങൾക്ക് നിശ്ചിത അതിർത്തി നിർണയിച്ചിട്ടുണ്ട്. ഇത് മറികടന്ന് കച്ചവടം ചെയ്യൽ അനുവദനീയമല്ല. നബി(സ) പഠിപ്പിച്ച, ചെയ്തു കാണിച്ച കച്ചവടരീതി നീതിനിഷ്ഠവും സൗഹൃദപൂർണ്ണവുമാണ്.

പുതിയകാലത്ത് മുന്തിയ ഇനം വസ്തുക്കൾ വാങ്ങാൻ ജനങ്ങൾ നിർബന്ധിപ്പിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. എന്നാൽ, അനുവദിക്കപ്പെട്ട കാര്യങ്ങൾക്കായി അമിതമായി ചെലവഴിക്കുകയോ അനുവദനീയമല്ലാത്തവക്കുവേണ്ടി പണം നഷ്ടപ്പെടുത്തുകയോ ചെയ്യരുതെന്നാണ് ഇസ്‌ലാമിന്റെ കല്പന. തന്റെ ധനം എങ്ങനെ സമ്പാദിച്ചുവെന്നും എങ്ങനെ ചെലവഴിച്ചുവെന്നും മനുഷ്യൻ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

ഉപഭോക്താവ്

നാമെല്ലാം ഉപഭോക്താക്കളാണ്. ആവശ്യമുള്ളവയും അല്ലാത്തതുമായ സാധനങ്ങൾ വാങ്ങിക്കാൻ കടയിൽ കയറിയിറങ്ങുന്നവരാണ്. പുതിയകാലത്ത് മുന്തിയ ഇനം വസ്തുക്കൾ വാങ്ങാൻ ജനങ്ങൾ നിർബന്ധിപ്പിക്കപ്പെടുന്ന സാഹചര്യമാണുള്ളത്.

എന്നാൽ, അനുവദിക്കപ്പെട്ട കാര്യങ്ങൾക്കായി അമിതമായി ചെലവഴിക്കുകയോ അനുവദനീയമല്ലാത്തവക്കുവേണ്ടി പണം നഷ്ടപ്പെടുത്തുകയോ ചെയ്യരുതെന്നാണ് ഇസ്‌ലാമിന്റെ കല്പന. തന്റെ ധനം എങ്ങനെ സമ്പാദിച്ചുവെന്നും എങ്ങനെ ചെലവഴിച്ചുവെന്നും മനുഷ്യൻ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

ഉപഭോഗമേഖലയിൽ മിതത്വമാണ് സ്വീകരിക്കേണ്ടത്. അമിതമായി ചെലവഴിച്ച് ധൂർത്തടിക്കുകയോ ഒട്ടും ചെലവഴിക്കാതെ പിശുക്ക് കാണിക്കുകയോ ചെയ്യരുത്. 'നിന്റെ കൈ നീ പിരടിയിൽ കെട്ടിവെക്കരുത്, അതിനെ മുഴുവനായി നിവർത്തിയിടുകയുമരുത്. അങ്ങനെ ചെയ്താൽ നീ ആക്ഷേപിക്കപ്പെട്ടവനും നഷ്ടപ്പെട്ടവനുമായിത്തീരും' (ഇസ്‌റാഅ് 29) എന്ന് ഖുർആൻ പറയുന്നുണ്ടല്ലോ.

'നിശ്ചയം ധൂർത്തന്മാർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാചോ, തന്റെ നാഥനോട് നന്ദികെട്ടവനും' (ഇസ്‌റാഅ് 27) എന്നും വിശുദ്ധ ഖുർആനിൽ കാണാം.

വിൽപ്പനച്ചരക്ക്

വ്യക്തിക്കോ സമൂഹത്തിനോ ഉപകാരമില്ലാത്തതോ ഉപദ്രവകരമായതോ ആയ വസ്തുക്കളുടെ ഉൽപാദനവും വിതരണവും ഇസ്‌ലാം നിരോധിച്ചിട്ടുണ്ട്. അത്തരം മാർഗങ്ങളിലൂടെയുള്ള ധനസമ്പാദനം അന്യായമാണ്. വിശ്വാസം, ശരീരം, സന്താനം, ബുദ്ധി, സമ്പത്ത് എന്നീ അഞ്ച് കാര്യങ്ങളുടെ സംരക്ഷണമാണ് ഇസ്‌ലാമിക കർമശാസ്ത്ര ലക്ഷ്യം. ഇവയുടെ സംരക്ഷണത്തിന് പോറലേൽപ്പിക്കുന്ന മദ്യം, മയക്കുമരുന്ന്

തുടങ്ങിയ ഉപദ്രവകരമായ വസ്തുക്കളുടെ ഇടപാട് സാധുവല്ല. കച്ചവടവസ്തു ശുദ്ധിയുള്ളതും അനുവദിക്കപ്പെട്ടതുമായിരിക്കണം. പന്നി, സംഗീതോപകരണങ്ങൾ, ചാണകം തുടങ്ങിയ വസ്തുക്കളുടെ വിൽപ്പന അനുവദനീയമല്ലെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

നിലവിലില്ലാത്തതോ, കൈവശം ലഭിച്ചിട്ടില്ലാത്തതോ ആയ, പറന്നുകൊണ്ടിരിക്കുന്ന പക്ഷി പോലെയുള്ള വസ്തുക്കളെയും കച്ചവടം ചെയ്യാവതല്ല. കടമിടപാടും വിൽപനയും ഒന്നിച്ചുചെയ്യുന്നതും ഒരു വിൽപനയിൽ (വിരുദ്ധമായ) രണ്ടു നിബന്ധനകൾ ഉൾപ്പെടുത്തുന്നതും കൈവശമില്ലാത്തത് വിൽക്കുന്നതും ഉത്തരവാദിത്തമില്ലാത്തവയുടെ ലാഭമെടുക്കുന്നതും നബി(സ) നിരോധിച്ചിരിക്കുന്നുവെന്ന് ഹദീസുകളിൽ കാണാം.

വില നിശ്ചയിക്കൽ

സ്വന്തമായി നിർമിച്ച ഉത്പന്നത്തിന് ഇഷ്ടപ്രകാരം വില നിശ്ചയിക്കൽ അനുവദനീയമല്ല.

വിൽപ്പന നടത്തുന്ന പ്രദേശത്ത് കച്ചവടക്കാർ സാധാരണ എത്രയാണോ ആ വസ്തുവിന് ലാഭമെടുക്കാറുള്ളത് അത്രയും ലാഭം മാത്രം സ്വീകരിക്കുക എന്നതാണ് ഉത്തമം. അതിലേറെ ലാഭം നൽകാൻ ഒരാൾ തയ്യാറാണെങ്കിൽ പോലും അത് വേണ്ടെന്നുവെക്കുകയാണ് ഏറ്റവും നല്ല രീതി എന്ന് കച്ചവടത്തിലെ നന്മ വിശദീകരിക്കുന്നിടത്ത് ഇമാം ഗസാലി(റ) പറഞ്ഞിട്ടുണ്ട്.

ചരക്കു വിൽക്കാൻ മാർക്കറ്റിലേക്കു കൊണ്ടുപോകുന്നവർ അവിടെയെത്തി വിലയറിയുന്നതിനു മുമ്പ് വസ്തു വില പറഞ്ഞു വാങ്ങുന്ന രീതി തിരുനബി(സ) നിരോധിച്ചിട്ടുണ്ട്. വസ്തുവിന്റെ മാർക്കറ്റ്‌വില വിൽപനക്കാരനും ഉപഭോക്താവും അറിഞ്ഞിരിക്കണം. ഗ്രാമങ്ങളിൽ താമസിക്കുന്നവർ പട്ടണത്തിലെത്തുന്നതിന് മുമ്പ് കുറഞ്ഞ വിലക്ക് വസ്തുക്കൾ കച്ചവടമാക്കുകയും പിന്നീട് അതിനെക്കാൾ ഉയർന്ന നിരക്കിൽ മാർക്കറ്റിൽ വിൽക്കുകയും ചെയ്യുന്ന ഇടനിലക്കാരുടെ പ്രവർത്തനം ശരിയല്ലെന്നു വ്യക്തം. 'നജ്ശ്' എന്ന കച്ചവട രീതിയും നിരോധിക്കപ്പെട്ടതാണ്. അഥവാ രണ്ടു പേർ രഹസ്യധാരണയിലെത്തി ചരക്കു വാങ്ങാൻ വരുന്നവരുടെ മുമ്പിൽ അഭിനയിക്കുന്ന രീതിയാണിത്. നിശ്ചിത ചരക്ക് അമിതവിലക്ക് വാങ്ങാമെന്ന് ഒരാൾ പറയുന്നു. യഥാർഥ ഉപഭോക്താവ് കബളിപ്പിക്കപ്പെടുന്നു. അതിലും ഉയർന്ന വിലക്ക് അയാൾ വസ്തു വാങ്ങേണ്ടി വരുന്ന അവസ്ഥയാണിത്. ഇത്തരം പ്രവർത്തനങ്ങളെ ഇസ്‌ലാം നിരോധിച്ചതായി ഹദീസുകളിൽ കാണാം.



ഇല്ലാത്ത വിശേഷണങ്ങൾ പറഞ്ഞും ന്യൂനതകൾ മറച്ചുവെച്ചും വലിയ വില പറയുന്നത് നമ്മുടെ നാടുകളിൽ സാധാരണ കാഴ്ചയാണ്. ജനങ്ങളെ വഞ്ചിക്കുന്ന ഇത്തരം ഇടപാടുകൾ അനുവദനീയമല്ല. അങ്ങാടിയിൽ വിൽപ്പന നടത്തുന്ന ഒരു ധാന്യക്കച്ചവടക്കാരന്റെ പാത്രത്തിൽ കൈയിട്ടപ്പോൾ നനവനുഭവപ്പെട്ടു. നബി(സ) കാരണം തിരക്കി. മഴ നനഞ്ഞതാണെന്ന് കച്ചവടക്കാരൻ മറുപടി പറഞ്ഞു. നബി(സ) ചോദിച്ചു: 'എന്നാൽ, ജനങ്ങൾ കാണുന്നവിധം നനഞ്ഞ ധാന്യങ്ങൾ മുകളിൽ വെച്ച് കച്ചവടം ചെയ്തുകൂടേ? നിശ്ചയം, മറച്ചുവെക്കുന്നവൻ നമ്മിൽ പെട്ടവനല്ല.'

കച്ചവടക്കാർക്കിടയിൽ സാധാരണമായ ഒന്നാണ് പൂഴ്ത്തിവെപ്പ് (Speculation). സാധനങ്ങളുടെ ലഭ്യത (Supply) കൂടുന്ന സമയത്ത് അവ പൂഴ്ത്തിവെക്കുകയും ആവശ്യം (Demand) വർധിക്കുമ്പോൾ ഉയർന്ന വിലക്ക് വിൽക്കുകയും ചെയ്യുന്ന രീതിയാണിത്. ഇത്തരം പ്രവർത്തനങ്ങൾ മാർക്കറ്റിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്ന കാര്യം തീർച്ചയാണ്. ശപിക്കപ്പെട്ടവൻ, കുറ്റക്കാരൻ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് അകന്നവൻ തുടങ്ങിയ വിശേഷണങ്ങളാണ് പൂഴ്ത്തിവെപ്പുകാരന് നബി(സ) നൽകിയത്.

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി

ഹൃദയ വിശുദ്ധിക്ക് 22 മാർഗങ്ങൾ

വിശ്വാസിയുടെ വ്യക്തിഗുണങ്ങളിൽ പ്രധാനമാണ് ഹൃദയവിശുദ്ധി. ഹൃദയമാണ് അവയവങ്ങളുടെ രാജാവ്. മറ്റു അവയവങ്ങൾ ഹൃദയത്തിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണ്. ഭരണാധികാരിക്ക് സേവനം ചെയ്യുന്ന സേവകരെന്ന പോലെ ഹൃദയത്തിനുവേണ്ടി മറ്റവയവങ്ങൾ സേവനം ചെയ്യുന്നു.

അല്ലാഹുവിന്റെയടുത്ത് സ്വീകാര്യത നേടുന്നതിനും തന്മൂലം ഉന്നതമായ വിജയം കൈവരിക്കുന്നതിനും അല്ലാഹുവിൽ നിന്ന് അകലുന്നതിനും അതുമൂലം പരാജയമേൽക്കുന്നതിനുമെല്ലാം കാരണം ഹൃദയം തന്നെയാണ്. തിരുനബി(സ) പഠിപ്പിക്കുന്നു: 'ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിച്ചു. ഹൃദയമാണത്.' (ബുഖാരി, മുസ്‌ലിം)

ശാരീരികാരോഗ്യം പോലെ മാനസികാരോഗ്യത്തിനും ഇസ്‌ലാം വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മനസ്സിന്റെ ആരോഗ്യത്തെ തകർക്കുന്ന അസൂയ, അഹങ്കാരം, ദുരഭിമാനം, വൈരാഗ്യം തുടങ്ങിയ ദുർഭാവങ്ങളെക്കുറിച്ച് ഇസ്‌ലാം ഉദ്ബോധപ്പിച്ചിട്ടുണ്ട്.

ഹൃദയത്തിന്റെ പ്രകാശമനുസരിച്ചാണ് അവയവങ്ങളിലൂടെ സദ്പ്രവർത്തങ്ങളുണ്ടാകുന്നത്. ഹൃദയത്തിന്റെ ഇരുട്ടിനനുസരിച്ച് അവയവങ്ങളിൽ നിന്ന് ദുഷ്കർമങ്ങൾ പ്രകടമാവുകയും ചെയ്യും. അതുകൊണ്ട് ഹൃദയത്തെ മനസ്സിലാക്കുകയും അത് പ്രകാശിക്കാനാവശ്യമായത് ചെയ്യുകയും വേണം. ശരീരത്തെ ബാധിക്കുന്ന രോഗങ്ങളെ ചികിത്സിക്കുന്ന നിയമങ്ങൾ നിർണയിക്കാൻ വൈദ്യശാസ്ത്രം തീവ്രപരിശ്രമം നടത്തുന്നുണ്ട്. ശരീരത്തിന്റെ രോഗം കൊണ്ട് നശ്വരമായ ജീവിതത്തിന്റെ നഷ്ടം മാത്രമാണുണ്ടാവുക. എന്നാൽ ഹൃദയരോഗങ്ങൾ ശാശ്വതമായ സൗഖ്യം നഷ്ടപ്പെടുത്തുന്നവയാണ്. അതിന്റെ ചികിത്സകളെക്കുറിച്ച് പഠിക്കുന്നതിനാണ് നാം കൂടുതൽ പരിഗണന നൽകേണ്ടത്. യഥാസമയം ഹൃദയത്തിനു ചികിത്സ നൽകാതിരുന്നാൽ രോഗങ്ങൾ കുമിഞ്ഞുകൂടുകയും നാശത്തിനു വിധേയമാവുകയും ചെ

നല്ല മനസ്സുണ്ടാകുമ്പോഴാണ് നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും നന്നാവുക. മനോഭാവം മോശമായാൽ ഇവയെല്ലാം ചീത്തയാകും. നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും ഉയർന്ന നിലവാരമുള്ളതാകാൻ മനോഭാവം നന്നാക്കണം. അതിനു മനസ്സിനെ നിയന്ത്രിച്ച് ചിട്ടപ്പെടുത്താൻ വലിയ അധ്വാനവും ശ്രദ്ധയും ആവശ്യമുണ്ട്. അലസമായ ജീവിതം നയിക്കുന്നവരുടെ മനസ്സ് അലസവും അശുദ്ധവുമായിത്തീരും.

യ്യും.

നല്ല മനസ്സുണ്ടാകുമ്പോഴാണ് നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും നന്നാവുക. മനോഭാവം മോശമായാൽ ഇവയെല്ലാം ചീത്തയാകും. നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും ഉയർന്ന നിലവാരമുള്ളതാകാൻ മനോഭാവം നന്നാക്കണം. അതിനു മനസ്സിനെ നിയന്ത്രിച്ച് ചിട്ടപ്പെടുത്താൻ വലിയ അധ്വാനവും ശ്രദ്ധയും ആവശ്യമുണ്ട്. അലസമായ ജീവിതം നയിക്കുന്നവരുടെ മനസ്സ് അലസവും അശുദ്ധവുമായിത്തീരും. ദുർവിചാരങ്ങളിൽ നിന്നും ദുർമോഹങ്ങളിൽ നിന്നും മുക്തമാക്കി മനസ്സിനെ വിമലീകരിക്കാൻ കഴിയണം.

തന്നിഷ്ടവും ദുരാഗ്രഹവും മനുഷ്യമനസ്സുകളെ മലിനമാക്കും. തിരുനബി(സ)യെ പ്രശംസിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: 'അവർ തന്നിഷ്ടപ്രകാരം സംസാരിക്കുന്നില്ല. അതവർക്ക് (അല്ലാഹുവിൽ നിന്നുള്ള) സന്ദേശമായി നൽകപ്പെടുന്നത് മാത്രമാണ്. ശക്തമായ കഴിവുള്ളവരാണ് (ജിബ്രീൽ) അവരെ പഠിപ്പിച്ചിട്ടുള്ളത്. അവരാകട്ടെ അത്യുന്നതമായ മണ്ഡലത്തിലായിരുന്നു.' (അന്നജ്മ്:3-7)

തന്നിഷ്ടപ്രകാരമുള്ള ജീവിതത്തെ ഇസ്‌ലാം നഖശിഖാന്തം എതിർത്തിട്ടുണ്ട്. അല്ലാഹു പ്രവാചകർക്ക് നൽകിയ നിർദ്ദേശങ്ങളിലും ഈ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: 'ഹേ; ദാവൂദ്, തീർച്ചയായും താങ്കളെ നാം ഭൂമിയിൽ ഒരു ഭരണാധികാരിയാക്കിയിരിക്കുന്നു. ആകയാൽ ജനങ്ങൾക്കിടയിൽ ന്യായപ്രകാരം താങ്കൾ വിധിക്കുക. തന്നിഷ്ടത്തെ പിന്തുടർന്നുപോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് താങ്കളെ വഴി തെറ്റിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തെറ്റിപ്പോകുന്നവർക്ക് തന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്.' (സ്വാദ്: 26)

മറ്റൊരു സൂക്തത്തിൽ ഇക്കാര്യം കൂടുതൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരാകണം; അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. വ്യക്തി ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാണ്. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. വളച്ചൊടിക്കുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യുന്ന പക്ഷം

തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അല്ലാഹു അറിയുന്നവനാണ്.' (നിസാഅ്:135)

തന്നിഷ്ടപ്രകാരമുള്ള ജീവിതരീതി പ്രപഞ്ചഘടനയെയും മനുഷ്യന്റെ ജീവിതരീതിയെയും ദോഷകരമായി ബാധിക്കുമെന്നും അത്തരം അക്രമപ്രവർത്തനങ്ങളെ അല്ലാഹു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നും വിശുദ്ധ ഖുർആനിലുണ്ട്. അല്ലാഹു പറയുന്നു: 'സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം നാശത്തിലാകുമായിരുന്നു.' (മുഅ്മിനൂർ: 71) 'ധാരാളം പേർ യാതൊരു വിവരവുമില്ലാതെ തന്നിഷ്ടങ്ങൾക്കനുസരിച്ച് പിഴപ്പിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും താങ്കളുടെ രക്ഷിതാവ് അതിക്രമകാരികളെപ്പറ്റി നന്നായി അറിയുന്നവനാണ്.' (അൻആം: 119) മറ്റൊരു സൂക്തം കാണുക: 'അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് തടഞ്ഞു നിർത്തുകയും ചെയ്തുവോ അവന്ന് സ്വർഗമാണഭയം' (അന്നാസിആത്: 40,41) മറ്റൊരു വചനത്തിൽ ഇങ്ങനെയും കാണാം: 'താങ്കൾ പറയുക: വേദക്കാരേ, സത്യത്തിനെതിരായി മതകാര്യത്തിൽ നിങ്ങൾ അതിരുകടക്കരുത്. മുമ്പേ പിഴച്ചുപോവുകയും, ധാരാളം പേരെ വഴിപിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് തെറ്റിപ്പോവുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്.' (മാഇദ: 77)

തന്നിഷ്ടത്തിനു വഴങ്ങി അനാവശ്യമായ ഇടപെടലുകളിലേക്കും ചിന്തകളിലേക്കും ഹൃദയം പോകാൻ ശ്രമിക്കുമ്പോൾ അവയെ നിയന്ത്രിക്കാൻ ശരിയായ ചിന്തകളാണ് വേണ്ടത്. ബൗദ്ധികമായ ഉണർവും സാഹചര്യങ്ങൾക്കനുസരിച്ചുള്ള ബോധവും ശരിയായ ചിന്താശേഷിയും യഥാർത്ഥ രൂപത്തിൽ ഉപയോഗിക്കുമ്പോൾ മാത്രമാണ് ഒരാൾക്ക് ഇത്തരത്തിലുള്ള പൈശാചിക ദുർബോധനങ്ങളിൽ നിന്ന് മുക്തനാകാൻ സാധിക്കുന്നത്. അതിനു സഹായകമായ ചില മാർഗങ്ങൾ ശ്രദ്ധിക്കുക.

നല്ല മനസ്സുണ്ടാകുമ്പോഴാണ് നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും നന്നാവുക. മനോഭാവം മോശമായാൽ ഇവയെല്ലാം ചീത്തയാകും. നമ്മുടെ വാക്കുകളും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും ഉയർന്ന നിലവാരമുള്ളതാകാൻ മനോഭാവം നന്നാക്കണം. അതിനു മനസ്സിനെ നിയന്ത്രിച്ച് ചിട്ടപ്പെടുത്താൻ വലിയ അധ്വാനവും ശ്രദ്ധയും ആവശ്യമുണ്ട്. അലസമായ ജീവിതം നയിക്കുന്നവരുടെ മനസ്സ് അലസവും അശുദ്ധവുമായിത്തീരും.

1 അനാവശ്യ ചിന്തകളിലേക്ക് പോകില്ലെന്ന ദൃഢനിശ്ചയമുണ്ടാവുക.

2 ദുഷ്ചിന്തകളിൽ നിന്ന് ഹൃദയത്തെ സംരക്ഷിച്ചാൽ അല്ലാഹുവിന്റെയടുക്കലും സജ്ജനങ്ങളുടെയടുക്കലും ലഭിക്കുന്ന സ്ഥാനമാണ് ഒരു നിമിഷത്തെ ശരീരേച്ഛക്ക് വഴിപ്പെടുന്നതിനെക്കാൾ മഹത്തരമെന്ന ബോധമുണ്ടാവുക.

3 പാപത്തിന്റെ സുഖത്തെക്കാൾ വിശുദ്ധിയുടെ സുഖത്തിനും അഭിമാനത്തിനും മാധുര്യത്തിനും മുൻഗണന നൽകുക.

4 താൻ ശരീരേച്ഛകൾ നടപ്പിലാക്കുന്നതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ലെന്നും മഹത്തായ ജീവിതലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ടവനാണെന്നുമുള്ള ചിന്തയുണ്ടാവുക.

5 ദുഷ്ചിന്തകൾക്ക് വഴിപ്പെട്ട് മൃഗത്തെക്കാൾ അധഃപതിച്ചുപോകരുതെന്ന ബോധമുണ്ടാവുക. കാരണം മൃഗങ്ങൾ പോലും അവയുടെ പ്രകൃതിക്കനുസരിച്ച് ഉപകാരപ്രദവും ഉപദ്രവകരവുമായ വിഷയങ്ങൾ മനസ്സിലാക്കുകയും ഉപദ്രവകരമായ കാര്യങ്ങൾ അവഗണിക്കുകയും ഉപകാരപ്രദമായ കാര്യങ്ങൾ പരിഗണിക്കുകയും ചെയ്യുന്നുണ്ട്. സവിശേഷ ബുദ്ധിയുള്ള മനുഷ്യൻ, ഉപകാരമുള്ളതും ഉപദ്രവമുള്ളതും വേർതിരിച്ച് മനസ്സിലാക്കി, അതിനനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ മൃഗസ്വഭാവമാണ് കൂടുതൽ ഉത്തമം.

6 ദുഷ്ചെയ്തികളുടെ അനന്തരഫലങ്ങളെക്കുറിച്ചുള്ള ആലോചന ഹൃദയത്തിൽ കൊണ്ടുവരിക. ദുഷ്ചെയ്തികൾ സർവ്വ സൽപ്രവർത്തനങ്ങളെയും തടയുന്നതാണെന്ന വ്യക്തമായ ധാരണയുണ്ടാവുക.

7 ദുരാഗ്രഹങ്ങൾക്ക് പിന്നാലെ പോകുന്നതുകൊണ്ട് ജീവിതത്തിൽ അഭിമാനത്തിനു പകരം അപമാനം മാത്രമാണുണ്ടാവുക എന്ന് തിരിച്ചറിയുക.

8 ദുരാഗ്രഹങ്ങൾക്ക് കടിഞ്ഞാണിടുമ്പോഴാണ് പിശാചിന്റെ കെണിയിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുക എന്ന് മനസ്സിലാക്കുക. ദൃഢനിശ്ചയക്കുറവും ബലഹീനതയുമുള്ളവരെ പിശാച് താൻ ഉദ്ദേശിക്കുന്ന വിധത്തിൽ പിഴപ്പിക്കുകയും ഉദ്ദേശിക്കുന്നിടത്തേക്ക് കൂട്ടിക്കൊണ്ടു പോവുകയും ചെയ്യും. അതേസമയം ദൃഢനിശ്ചയവും മനക്കരുത്തുമുള്ളവരിൽ നിന്ന് പിശാച് പിൻവാങ്ങുകയും ചെയ്യും.

9 ദുഷ്ടചിന്തകൾ കലർന്ന എല്ലാ സത്കർമ്മവും ദുഷിച്ചതാ

> **പിശാചിന് ദുഷ്ചിന്തകളിലൂടെയല്ലാതെ മനുഷ്യനിലേക്ക് പ്രവേശമില്ല എന്ന അറിവുണ്ടാവുക. ഏതു വഴിയിലൂടെയാണ് മനുഷ്യമനസ്സിലേക്ക് കടക്കുകയെന്ന് നിരീക്ഷിച്ചു കൊണ്ടേയിരിക്കുകയാണ് പിശാച്. ദുഷ്ചിന്തകളിലൂടെ മനുഷ്യമനസ്സുകളിൽ കയറിപ്പറ്റി സർവ്വ അവയവങ്ങളിലും വിഷം വിതറുകയാണ് പിശാച് ചെയ്യുന്നത്.**

പിന്തുടരുന്നതെന്ന് താങ്കൾ അറിയുക. അല്ലാഹുവിൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? തീർച്ചയായും അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.' (ഖസസ്:50) 'അറിവ് കിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നിങ്ങൾ പിൻപറ്റിയാൽ അല്ലാഹുവിൽ നിന്ന് നിങ്ങളെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല.' (അൽബഖറ:120)

കുമെന്ന തിരിച്ചറിവുണ്ടാവുക. ഭൗതിക വിരക്തിയിൽ ശരീരേച്ഛ കലർന്നാൽ അത് ലോകമാന്യവും വിനയ സ്വഭാവത്തിൽ ദുഷ്ചിന്തകൾ വന്നാൽ അത് അഹങ്കാരവും ആയിത്തീരുമല്ലോ.

10 പിശാചിന് ദുഷ്ചിന്തകളിലൂടെയല്ലാതെ മനുഷ്യനിലേക്ക് പ്രവേശമില്ല എന്ന അറിവുണ്ടാവുക. ഏതു വഴിയിലൂടെയാണ് മനുഷ്യമനസ്സിലേക്ക് കടക്കുകയെന്ന് നിരീക്ഷിച്ചു കൊണ്ടേയിരിക്കുകയാണ് പിശാച്. ദുഷ്ചിന്തകളിലൂടെ മനുഷ്യമനസ്സുകളിൽ കയറിപ്പറ്റി സർവ്വ അവയവങ്ങളിലും വിഷം വിതറുകയാണ് പിശാച് ചെയ്യുന്നത്.

11 തന്നിഷ്ടങ്ങളെ പിന്തുടരുകയെന്നത് അല്ലാഹു തിരുനബി (സ)ക്ക് അവതരിപ്പിച്ചു നൽകിയതിന് വിരുദ്ധമായ കാര്യമാണ്. 'ഇനി താങ്കൾക്കവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണവർ

12 യഥാർത്ഥ വഴിയിൽ നിന്ന് പിന്തിരിഞ്ഞു തന്നിഷ്ടങ്ങളെ പിന്തുടരുന്നവരെ നികൃഷ്ട ജീവികളോടാണ് അല്ലാഹു ഉപമിച്ചിരിക്കുന്നത്. 'അവർക്കെന്തു പറ്റി? അവർ ഉദ്ബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുന്നവരായിരിക്കുന്നു. അവർ സിംഹത്തിൽ നിന്ന് ഓടിരക്ഷപ്പെടുന്ന വിറളി പിടിച്ച കഴുതകളെപ്പോലെയായിരിക്കുന്നു.' (മുദ്ദസിർ: 49-51) 'പക്ഷേ, അവൻ ഭൂമിയിലേക്ക് തിരിയുകയും അവന്റെ തന്നിഷ്ടത്തെ

പിൻപറ്റുകയുമാണ് ചെയ്തത്. അവന്റെ ഉപമ ഒരു നായയുടേത് പോലെയാകുന്നു.' (അഅ്റാഫ്: 176)

13 ദുരാഗ്രഹങ്ങളെ പിന്തുടരുന്നവരെ പിൻപറ്റരുതെന്ന് അല്ലാഹു ഖുർആനിൽ നിർദ്ദേശിച്ചിട്ടുണ്ട്.

'ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയിൽ നിന്നു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരു കടന്നതായിരിക്കുകയും ചെയ്തുവോ, അവനെ നിങ്ങൾ അനുസരിച്ചു പോകരുത്.' (കഹ്ഫ്:28)

14 ദുഷ്ചിന്തകളെ പിന്തുടരുന്നവരെ വിഗ്രഹാരാധകരുടെ സ്ഥാനത്താണ് അല്ലാഹു പ്രതിഷ്ഠിച്ചിട്ടുള്ളത്. 'എന്നാൽ തന്നിഷ്ടത്തെ തന്റെ ആരാധ്യനാക്കിയവനെ നിങ്ങൾ കണ്ടുവോ? അറിഞ്ഞുകൊണ്ടു തന്നെ അല്ലാഹു അവനെ പിഴപ്പിക്കുകയും, അവന്റെ ചെവിക്കും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിനു മേൽ ഒരു മൂടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ പിന്നെ അല്ലാഹുവിനു പുറമെ ആരാണവനെ നേർവഴിയിലാക്കുവാനുള്ളത്?' (ജാസിയ:23)

15 ശരീരേച്ഛകൾ നരകപ്രവേശത്തിനുള്ള വഴിയാണ്. 'പ്രയാസകരമായ കാര്യങ്ങൾ കൊണ്ട് സ്വർഗ്ഗവും ദുരാഗ്രഹങ്ങൾ കൊണ്ട് നരകവും വലയം ചെയ്യപ്പെട്ടിരിക്കുന്നു' (ഇബ്നുഹിബ്ബാൻ) എന്നാണ് ഹദീസിലുള്ളത്.

16 ശരീരത്തിന്റെ ദുഷ്ചിന്തകളെ പിന്തുടരുന്നവരിൽ നിന്ന് അവരറിയാതെ ഈമാൻ നഷ്ടമാകുന്നതാണ്.

തിരുനബി(സ) പറയുന്നു: 'ഒരാളുടെ ഇഷ്ടം ഞാൻ കൊണ്ടുവന്നതിനെ പിൻപറ്റുന്നതാകുന്നതു വരെ നിങ്ങളിൽ ഒരാളും യഥാർത്ഥ വിശ്വാസിയാവുകയില്ല.'(ബൈഹഖി)

> **ശരീരേച്ഛയും വിവേകവും മനുഷ്യമനസ്സിൽ നിരന്തരം മത്സരിക്കുന്നുണ്ട്. ഇതിൽ ഏതാണോ അതിജയിക്കുന്നത്, അതിനനുസരിച്ചാണ് അയാളുടെ കർമ്മങ്ങളുണ്ടാവുക. അബുദ്ദർദാഅ്(റ) പറയുന്നു: 'എല്ലാ പ്രഭാതത്തിലും മനുഷ്യരിലെ തന്നിഷ്ടങ്ങളും കർമ്മങ്ങളും ഒരുമിച്ചു കൂടും. കർമ്മങ്ങൾ തന്നിഷ്ടങ്ങളെ പിന്തുടർന്നാൽ അയാളുടെ ആ ദിവസം മോശമാണ്. തന്നിഷ്ടങ്ങൾ കർമ്മങ്ങളെ പിന്തുടർന്നാൽ ആ ദിവസം നല്ല ദിവസമാണ്.'**

17 ശരീരത്തിന്റെ ദുഷ്ചിന്തകളെ അവഗണിച്ചു പരിശീലിക്കുന്നവർ അമിതശക്തിയാണ് ആർജിക്കുന്നത്. നബി (സ) പറയുന്നു: 'മൽപ്പിടുത്തത്തിൽ ജയിക്കുന്നവരല്ല, കോപമുണ്ടാകുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവരാണ് യഥാർത്ഥ ശക്തർ.' (ബുഖാരി 6114, മുസ്ലിം 2609)

18 ശരീരേച്ഛയും വിവേകവും മനുഷ്യമനസ്സിൽ നിരന്തരം മത്സരിക്കുന്നുണ്ട്. ഇതിൽ ഏതാണോ അതിജയിക്കുന്നത്, അതിനനുസരിച്ചാണ് അയാളുടെ കർമ്മങ്ങളുണ്ടാവുക. അബുദ്ദർദാഅ്(റ) പറയുന്നു: 'എല്ലാ പ്രഭാതത്തിലും മനുഷ്യരിലെ തന്നിഷ്ടങ്ങളും കർമ്മങ്ങളും ഒരുമിച്ചു കൂടും. കർമ്മങ്ങൾ തന്നിഷ്ടങ്ങളെ പിന്തുടർന്നാൽ അയാളുടെ ആ ദിവസം മോശമാണ്. തന്നിഷ്ടങ്ങൾ കർമ്മങ്ങളെ പിന്തുടർന്നാൽ ആ ദിവസം നല്ല ദിവസമാണ്.'

19 ശരീരേച്ഛ രോഗമാണ്. അവയുടെ വിപാടനമാണ് അതിനുള്ള ചികിത്സ. ആത്മജ്ഞാനികളിൽ ഒരാൾ പറഞ്ഞു: 'നിനക്കു ഞാൻ രോഗവും അതിന്റെ മരുന്നും പറഞ്ഞുതരാം. നിന്റെ രോഗം തന്നിഷ്ടങ്ങളാണ്. അതിനുള്ള മരുന്ന് അതിനെ ഉപേക്ഷിക്കലും അതിന് എതിരു നിൽക്കലുമാണ്.' ബിശ്റുൽഹാഫി(റ) പറയുന്നു: 'എല്ലാ വിപത്തുകളും തന്നിഷ്ടങ്ങളിലധിഷ്ഠിതമാണ്. എല്ലാ ശമനവും അവയെ ചെറുത്തു തോൽപ്പിക്കുന്നതിലുമാണ്.'

20 ദുഷ്ചിന്തകളോടുള്ള ധർമ്മസമരമാണ് ഏറ്റവും ശ്രേഷ്ഠമായ സമരം. ഒരാൾ ഹസനുൽ ബസ്വരി(റ)യോട് ചോദിച്ചു: 'ഏറ്റവും ശ്രേഷ്ഠമായ ധർമ്മസമരമേതാണ്?' അവിടുന്ന് പറഞ്ഞു: 'നിന്റെ ദുരാഗ്രഹങ്ങൾക്കെതിരെ ധർമ്മസമരം നടത്തൽ.'

21 ശരീരേച്ഛയെ പിന്തുടരുന്നവരുടെ മുമ്പിൽ സൗഭാഗ്യത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുകയും നിന്ദ്യതയുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. ഫുളൈലുബ്നു ഇയാള്(റ) പറയുന്നു: 'ശരീരേച്ഛയും ദുരാഗ്രഹങ്ങളും ആധിപത്യം നേടിയ മനസ്സിന്റെ യുടമയ്ക്ക് സൗഭാഗ്യത്തിന്റെ കവാടങ്ങൾ കൊട്ടിയടക്കപ്പെടും.'

22 തന്നിഷ്ടങ്ങൾ വ്യക്തമായ മാർഗ്ഗച്യുതിക്കും അല്ലാഹുവിന്റെ കഠോരമായ ശിക്ഷക്കും കാരണമാണ്. 'അല്ലാഹുവിൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ, തന്നിഷ്ടത്തെ പിന്തുടർന്നവരെക്കാൾ വഴിപിഴച്ചവർ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച.' (ഖസസ്:50)

ലൈഫ്സ്റ്റൈൽ

ഫാഇസ് പട്ടുവം

ആരോഗ്യത്തിന് ആസ്വദിച്ചുറങ്ങാം

പകൽ അധ്വാനിച്ച് ക്ഷീണിക്കുന്നവർക്ക് രാത്രി സ്വസ്ഥമായൊന്നുറങ്ങുമ്പോൾ ലഭിക്കുന്ന ആശ്വാസം ചെറുതല്ല. രാത്രി വിശ്രമത്തിനുള്ള സമയമാണെന്നാണ് പരിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. ശരീരത്തിന്റെ റീചാർജിംഗ് സംവിധാനമാണ് രാത്രിയിലെ നിദ്ര. ആരോഗ്യകരമായ ഉറക്കം ശാരീരികമായ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു. ആവശ്യമായ ഉറക്കം ലഭിക്കാതാകുമ്പോൾ ആരോഗ്യത്തിന്റെ താളം തെറ്റുകയും ശരീരം ക്ഷീണിക്കുകയും അധ്വാന ശേഷി ക്രമേണ കുറയുകയും ചെയ്യുന്നു.

കാഴ്ച, കേൾവി പോലെ, വളരെ പ്രധാനപ്പെട്ട ഒരു അനുഗ്രഹം തന്നെയാണ് ഉറക്കവും. നഷ്ടപ്പെടുമ്പോഴാണ് അതിന്റെ മൂല്യം തിരിച്ചറിയുക. ആരോഗ്യ സംരക്ഷണത്തിന് വ്യായാമം, ആഹാരനിയന്ത്രണം എന്നിവ പോലെ ശരിയായ അളവിലുള്ള വിശ്രമവും അനിവാര്യമാണ്. അറിയുന്നവർ പോലും പലപ്പോഴും ജീവിതത്തിൽ അവഗണിക്കുന്ന വസ്തുതയാണിത്. ആയുഷ്കാലത്തിന്റെ ഏകദേശം മൂന്നിൽ ഒരു ഭാഗം ഉറങ്ങുന്നുവെന്നാണ് വിദഗ്ധാഭിപ്രായം.

ഉറങ്ങുന്നതിന്നും ആരോഗ്യപരവും വിശ്വാസപരവുമായ ചില ചിട്ടകൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ഉറക്കിലെ ഓർഗാനിസം

ഉറക്കിൽ പ്രധാനമായും മൂന്ന് ശരീര ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തലച്ചോറിലെ ഹൈപ്പോഥലാമസ്, ഹോർമോണുകൾ, ജൈവഘടികാരം (ബയോളജിക്കൽ ക്ലോക്ക്) എന്നിവയാണവ. ഉറങ്ങാൻ തയ്യാറെടുക്കുമ്പോൾ, ഉണർന്നിരിക്കാൻ സഹായിക്കുന്ന വസ്തുക്കളുടെ ഉല്പാദനം നിയന്ത്രിച്ച് ഉറങ്ങാൻ ആവശ്യമായ ഹോർമോണുകളുടെ ഉൽപാദനത്തിന് ഹൈപ്പോഥലാമസ് നിർദ്ദേശം നൽകുന്നു.

ഉറക്കത്തെ സഹായിക്കുന്ന ഹോർമോണാണ് മെലറ്റോണിൻ. ഈ ഹോർമോണിന്റെ ഉല്പാദനപ്രക്രിയ ആരംഭിക്കുന്നത് രാത്രിയിലാണ്. അർധരാത്രിയാകുമ്പോഴേക്ക് ഉൽപാദനപ്രക്രിയ ഏറ്റവും കൂടിയ അവസ്ഥയിലെത്തുന്നു. നേരം വെളുത്ത് വെളിച്ചം കണ്ണിലെ റെറ്റിനയിൽ പതിയുന്നതോടെ ഹോർമോൺ ഉല്പാദനം കുറഞ്ഞു വരുന്നു.

ശരീരത്തിൽ ഒരു ഘടികാരം പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ഉറക്കവും ഉണർവും മറ്റു ദൈനംദിന പ്രവർത്തനങ്ങളും ഈ ക്ലോക്കിലെ സമയക്രമമനുസരിച്ചാണ് നടക്കുന്നത്. ഇതിനെയാണ് ബയോളജിക്കൽ ക്ലോക്ക് (ജൈവഘടികാരം) എന്ന് വിളിക്കുന്നത്.

വിശ്വാസിയുടെ വിശ്രമം

രാത്രിയിൽ നേരത്തെ ഉറങ്ങി അതിരാവിലെ എഴുന്നേൽക്കുന്നതാണ് ഉത്തമമായ ഉറക്കുരീതി. ഇശാഇനു മുമ്പ് കിടന്നുറങ്ങുന്നതും ഇശാഇന് ശേഷം

അനാവശ്യമായി സംസാരിച്ചിരിക്കുന്നതും നബി(സ) നിരുത്സാഹപ്പെടുത്തിയ കാര്യമാണ്. അംഗശുദ്ധി വരുത്തിയാണ് കിടപ്പറയിലേക്കു പോകേണ്ടത്. ഉറങ്ങാനൊരുങ്ങുമ്പോൾ വിളക്കണയ്ക്കുക, കതകടയ്ക്കുക. വിരിപ്പും പുതപ്പും കുടയുക, ഉണർന്നു കഴിഞ്ഞാൽ അവ മടക്കിയൊതുക്കി വെക്കുക എന്നിവയെല്ലാം തിരുചര്യകളാണ്.

വലതുഭാഗത്തേക്ക് ചരിഞ്ഞ്, ഖിബ്‌ലക്കഭിമുഖമായി കിടക്കലാണ് ശ്രേഷ്ഠമായ രൂപം. കിടക്കാൻ നേരം ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ട ദിക്റുകൾ പതിവായി ചൊല്ലിയാൽ പൈശാചിക ശല്യങ്ങളിൽ നിന്ന് മോചനം ലഭിക്കും.

സുബ്ഹി ബാങ്കിനു മുമ്പ് എഴുന്നേറ്റ് തഹജ്ജുദ് നിസ്കരിച്ച് റബ്ബിനോട് മനമുരുകി പ്രാർത്ഥിക്കുന്നവരാണ് സജ്ജനങ്ങൾ. അധികപേരും കിടന്നുറങ്ങുന്ന സമയത്ത് എഴുന്നേറ്റ് നിസ്കരിക്കുന്നവർക്കും സ്രഷ്ടാവായ റബ്ബിനെ സ്മരിക്കുന്നവർക്കും മുന്തിയ പ്രതിഫലം ലഭിക്കുമെന്ന് ഹദീസുകളിലുണ്ട്. സൂര്യോദയത്തിനു മുമ്പ് എഴുന്നേറ്റ് സുബ്ഹി നിസ്കാരം നിർവഹിക്കൽ നിർബന്ധ ബാധ്യതയാണ്.

ഉറക്കത്തെ മരണമായും ഉണർവ്വിനെ പുനരുജ്ജീവനമായും സങ്കൽപ്പിച്ച് പരലോകത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാം. 'ഉറക്കം മരണത്തിന്റെ സഹോദരനാണ്' എന്ന ഇമാം ഗസ്സാലി(റ)വിന്റെ പരാമർശം ഇക്കാര്യം സൂചിപ്പിക്കുന്നു. ഇസ്‌ലാമിക ചിട്ടയനുസരിച്ചു ജീവിക്കുന്ന വിശ്വാസിയുടെ ഒരു നിമിഷവും പാഴാകുന്നില്ലെന്നും സുന്നത്തുകൾ പാലിച്ച് നല്ല നിയ്യത്തോടെയുള്ള ഉറക്കവും പ്രതിഫലാർഹമായ പുണ്യകർമ്മമാണെന്നും മനസ്സിലാക്കുക.

ഉറക്കത്തെ മരണമായും ഉണർവ്വിനെ പുനരുജ്ജീവനമായും സങ്കൽപ്പിച്ച് പരലോകത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാം. 'ഉറക്കം മരണത്തിന്റെ സഹോദരനാണ്' എന്ന ഇമാം ഗസ്സാലി(റ)വിന്റെ പരാമർശം ഇക്കാര്യം സൂചിപ്പിക്കുന്നു. ഇസ്‌ലാമിക ചിട്ടയനുസരിച്ചു ജീവിക്കുന്ന വിശ്വാസിയുടെ ഒരു നിമിഷവും പാഴാകുന്നില്ലെന്നും സുന്നത്തുകൾ പാലിച്ച് നല്ല നിയ്യത്തോടെയുള്ള ഉറക്കവും പ്രതിഫലാർഹമായ പുണ്യകർമ്മമാണെന്നും മനസ്സിലാക്കുക.

ഭക്ഷണവും ഉറക്കവും

കഴിക്കുന്ന ഭക്ഷണവും സമയവും ഉറക്കിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. രാത്രിഭക്ഷണം വളരെ പ്രധാനമാണ്. കഠിനമായ വിശപ്പനുഭവപ്പെടുമ്പോൾ നല്ല ഉറക്ക് ലഭിക്കില്ല. രാത്രി ഭക്ഷണം ഉറങ്ങുന്നതിനു രണ്ടോ മൂന്നോ മണിക്കൂർ മുമ്പ് കഴിക്കുന്നതാണുത്തമം. എളുപ്പം ദഹിക്കുന്ന, കൊഴുപ്പ് കുറഞ്ഞ ഭക്ഷണമാണ് നല്ലത്. എന്നാൽ വയറു നിറച്ച് കിടക്കുന്നത് ആരോഗ്യകരമായ ഉറക്കിന് യോജിച്ചതല്ല. ബാഹ്യാവയവങ്ങൾക്കും ആന്തരികാവയവങ്ങൾക്കും വിശ്രമം ലഭിക്കേണ്ട സമയമാണിത്. ഭക്ഷണം കഴിച്ചയുടൻ ആന്തരികാവയവങ്ങൾ ദഹനപ്രക്രിയയിൽ സജീവമാകുന്നു. ഉറങ്ങുമ്പോൾ ദഹനം സുഗമമായി നടന്നുകൊള്ളണമെന്നില്ല. ഇത് ഉദരരോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

കിവി, ചെറി, പാൽ, പരിപ്പിനങ്ങൾ(നട്സ്), അരി എന്നിവ ഉറക്കിനെ ഉത്തേജിപ്പിക്കുന്ന ഹോർമോണുകളുടെ അളവ് വർധിപ്പിക്കുന്നു.

അശ്വഗന്ധ, തുളസി, ഇഞ്ചി, പുതിന, ചമോമൈൽ, ലാവെൻഡർ തുടങ്ങിയ ഔഷധസസ്യങ്ങൾ ശരീരത്തെ തണുപ്പിക്കുന്ന ഘടകങ്ങൾ അടങ്ങിയതാണ്. ഉറങ്ങുന്നതിന്റെ ഏകദേശം 45 മിനിറ്റ് മുമ്പ് ഇവ പയോഗിക്കുന്നത് നല്ലതാണ്. ഇലയിൽ അനുയോജ്യമെന്നു തോന്നുന്ന ഒരു വിഭവം വെള്ളത്തിലിട്ട് ഇളംചൂടിൽ കുടിക്കുകയാണ് വേണ്ടത്. ഇത് ഉറക്കിന് സഹായകമാകുന്ന രാസപ്രവർത്തനം ത്വരിതമാക്കുകയും ഉറക്കത്തിന് തയ്യാറാകണമെന്ന സൂചന തലച്ചോറിന് നൽകുകയും ചെയ്യുന്നു.

ചായ, കോഫി തുടങ്ങിയ പാനീയങ്ങൾ ഉറങ്ങുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും ഒഴിവാക്കണം. പുകവലിയും തഥൈവ. കാരണം, ഇവയിലടങ്ങിയ കോഫീൻ, നിക്കോട്ടിൻ എന്നിവ ശരീരത്തിന് ഉന്മേഷവും ഉത്തേജനവും നൽകുന്ന വസ്തുക്കളാണ്. ഇത് സുഖകരമായ ഉറക്കിനെ പ്രതികൂലമായി ബാധിക്കും.

മാനസികാവസ്ഥ

ഉറങ്ങാൻ കിടക്കുമ്പോഴുള്ള മാനസികാവസ്ഥയും ശ്രദ്ധിക്കണം. ശാന്തമായ മനസ്സോടെയായിരിക്കണം കിടപ്പറയിലേക്ക് നീങ്ങേണ്ടത്. ജോലിയെക്കുറിച്ചുള്ള ആകുലതകൾ, ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയവ കിടപ്പറക്കു പുറത്ത് നിർത്തണം. പേടിയും സമ്മർദ്ദവുമുണ്ടാകുമ്പോൾ ശരീരത്തിലുണ്ടാകുന്ന പ്രതിപ്രവർത്തനങ്ങളുടെ ഭാഗമായി നാഡീവ്യൂഹം ജാഗ്രത പാലിക്കുന്നു. തൽഫലമായി ശരീരത്തിന് പൂർണ്ണമായ വിശ്രമം ലഭിക്കാതെ വരുന്നു.

ഉറങ്ങുന്നതിന്ന് അര മണിക്കൂർ മുമ്പെങ്കിലും മൊബൈലും മറ്റു ഡിജിറ്റൽ സംവിധാനങ്ങളും ഓഫ് ചെയ്യുന്നത് മനസ്സ് ഫ്രീയാക്കാൻ കാരണമാകുന്നു. ഉത്കണ്ഠകൾ കുറച്ച് മാനസികമായി ഉറക്കിന് സജ്ജമാക്കുന്നതിന് ശ്വസനവ്യായാമങ്ങളും സഹായകമാണ്. ഇതിൽ വളരെ ലളിതവും ഫലപ്രദവുമായ രീതിയാണ് 4-7-8 ടെക്നിക്. നാലു സെക്കൻഡ് ശ്വാസമെടുക്കുക, ഏഴ് സെക്കൻഡ് അടക്കിപ്പിടിക്കുക, എട്ട് സെക്കൻഡ് കൊണ്ട് ഉച്ഛ്വസിക്കുക എന്ന വ്യായാമരീതിയാണിത്. മനസ്സിന് സന്തോഷം പകരുന്ന പ്രവർത്തനങ്ങൾ ചെയ്യുക വഴി ഒരു പരിധി വരെ മാനസിക സമ്മർദം അകറ്റി നിർത്താൻ കഴിയും.

വിശ്രമസമയം, സ്ഥലം

പ്രായത്തിനനുസൃതമായി ആവശ്യമായ ഉറക്കിന്റെ സമയം വ്യത്യാസപ്പെടും. മുതിർന്ന വ്യക്തികൾ ആറ് മുതൽ ഏഴ് മണിക്കൂർ വരെ ഉറങ്ങണം. പത്ത് മണിക്കൂറിലധികം ഉറങ്ങുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

ഉറക്കിന്റെ ഹോർമോണായ മെലടോണിന്റെ ഉൽപാദനം രാത്രിയായതിനാൽ രാത്രിയാണ് ഉറക്കിന് അനുയോജ്യമായ സമയം. പകലുറക്കം രാത്രിയുറക്കത്തിന് പകരമാവില്ല. ശരീരത്തിന് ആവശ്യമായ അളവിൽ വിശ്രമം ലഭിച്ചില്ലെങ്കിൽ പകൽ സമയത്ത് ഉന്മേഷക്കുറവും മടിയുമുണ്ടാകും. ഓർമ കുറയാൻ കാരണമാകും. ഡിസിഷൻമേക്കിംഗിനെ ബാധിക്കും. പെട്ടെന്ന് തീരുമാനങ്ങളെടുക്കുമ്പോൾ പിഴച്ചു പോകും. ഡ്രൈവിംഗ് പോലുള്ള പ്രവർത്തനങ്ങൾക്ക് ഇത് വലിയ തടസ്സമാകും. കുട്ടികളുടെ വളർച്ചയെ സഹായിക്കുന്ന ഹോർമോണുകൾ ഉൽപാദിപ്പിക്കപ്പെടുന്നതും രാത്രിയിലാണെന്നോർക്കുക.

ഉറങ്ങുന്ന സ്ഥലം വൃത്തിയും വെടിപ്പുമുള്ളതാകണം. വായുസഞ്ചാരം വേണം. ലൈറ്റുകൾ ഓഫ് ചെയ്യണം. വെളിച്ചം ഹോർമോൺ ഉൽപാദനം മന്ദഗതിയിലാക്കും. ശബ്ദകോലാഹലങ്ങളില്ലാത്ത ശാന്തമായ അന്തരീക്ഷവും നല്ല ഉറക്കിന് അനിവാര്യമാണ്. ഉറങ്ങുന്നതിനു മുമ്പ് ഇളം ചൂടുവെള്ളത്തിൽ കുളിക്കുന്നത് പെട്ടെന്ന് ഉറക്കം വരാൻ സഹായിക്കും.

വ്യായാമം ആരോഗ്യത്തിന്റെ മൂലക്കല്ലാണ്, ശരീരത്തിലെ ഏറെക്കുറെ എല്ലാ സംവിധാനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിന് വ്യായാമം അനിവാര്യമാണ്. ഉത്കണ്ഠയും രക്തസമ്മർദ്ദവും കുറക്കാനും മെച്ചപ്പെട്ട ഉറക്കം നൽകാനും വ്യായാമത്തിന് കഴിയും.

ജീവിതത്തിൽ സമയനിഷ്ഠ പാലിക്കുന്നതിലൂടെ ജൈവഘടികാരം നമുക്ക് തന്നെ ക്രമീകരിക്കാനാകും. കൃത്യമായ ദിനചര്യകൾ പാലിക്കുന്നത് നിദ്ര കൂടുതൽ സുഖകരമാക്കുന്നു. എന്നും നിശ്ചിത സമയത്ത് കിടക്കുകയും നിശ്ചിത സമയത്ത് ഉണരുകയും ചെയ്താൽ ഈ പതിവനുസരിച്ച് നമ്മുടെ ജൈവിക ഘടികാരവും പ്രവർത്തിക്കും. ഈ പതിവ് പരമാവധി കാത്ത് സൂക്ഷിക്കുകയും വേണം.

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

പള്ളിമുതൽ കടമെടുക്കൽ

ചോദ്യം: ***പള്ളി, മദ്റസ, സംഘടന തുടങ്ങിയവയുടെ പണം കൈകാര്യം ചെയ്യാനും സൂക്ഷിക്കാനും ഉത്തരവാദിത്തപ്പെട്ടവർക്ക് പ്രസ്തുത സ്ഥാപനങ്ങൾക്ക്/ സംഘടനകൾക്ക് ആവശ്യമില്ലാത്ത ഘട്ടത്തിൽ, നിശ്ചിത സമയത്ത് തിരിച്ചുനൽകാമെന്ന ഉദ്ദേശ്യത്തിൽ ആ പണം കടമായെടുത്ത് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാമോ? എന്താണ് ശറഇന്റെ നിയമം?***

ഉത്തരം: അത് പറ്റില്ല. യതീമുകളുടെയോ പള്ളി തുടങ്ങിയവയുടെയോ പണം കൈവശമുള്ളവർ സ്വന്തം ആവശ്യത്തിന് കടമായെടുത്ത് ആ പണം ഉപയോഗിക്കാമോ, പള്ളി പോലെയുള്ളതിന് നിലവിൽ ആവശ്യമില്ലാത്ത സ്ഥിതിക്ക് സ്വന്തം ആവശ്യത്തിനെടുത്ത് പിന്നീട് തിരിച്ചുനൽകിയാൽ മതിയാവുകയില്ലേ എന്ന ചോദ്യത്തിന് ഇമാം ഇബ്നുഹജർ(റ) നൽകിയ മറുപടി ഇപ്രകാരമാണ്: തിരിച്ചുനൽകാമെന്ന നിയ്യത്തോടെയാണെങ്കിലും യതീമിന്റെ പണം രക്ഷിതാവ് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കൽ അനുവദനീയമല്ല. യതീമിന്റെ പണം കടം കൊടുക്കൽ അനുവദനീയമാക്കുന്ന അത്യാവശ്യ സാഹചര്യമുണ്ടെങ്കിൽ ആ യതീമും രക്ഷിതാവും ഖാളിയെ സമീപിക്കണമെന്നും ഖാളി ആ പണം രക്ഷിതാവിന് കടമായി നൽകുന്നത് അനുവദനീയമാണെന്നും പറയാൻ സാധ്യത കാണുന്നു. എന്നാൽ അതിലും സംശയമുണ്ട്. അതല്ലാത്ത വിധം യതീമിന്റെ പണം രക്ഷിതാവ് കടമായി എടുക്കൽ അനുവദനീയമല്ലെന്ന് വ്യക്തമാണ്. വഖ്ഫ് സ്വത്തിന്റെ കൈകാര്യക്കാരും യതീമിന്റെ രക്ഷിതാവിനെപ്പോലെയാണ്. സ്വന്തം ആവശ്യത്തിനുവേണ്ടി കടമായി അതിൽ നിന്നെടുക്കാൻ പറ്റില്ലെന്ന് ഇമാം റാഫിഈ(റ) ഇമാം നവവി(റ) എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. (ഫതാവൽ കുബ്റാ 3/41)

ചോദ്യം: മരണപ്പെട്ട വ്യക്തിയുടെ അനന്തരാവകാശികളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളുണ്ടെങ്കിൽ അദ്ദേഹത്തിന്റെ മൂന്ന്, ഏഴ് പതിനാല്, നാല്പത് തുടങ്ങിയ പരിപാടികൾക്കും സ്വദഖകൾക്കും അനന്തരസ്വത്തിൽ നിന്ന് പണം ചെലവഴിക്കാമോ? പറ്റില്ല എന്നാണെങ്കിൽ ഭൂമി, കെട്ടിടം തുടങ്ങിയ സ്ഥാവരസ്വത്തിനു മാത്രമാണോ ഈ നിയമം ബാധകം? അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പൈസയിൽ നിന്നെടുക്കുന്നതും തെറ്റാണോ?

ഉത്തരം: മരണപ്പെട്ട വ്യക്തിയുടെ അനന്തരാവകാശികളിൽ പ്രായപൂർത്തിയാകാത്തവരുണ്ടെങ്കിൽ ഏഴ്, നാല്പത് തുടങ്ങിയ ദിവസങ്ങളിൽ നടത്തപ്പെടുന്ന, ചോദ്യത്തിൽ പറയപ്പെട്ട കാര്യങ്ങൾക്കോ സുന്നത്തായ മറ്റു ദാനധർമ്മങ്ങൾക്കോ അനന്തരസ്വത്തിൽ നിന്ന് ചെലവഴിക്കാൻ പറ്റില്ല. അതിൽ ഭൂസ്വത്തും കൈയ്യിരിപ്പ് പണവും വ്യത്യാസമില്ല. അവ അവകാശികൾക്കെല്ലാം അവകാശപ്പെട്ട അനന്തര സ്വത്ത് തന്നെയാണ്. അനന്തരാവകാശികളിൽ പ്രായപൂർത്തിയാകാത്തവരുണ്ടാകുമ്പോൾ സുന്നത്തായ സ്വദഖകൾക്കും കർമ്മങ്ങൾക്കും അനന്തരസ്വത്തിൽ നിന്ന് ചെലവ് ചെയ്യാൻ പാടില്ലെന്ന് തുഹ്ഫ, നിഹായ ഉൾപ്പെടെയുള്ള ഫിഖ്ഹ് ഗ്രന്ഥങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്.

ചോദ്യം: ഭർത്താവിന്റെ സമ്മതത്തോടെ ഭാര്യ ഉംറക്ക് ഇഹ്റാം ചെയ്തു. ഭർത്താവ് ഇഹ്റാം ചെയ്തിട്ടില്ല. എങ്കിൽ അവർ ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിന്റെ വിധിയെന്താണ്? അനുവദനീയമല്ല എന്നാണെങ്കിൽ ലിംഗ - യോനീ ബന്ധം മാത്രമാണോ തെറ്റ്? മറ്റു ലൈംഗിക ബന്ധം നടത്തുന്നതിന്റെ വിധിയെന്താണ്?

ഒരു പ്രവാസി

ഉത്തരം: ഭർത്താവ് ഇഹ്റാം ചെയ്തിട്ടില്ലെങ്കിലും ഭാര്യ ഇഹ്റാമിൽ ആയതിനാൽ ലൈംഗികബന്ധത്തിൽ ഏർപ്പെടൽ രണ്ടുപേർക്കും ഹറാമാണ്. ലിംഗപ്രവേശം മാത്രമല്ല; അല്ലാത്ത വിധത്തിലുള്ള ലൈംഗിക ബന്ധങ്ങളും ഹറാം തന്നെയാണ്. (തുഹ്ഫ 4/174, ഹാശിയതുൽ ഈളാഹ് 195)

ചോദ്യം: നാട്ടിൽനിന്ന് ഉംറക്ക് ഇഹ്റാം ചെയ്തു വന്ന ഭാര്യയുമായി ഭർത്താവ് ലിംഗ പ്രവേശനമില്ലാതെ സ്വകാര്യ ഭാഗത്ത് ലൈംഗികബന്ധം നടത്തി. ഭർത്താവ് ഇഹ്റാമിലല്ലെങ്കിൽ എന്തു ചെയ്യണം? ഭാര്യയുടെ ഉംറ നഷ്ടപ്പെടുമോ? ഫിദ്യ നിർബന്ധമാകുമോ? എന്താണ് ഫിദ്യ?

ഉത്തരം: ലിംഗ പ്രവേശമില്ലാതെയുള്ള ലൈംഗികബന്ധം നിഷിദ്ധമാ

മാതാപിതാക്കളെ പ്രയാസപ്പെടുത്തൽ വൻദോഷങ്ങളുടെ കൂട്ടത്തിൽ ഗൗരവമുള്ള അക്ബറുൽ കബാഇറിൽ പെട്ടതാണെന്ന് സ്വഹീഹുൽ ബുഖാരിയും സ്വഹീഹു മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിലുണ്ട്. മാതാപിതാക്കളെ പ്രയാസപ്പെടുത്തുന്നവർക്ക് സ്വർഗ്ഗം തടയപ്പെടുമെന്നും നരകശിക്ഷ നൽകപ്പെടുമെന്നും ദുനിയാവിൽ വച്ച് തന്നെ അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും തുടങ്ങി നിരവധി താക്കീതുകൾ ഹദീസുകളിലുണ്ട്.

ണെങ്കിലും അതുകാരണം ഉംറ നഷ്ടപ്പെടുന്നതല്ല. ഉംറ അസാധുവാകുന്നില്ല. എന്നാൽ അതുകാരണം ഭാര്യയ്ക്ക് ഫിദ്‌യ നിർബന്ധമാണ്.

ഉളുഹിയ്യത്ത് കർമ്മത്തിൽ സ്വീകാര്യമായ ഒരു ആടിനെ അറവ് നടത്തുക, ആറു മിസ്കീനുകൾക്ക് – ഒരാൾക്ക് രണ്ടു മുദ്ദുകൾ വീതം – പന്ത്രണ്ട് മുദ്ദുകൾ ധാന്യം സ്വദഖ ചെയ്യുക, മൂന്നുദിവസം നോമ്പനുഷ്ഠിക്കുക എന്നിവയിൽ ഏതെങ്കിലും ഒരു കാര്യമാണ് ഫിദ്‌യ. ഇഹ്റാമിലാണെന്ന കാര്യം മറന്നുപോയതിനാലാണ് അങ്ങനെ സംഭവിച്ചതെങ്കിൽ അത് കുറ്റകരമല്ല. ഫിദ്‌യ നിർബന്ധവുമില്ല. (തുഹ്ഫ 4/174,176,197, ശറഹുൽ ഈളാഹ് 196)

ചോദ്യം: മക്കൾ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഏൽപ്പിക്കുന്നതിന്റെ മതവിധിയെന്താണ്? അത് ഹറാമാണോ?

ഉത്തരം: മാതാപിതാക്കളോടുള്ള കടപ്പാട് ഏറെ പ്രധാനപ്പെട്ടതും ഗൗരവമുള്ളതുമാണ്. അല്ലാഹുവിനോട് നന്ദി ചെയ്യണമെന്ന് നിർദ്ദേശത്തോട് ചേർത്തുകൊണ്ടാണ് മാതാപിതാക്കളോട് നന്ദിയുള്ളവരാകണമെന്ന് വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിട്ടുള്ളത്. (വി.ഖു 31:14)

'നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും മാതാപിതാക്കൾക്ക് ഗുണം ചെയ്യുകയും വേണം. അവരിൽ ഒരാളോ രണ്ടുപേരുമോ വാർദ്ധക്യം പ്രാപിച്ചവരാണെങ്കിൽ അവരോട് 'ഛെ' എന്നുപോലും പറയരുത്. അവരോട് പരുഷമായി സംസാരിക്കരുത്. ആദരവോടെ സംസാരിക്കണം. അവരോട് കനിവോടെയും കാരുണ്യത്തോടെയും വിനീതരായി വർത്തിക്കണം. നാഥാ, എന്റെ കുട്ടിക്കാലത്ത് എവ്വിധം സ്നേഹവാത്സല്യങ്ങളോടെയാണോ അവരെന്നെ പോറ്റി വളർത്തിയത്; അതു പ്രകാരം നീ അവർക്ക് കാരുണ്യം നൽകണേ എന്ന് നിങ്ങൾ പ്രാർത്ഥിക്കുകയും വേണം.' (വി.ഖു 17/2324)

യാതൊരുവിധത്തിലും മാതാപിതാക്കളെ വിഷമിപ്പിക്കരുതെന്നാണ് വിശുദ്ധ വചനത്തിന്റെ താൽപര്യം.

മാതാപിതാക്കളെ പ്രയാസപ്പെടുത്തൽ വൻദോഷങ്ങളുടെ കൂട്ടത്തിൽ ഗൗരവമുള്ള അക്ബറുൽ കബാഇറിൽ പെട്ടതാണെന്ന് സ്വഹീഹുൽ ബുഖാരിയും സ്വഹീഹു മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിലുണ്ട്. മാതാപിതാക്കളെ പ്രയാസപ്പെടുത്തുന്നവർക്ക് സ്വർഗ്ഗം തടയപ്പെടുമെന്നും നരകശിക്ഷ നൽകപ്പെടുമെന്നും ദുനിയാവിൽ വച്ച് തന്നെ അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും തുടങ്ങി നിരവധി താക്കീതുകൾ ഹദീസുകളിലുണ്ട്.

മാതാപിതാക്കൾക്ക് പ്രയാസമുണ്ടാക്കുന്ന ഏത് സമീപനവും തെറ്റാണെന്നും സാധാരണഗതിയിൽ സാരമായ വിഷമമുണ്ടാക്കുന്ന ഏത് സമീപനവും പ്രവർത്തനവും വൻദോഷമാണെന്നും ഇമാമുകൾ വിശദീകരിച്ചിട്ടുണ്ട്. (സവാജിർ 2:72)

കൂടുതൽ ശ്രദ്ധയും സ്നേഹ പരിചരണവും ആവശ്യമാകുന്ന വാർദ്ധക്യവേളയിൽ വൃദ്ധസദനങ്ങളിലാക്കുന്നത് അവർക്ക് കാര്യമായ പ്രയാസമുണ്ടാക്കുന്നതും അവരുടെ മനസ്സിനെ വേദനിപ്പിക്കുന്നതുമാണെന്ന് പറയേണ്ടതില്ലല്ലോ. ആയതിനാൽ അത് ഹറാമും വൻദോഷവുമാണ്. വൃദ്ധസദനത്തിലേക്ക് തള്ളി വിടാതെ കിട്ടിയ അവസരം ഉപയോഗപ്പെടുത്തി മാതാപിതാക്കൾക്ക് സ്നേഹ പരിചരണവും കാരുണ്യവും നൽകി രക്ഷപ്പെടാനും പുണ്യം നേടാനുമാണ് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ ശ്രദ്ധിക്കേണ്ടത്.

ചോദ്യം: മാതാപിതാക്കൾ മക്കളെ അമ്മത്തൊട്ടിലിൽ ഏൽപ്പിക്കുന്നതിന്റെ മതപരമായ വിധിയെന്താണ്?

ഉത്തരം: ചെറിയ മക്കൾക്ക് അന്നവും വെള്ളവും മറ്റും നൽകി സ്നേഹപൂർവ്വം വളർത്തേണ്ടത് മാതാപിതാക്കളുടെ ബാധ്യതയാണ്. വളർച്ചയുടെ വിവിധ ഘട്ടങ്ങൾക്കനുസരിച്ച് ആവശ്യമായ അറിവുകളും സംസ്കാരങ്ങളും നല്ല ശീലങ്ങളും പകർന്നു നൽകി അവരുടെ വിജയത്തിനും നല്ല ഭാവിക്കുമുള്ള വഴി തെളിയിച്ചു കൊടുക്കലും നിർബന്ധമാണ്.

ഇത്തരം ബാധ്യതകൾ നിർവഹിക്കാതെ മേൽവിലാസം നഷ്ടപ്പെട്ടവരും അനാഥരുമായി മാറാനിടയാക്കുന്ന വിധം മക്കളെ ഒഴിവാക്കൽ കുറ്റകരവും നിഷിദ്ധവുമാണ്.

മക്കൾക്കാവശ്യമായത് നൽകി പോറ്റിവളർത്താൻ മറ്റു മാർഗ്ഗമൊന്നുമില്ലെങ്കിൽ മേൽ സൂചിപ്പിച്ച ബാധ്യതകൾ നിർവഹിക്കപ്പെടുന്ന വിധത്തിൽ മാന്യവും സുരക്ഷിതവുമായ വഴികൾ സ്വീകരിക്കുകയാണ് വേണ്ടത്.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

ഖബർ കെട്ടിപ്പൊക്കൽ

ചോദ്യം: ഖബറിടം കെട്ടിപ്പൊക്കുന്നതിന്റെ വിധി എന്താണ്?

ഉത്തരം: ഖബർ സിമന്റ് പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് കെട്ടുന്നതും അതിനുമുകളിൽ കെട്ടിടമുണ്ടാക്കുന്നതും തഹ്‌രീമിന്റെ കറാഹത്താണ്. എന്നാൽ കെട്ടിടത്തിനുള്ളിൽ ഖബറടക്കുന്നത് കറാഹത്തല്ല. ഖബർ ഇടിഞ്ഞുവീഴാതിരിക്കാനും ജീവികളും മറ്റും മാന്താതിരിക്കാനുമുള്ള സംരക്ഷണമായി സിമന്റ് പോലുള്ളവ ഉപയോഗിച്ച് കെട്ടുന്നതുകൊണ്ട് കുഴപ്പമില്ല. (ഹാശിയതുത്വഹ്ത്വാവി പേ: 405) പൊതുഖബർസ്ഥാൻ അല്ലാത്തിടത്ത് ശൈഖുമാർ, പണ്ഡിതർ, തങ്ങന്മാർ എന്നിവരുടെ ഖബർ കെട്ടിപ്പൊക്കുന്നത് കറാഹത്തല്ലെന്ന് ഒരു അഭിപ്രായമുണ്ട്. (ഹാശിയതു റദ്ദിൽ മുഖ്താർ 2/257)

ചോദ്യം: മയ്യിത്ത്നിസ്കാരത്തിന് ഇമാമത്തിനർഹൻ ആരാണ്?

ആരിഫ് വണ്ണപ്പുറം

ഉത്തരം: ഇസ്‌ലാമിക രാജ്യത്തെ പ്രധാന ഭരണാധികാരി അഥവാ സുൽത്താൻ മയ്യിത്ത്നിസ്കാരത്തിന് എത്തിയിട്ടുണ്ടെങ്കിൽ അദ്ദേഹമാണ് ഇമാം നിൽക്കേണ്ടത്. കാരണം, അദ്ദേഹം സന്നിഹിതനായിരിക്കെ മറ്റൊരാൾ ഇമാമാകൽ അദ്ദേഹത്തെ നിസ്സാരപ്പെടുത്തലാണ്. സുൽത്താൻ സന്നിഹിതനല്ലെങ്കിൽ ഖാളിയാണ് ഇമാം നിൽക്കേണ്ടത്. കാരണം മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അധികാരമുള്ളയാളാണ് ഖാളി. അദ്ദേഹവുമില്ലെങ്കിൽ മയ്യിത്തിന്റെ മഹല്ല്പള്ളിയിലെ ഇമാമാണ് മയ്യിത്ത് നിസ്കാരത്തിന് നേതൃത്വം നൽകേണ്ടത്. കാരണം മയ്യിത്ത് തന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ പിന്നിൽ നിസ്കരിക്കാൻ തൃപ്തിപ്പെട്ടയാളാണ്. മയ്യിത്തിന്റെ രക്ഷിതാക്കൾക്കാണ് പിന്നീട് ഇമാമത്തിന് യോഗ്യത. പിതാവ്, മകൻ എന്നിവർക്കാണ് അക്കൂട്ടത്തിൽ മുൻഗണന. മയ്യിത്തിന്റെ ബന്ധുമിത്രാദികളായ രക്ഷിതാക്കൾക്കു ശേഷമാണ് ഭർത്താവിന് അർഹത. (അൽഇനായഃ 2/483 –485)

ചോദ്യം: തഹജ്ജുദിന് ശേഷമാണോ വിത്ർ നിസ്കരിക്കേണ്ടത്? അതല്ല, ഇശാഇന്റെ സുന്നത്തിനു ശേഷമാണോ?

സൽമ ജലാൽ, കുമളി

ഉത്തരം: സാധാരണയായി തഹജ്ജുദ് നിസ്കരിക്കുന്നവർക്കും രാത്രി ഉണരുമെന്ന് ഉറപ്പുള്ളവർക്കും വിത്റ് നിസ്കാരം രാത്രിയുടെ അവസാനത്തിൽ തഹജ്ജുദ് നിസ്കാരത്തിന്റെ ശേഷം നിസ്കരിക്കുന്നത് മുസ്തഹബ്ബാണ്. രാത്രി ഉണരുമെന്ന് ഉറപ്പില്ലാത്തവർ ഉറങ്ങുന്നതിനു മുമ്പായി വിത്റ് നിസ്കരിക്കണം. (അല്ലുബാബ് പേ:30)

ചോദ്യം: കഴിഞ്ഞ ദിവസം എന്റെ മഹല്ലിൽ ഒരു മയ്യിത്ത് നിസ്കാരം നടന്നു. ഇമാമായി നിന്നത് അപരിചിതനായ ഒരു വ്യക്തിയാണ്. നിസ്കാരത്തിനു മുമ്പ് നിസ്കാര രൂപം അദ്ദേഹം പരിചയപ്പെടുത്തി. ഞാൻ പഠിച്ച പ്രകാരം മയ്യിത്ത് നിസ്കാരത്തിന് വലതുഭാഗത്തേക്ക് മുഖം തിരിച്ച് ഒരു സലാം വീട്ടൽ മാത്രമാണുള്ളതെന്നും ഞാൻ അപ്രകാരമാണ് ചെയ്യുകയെന്നും പറഞ്ഞ് കൈ കെട്ടി ഒരു സലാം വീട്ടി. നാട്ടിൽ അത് വലിയ ചർച്ചയായി. മയ്യിത്ത് നിസ്കാരത്തിന് ഒരു സലാം മാത്രമേയുള്ളോ? നമ്മുടെ മദ്ഹബിൽ എന്താണ് വിധി?

നാസർ, കാഞ്ഞിരപ്പള്ളി

ഉത്തരം: മയ്യിത്ത് നിസ്കാരത്തിന്റെ നാലാമത്തെ തക്ബീറിനു ശേഷം രണ്ട് സലാം വീട്ടണം. (അൽ മബ്സൂത് 2/114, അൽ ജൗഹറത്തുന്നയ്യിറഃ 1/338, ബദാഇഉസ്സ്വനാഇഅ് 2/465) മയ്യിത്ത് നിസ്കാരത്തിന്റെ അവസാനത്തിലുള്ള രണ്ട് സലാം സാധാരണ നിസ്കാരത്തിന്റെ രണ്ട് സലാം പോലെയാണ്. (ശറഹുൽ വിഖായഃ 2/35)

വലതുഭാഗത്തുള്ളവർക്ക് സലാം ചൊല്ലുന്നു എന്ന് വലത്തോട്ട് സലാം വീട്ടുമ്പോഴും ഇടതുഭാഗത്തുള്ളവർക്ക് സലാം ചൊല്ലുന്നു എന്ന് ഇടത്തോട്ട് സലാം വീട്ടുമ്പോഴും കരുതണം.

ചോദ്യം: ശാഫിഈ മദ്ഹബ് പ്രകാരം മസ്ജിദുകളിൽ മറഞ്ഞ മയ്യിത്തിനു വേണ്ടി വെള്ളിയാഴ്ചകളിൽ നിസ്കാരം നടക്കുമ്പോൾ ഹനഫികളായ നമുക്ക് അതിൽ പങ്കെടുക്കാമോ?

സുലൈമാൻ, ദുബൈ

ഉത്തരം: ശാഫിഈ മദ്ഹബ് തഖ്‌ലീദ് ചെയ്തുകൊണ്ട് ശാഫിഈ മദ്ഹബ് പ്രകാരം നിസ്കരിക്കുകയാണെങ്കിൽ ആകാം. അല്ലെങ്കിൽ പാടില്ല.

ചോദ്യം: സ്ത്രീകൾക്കായി വീട്ടിൽ നിസ്കരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ സ്ഥലത്ത് പ്രവേശിക്കുമ്പോൾ തഹിയ്യത്ത് നിസ്കരിക്കേണ്ടതുണ്ടോ?

ഉമ്മുഹബീബ, ചുങ്കപ്പാറ

ഉത്തരം: വേണ്ട. കാരണം, സ്ത്രീകൾക്കവിടെ ഇഅ്തികാഫിരിക്കാം എന്നതൊഴികെയുള്ള പള്ളിയുടെ നിയമങ്ങൾ ആ സ്ഥലത്തിന് ബാധകമല്ല. (ശറഹുൽ വിഖായഃ 1/369)

ആത്മയാനം – 3

അലി സഖാഫി പുൽപ്പറ്റ

ആദ്ധ്യാത്മിക ജ്ഞാനം: പ്രഭവം, പ്രസരണം

തിരുനബി(സ) പറഞ്ഞു: ഒരാൾ ഒരു ജനസമൂഹത്തെ സമീപിച്ച് അവർക്ക് ജാഗ്രതാ നിർദ്ദേശം നൽകിക്കൊണ്ട് പറഞ്ഞു: ‘ജനങ്ങളേ, തീർച്ചയായും ഞാനെന്റെ നഗ്നനേത്രങ്ങളാൽ ഒരു ശത്രുസൈന്യത്തെ കണ്ടിരിക്കുന്നു. നിശ്ചയം, ഞാൻ മറയില്ലാത്ത മുന്നറിയിപ്പുകാരനാണ്.’

ഈ മുന്നറിയിപ്പുകാരൻ ഏറെ ഗുണകാംക്ഷയോടെ അവരോട് രക്ഷപ്പെടാനാവശ്യപ്പെട്ടു. അപ്പോൾ ജനങ്ങൾ രണ്ടു ചേരിയായി. ഇരുൾ പരക്കാൻ തുടങ്ങിയതോടെ ഒരു വിഭാഗം ശാന്തരായി സ്ഥലം വിട്ടു. അവർ ശത്രുവിൽ നിന്ന് രക്ഷപ്പെട്ടു. രണ്ടാം വിഭാഗമാകട്ടെ, ആ മുന്നറിയിപ്പുകാരനെ തള്ളിപ്പറഞ്ഞു. അങ്ങനെ പുലർകാലം വരെ അവർ അവിടെ തങ്ങി. പ്രഭാതത്തിൽ ശത്രു സൈന്യം അവർക്കുമേൽ ചാടിവീഴുകയും അവരെ സമൂലം നശിപ്പിക്കുകയും ചെയ്തു.’ (ബുഖാരി)

മറ്റൊരിക്കൽ തിരുദൂതർ(സ) പറഞ്ഞു: ‘അല്ലാഹു എന്നെ പ്രബോധനം ചെയ്യാൻ നിയോഗിച്ച സന്മാർഗദർശനവും വിജ്ഞാനവും ഭൂമിയിൽ പെയ്തിറങ്ങിയ കനത്ത മഴ പോലെയാണ്. ആ ഭൂമിയിലെ ഫലഭൂയിഷ്ഠമായ നല്ല നിലങ്ങൾ ആ ജലത്തെ സ്വാംശീകരിച്ചു. തൽഫലമായി അവിടെ സസ്യലതാദികൾ സമൃദ്ധമായി നാമ്പിട്ടുവളർന്നു. പ്രസ്തുത ഭൂമിയിൽ ഒരു ഭാഗം ജലസംഭരണികളായി ധാരാളം വെള്ളം ശേഖരിച്ചുവച്ചു. അല്ലാഹു അതിലൂടെ ജനങ്ങൾക്ക് പ്രയോജനം നൽകി. അവർ അതിൽനിന്ന് ജലപാനം നടത്തി. വളർത്തുമൃഗങ്ങൾക്ക് കുടിക്കാൻ നൽകി. കൃഷികൾക്ക് ജലസേചനം ചെയ്തു.

ഭൂമിയിലെ ചില ഭാഗങ്ങൾ പാഴ്നിലമായിരുന്നു. അവ വെള്ളം സംഭരിച്ചുവെച്ചില്ല. സസ്യങ്ങൾ മുളപ്പിച്ചതുമില്ല. ദീനിൽ അറിവ് നേടുകയും ജീവിതത്തിൽ പകർത്തുകയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്തവരുടെയും സന്മാർഗം സ്വീകരിക്കാത്തവരുടെയും ഉപമകളാണിത്.’

ഫലഭൂയിഷ്ഠമായ വിളനിലങ്ങൾക്കു തുല്ല്യമായ ചില ഹൃദയ

ങ്ങളുണ്ട്. അവ വിജ്ഞാനങ്ങൾ സമാഹരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യും. ആ വിജ്ഞാനം അവരെ സന്മാർഗത്തിലേക്കു നയിക്കും. ചില ഹൃദയങ്ങൾ ജലസംഭരണികൾ പോലെയാണ്. സൂഫിവര്യന്മാരുടെയും ആത്മീയ ഗുരുക്കന്മാരുടെയും ഹൃദയങ്ങളാണിത്. സംസ്കരിക്കപ്പെട്ടതും സ്ഫുടം ചെയ്യപ്പെട്ടതുമായ അവരുടെ ഹൃദയങ്ങളിൽ ശേഖരിക്കപ്പെട്ട അറിവുകൾ നീരുറവകളായി സഹവാസികളിലേക്ക് പ്രവഹിക്കുന്നു. അതിലൂടെ ജഢസമാനഹൃദയങ്ങൾ ചൈതന്യവത്താകുന്നു.

മസ്റൂഖ്(റ) പറയുന്നു: 'പല സ്വഹാബികളുടെയും കൂടെ ഞാൻ സഹവസിച്ചിട്ടുണ്ട്. അവരെയെല്ലാം ജലസംഭരണികളായിട്ടാണ് എനിക്കനുഭവപ്പെട്ടത്. അവരുടെ ഹൃദയങ്ങൾ പാത്രങ്ങളായിരുന്നു. അവരുടെ നിർമല ഹൃദയങ്ങൾ ലഭിക്കുന്ന മുഴുവൻ വിജ്ഞാനങ്ങളും സമാഹരിച്ചുവെക്കുന്ന സംഭരണികളായി മാറി.'

'ജാഗ്രത്തായ കാതുകൾ അതു ശേഖരിക്കും' എന്ന ഖുർആൻവചനം (അൽഹാഖ 12) അവതീർണമായപ്പോൾ തിരുനബി(സ) അലി(റ)യോട് പറഞ്ഞു:

ഫലഭൂയിഷ്ഠമായ വിളനിലങ്ങൾക്കു തുല്ല്യമായ ചില ഹൃദയങ്ങളുണ്ട്. അവ വിജ്ഞാനങ്ങൾ സമാഹരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യും. ആ വിജ്ഞാനം അവരെ സന്മാർഗത്തിലേക്കു നയിക്കും. ചില ഹൃദയങ്ങൾ ജലസംഭരണികൾ പോലെയാണ്. സൂഫിവര്യന്മാരുടെയും ആത്മീയ ഗുരുക്കന്മാരുടെയും ഹൃദയങ്ങളാണിത്. സംസ്കരിക്കപ്പെട്ടതും സ്ഫുടം ചെയ്യപ്പെട്ടതുമായ അവരുടെ ഹൃദയങ്ങളിൽ ശേഖരിക്കപ്പെട്ട അറിവുകൾ നീരുറവകളായി സഹവാസികളിലേക്ക് പ്രവഹിക്കുന്നു. അതിലൂടെ ജഢസമാനഹൃദയങ്ങൾ ചൈതന്യവത്താകുന്നു.

'യാ അലീ, നിന്റെ കാതുകളെ അത്തരത്തിലാക്കാൻ ഞാൻ അല്ലാഹുവിനോട് അഭ്യർത്ഥിക്കുന്നു.' അതിനുശേഷം ഞാൻ ഒന്നും മറന്നിട്ടില്ലെന്ന് അലി(റ) പറയുന്നു.

അല്ലാഹുവിൽ നിന്നുള്ള ആന്തരിക ജ്ഞാനങ്ങൾ സമാഹരിക്കുന്ന കാതുകൾ എന്നാണ് 'ജാഗ്രത്തായ കാതുകൾ' എന്നതിന്റെ വിവക്ഷ എന്ന് ഇമാം അബൂബക്ർ അൽവാസിത്വി(റ) പറയുന്നു. രഹസ്യജ്ഞാനങ്ങളുടെ യഥാർത്ഥ സ്രോതസ്സുകളിൽ നിന്നാണ് ആ കാതുകൾ അവ ശേഖരിക്കുന്നത്. അവർ അനുഭവിച്ചറിയാത്ത ഒന്നും അതിലുണ്ടാവുകയില്ല.

സൂഫിവര്യന്മാരുടെ ഹൃദയങ്ങൾ അത്തരം വൈജ്ഞാനിക സംഭരണികളാണ്. ഭക്തിയുടെ അടിസ്ഥാനതത്വങ്ങൾ വ്യക്തമായ ബോധ്യങ്ങളിലൂടെ ദൃഢപ്പെടുത്തിയ ശേഷം അവർ വിരക്തരായി ജീവിച്ചു. തഖ്‌വയിലൂടെ അവരുടെ ഹൃദയങ്ങൾ സംസ്കരിക്കപ്പെട്ടു. വിരക്തിയിലൂടെ സംശുദ്ധമായി. ലൗകിക വിചാരങ്ങളും വ്യവഹാരങ്ങളും ഇല്ലാത്തതിനാൽ അവരുടെ അകക്കണ്ണുകൾ തുറക്കപ്പെട്ടു. ഹൃദയത്തിന്റെ കാതുകൾ വിശാലമായി.

ഖുർആൻ വ്യാഖ്യാതാക്കളും ഹദീസ് വിശാരദന്മാരും കർമ്മ ജ്ഞാനികളും ഖുർആനിലും ഹദീസിലും അഗാധ ജ്ഞാനം നേടിയവരും അതിൽ നിന്ന് വിധിനിർധാരണം ചെയ്തവരുമാണ്. അങ്ങനെ ജ്ഞാനികളുടെ ഹൃദയഭൂമികൾ സംഭരിച്ചുവെച്ച വൈജ്ഞാനികവും സാന്മാർഗികവുമായ ജീവജലം ശേഖരിച്ച് ധാരാളം വിജ്ഞാന വൃക്ഷങ്ങൾ മുള പൊട്ടി. 'അല്ലാഹു വിണ്ണിൽ നിന്ന് മഴ വർഷിപ്പിച്ചു. അങ്ങനെ അത് താഴ്‌വാരങ്ങളിലൂടെ അവയുടെ അളവനുസരിച്ച് ഒഴുകി.' (അർറഅ്ദ് 17) എന്ന് വിശുദ്ധ ഖുർആനിൽ പറയുന്നു. ഈ വചനത്തിൽ പരാമർശിച്ച വെള്ളം വിജ്ഞാനവും താഴ്‌വരകൾ ഹൃദയങ്ങളുമാണെന്ന് ഇബ്നുഅബ്ബാസ്(റ) പറയുന്നു.

അല്ലാഹു അടിമയുടെ ഹൃദയത്തെ ഉപമയിലൂടെ വിവരിക്കുകയാണ് മേൽ വചനത്തിൽ. മലഞ്ചരുവിലൂടെ ജലമൊഴുകിയാൽ ആ കുത്തൊഴുക്കിൽ മാലിന്യങ്ങൾ തുടച്ചുനീക്കപ്പെടും. അവിടം ശുദ്ധപ്രതലമാവുകയും ചെയ്യും. അതുപോലെയാണ് അല്ലാഹുവിന്റെ ജ്ഞാനപ്രകാശം. അതു പ്രവഹിക്കുന്ന ഹൃദയങ്ങളിൽ അശ്രദ്ധയും അന്ധകാരവും നിലനിൽക്കുകയില്ല. അപ്പോൾ ഹൃദയങ്ങൾ പ്രകാശിക്കും. അഴുക്ക് കലർന്ന ഒരു കുമിളയും അതിൽ അവശേഷിക്കുകയില്ല.

വിണ്ണിൽ നിന്ന് പെയ്തിറങ്ങുന്ന വെള്ളം വിവിധതരം ഔദാര്യങ്ങളാണെന്നാണ് ചില വ്യാഖ്യാതാക്കളുടെ പക്ഷം.

തദ്ഫലമായി ഓരോ ഹൃദയവും അവയർഹിക്കുന്ന തോതനുസരിച്ച് ജ്ഞാനാമൃതം സ്വീകരിക്കുന്നു. ഖുർആൻ വ്യാഖ്യാതാക്കളുടെയും ഹദീസ് പണ്ഡിതന്മാരുടെയും കർമ്മജ്ഞാനികളുടെയും ഹൃദയതാഴ്വരകളിലൂടെ അവയ്ക്ക് ഇണങ്ങുന്നതും വഴങ്ങുന്നതുമായ അളവിൽ പ്രകാശകിരണങ്ങൾ പ്രവഹിക്കുന്നു.

അധ്യാത്മിക ജ്ഞാനികളുടെ ഹൃദയഭൂമികളിലൂടെ അവരുടെ ഭക്തിയുടെ തോതനുസരിച്ച് അത് പ്രസരിക്കുന്നു. ആരുടെയെങ്കിലും ഹൃദയ ദർപ്പണത്തിൽ ധനാർത്തിയുടെയും സ്ഥാനമോഹത്തിന്റെയും വരകളും കലകളും അവശേഷിക്കുന്നുണ്ടെങ്കിൽ അതിൽ പതിക്കുന്ന പ്രകാശത്തിന് വെണ്മ കുറയും. എന്നാൽ ഭൗതികവിരക്തരുടെ ഹൃദയപ്രതലങ്ങൾ വിശാലമായിരിക്കും. അവിടേക്ക് ധാരാളം ജ്ഞാനജലം ഒഴുകി വന്ന് ജലസംഭരണികളായി മാറും.

ഫുഖഹാഇനെ സംബന്ധിച്ച് ഇമാം ഹസനുൽ ബസ്വരി(റ)യോട് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾ ഒരിക്കലെങ്കിലും ഫഖീഹിനെ കണ്ടിട്ടുണ്ടോ? ലൗകിക വിരക്തനായ ജ്ഞാനിയാണ് ഫഖീഹ്. അദ്ധ്യാത്മിക ജ്ഞാനികൾ ധാരാളം ആർജ്ജിത വിജ്ഞാനങ്ങൾ (ഇൽമുദ്ദിറാസ) അധ്വാനിച്ച് പഠിച്ചെടുക്കും. പഠിച്ചതനുസരിച്ച് പ്രവർത്തിക്കുമ്പോൾ അവർക്ക് നബിമാരുടെ അനന്തര ജ്ഞാനം (ഇൽമുൽവിറാസ) സ്വായത്തമാകും. ആ വിജ്ഞാനമാണ് അവരെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുന്നത്. അതാണ് യഥാർത്ഥ ദീനീവിജ്ഞാനം.' (ഫിഖ്ഹ്)

അല്ലാഹുവിനെക്കുറിച്ച് സമുദായത്തിന് മുന്നറിയിപ്പു നൽകുന്നതിന് അവരിലൊരു വിഭാഗം മതകാര്യങ്ങളിൽ വിജ്ഞാനം (ഫിഖ്ഹ്) നേടണമെന്ന് ഖുർആൻ കൽപ്പിച്ചിരിക്കുന്നു. (അത്തൗബ 122) ജനങ്ങളെ താക്കീത് ചെയ്യാനുള്ള അറിവുകൾ ഫിഖ്ഹിൽ നിന്നാണു ലഭ്യമാകുകയെന്ന് ഈ വചനത്തിൽ നിന്നു ഗ്രഹിക്കാം.

വിജ്ഞാനജലം കൊണ്ട് നനച്ച് മൃതഹൃദയങ്ങളെ ചൈതന്യവത്താക്കലാണ് മുന്നറിയിപ്പു നൽകുക എന്നത് കൊണ്ടു വിവക്ഷിക്കുന്നത്. വിജ്ഞാനം കൊണ്ട് ജനഹൃദയങ്ങളെ സജീവമാക്കലാണ് മതപണ്ഡിതന്റെ (ഫഖീഹിന്റെ) മൗലികധർമ്മം. അതാണ് ആ പദവിയുടെ അന്തസത്ത. ആകയാൽ എല്ലാ പദവികളെക്കാളും ഏറ്റവും സമ്പൂർണ്ണമായതും ഉയർന്നതും ഫിഖ്ഹ് ആണ്. അറിവുകൾ പകർന്നു കൊടുത്ത് മുന്നറിയിപ്പു നൽകാനുള്ള പദവി കൈവരിച്ച, ഭക്തനും ഭൗതികവിരക്തനുമായ പണ്ഡിതന്റെ അറിവാണ് ശരിയായ ഫിഖ്ഹ്.

വിജ്ഞാനത്തിന്റെയും സന്മാർഗത്തിന്റെയും പ്രാഥമിക പ്രഭവകേന്ദ്രം തിരുദൂതരാണ്. അല്ലാഹുവിൽ നിന്നാണ് അവിടുത്തേക്കത് പകർന്നുകിട്ടിയത്. അവിടുന്ന് അതിൽ നിന്ന് മതിവരുവോളം വിജ്ഞാനജലം സംഭരിച്ചു. അകവും പുറവും സജലമാക്കി.

ബാഹ്യദാഹം ശമിക്കുമ്പോഴാണ് ദീനീ ചൈതന്യം ബഹിർഗമിക്കുക. ദീൻ എന്നാൽ വഴിപ്പെടലും വണങ്ങലുമാണ്. മനുഷ്യൻ തന്റെ ദേഹത്തെ പ്രപഞ്ചനാഥനായ റബ്ബിന് സമ്പൂർണ്ണമായി കീഴ്പ്പെടുത്തലാണത്. 'താങ്കൾക്കു നാം ബോധനം നൽകിയിട്ടുള്ളതും നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ നബിമാരോട് കൽപ്പിച്ചിട്ടുള്ളതുമായ ദീൻ ഏതോ അതാണ് നിങ്ങൾക്കു നാം നിയമമാക്കിയിട്ടുള്ളത്. ഈ ദീനിൽ അടിയുറച്ച് നിലകൊള്ളുക; ഭിന്നിച്ചു പോകരുത്' (അശ്ശൂറാ 13) എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു.

അകത്തെ വിശ്വാസത്തിൽ ശൈഥില്യമുണ്ടായാൽ അവയ

വങ്ങളുടെ പച്ചപ്പ് നഷ്ടപ്പെടും. വിജ്ഞാനശോഭയ്ക്ക് മങ്ങലേൽക്കും. ദേഹത്തിലും ധനത്തിലും സമ്പൂർണ്ണമായി അല്ലാഹുവിനു വഴിപ്പെട്ട് അവയവങ്ങളെ അലങ്കരിക്കുമ്പോഴാണ് പ്രത്യക്ഷത്തിൽ ദീനീപ്രകാശമുണ്ടാവുക. ഹൃദയനിലം വിജ്ഞാനത്താൽ ജലാർദ്രമാകുമ്പോഴാണ് സൽകർമ്മങ്ങളാകുന്ന ഹരിതസസ്യങ്ങൾ പ്രത്യക്ഷപ്പെടുക. ജ്ഞാനജലത്താൽ നിറഞ്ഞ ഹൃദയം സാഗരസമാനമായി മാറും.

വിജ്ഞാനവും സന്മാർഗദർശനവും സംഭരിച്ച് തിരുഹൃദയം പ്രവിശാലമായ പാരാവാരമായി മാറിയിരുന്നു. ആ ജ്ഞാനം ഹൃദയസമുദ്രത്തിൽ നിന്ന് ശരീരതീരത്തേക്ക് പ്രവഹിച്ചു. തദ്ഫലമായി അവിടുത്തെ പുണ്യദേഹത്തിൽ അറിവിന്റെ ഹരിതശോഭ പ്രഭാസിച്ചു. തുടർന്ന് അവയവങ്ങളിലേക്കത് ചാലിട്ടൊഴുകി. അങ്ങനെ സുന്ദരമായ പൂന്തോപ്പായി അവിടുന്ന് പരിണമിച്ചു. അവിടുത്തെ ആത്മസത്ത അല്ലാഹുവിന്റെ മേൽനോട്ടമുള്ള ഇടമാണ്. അജ്ഞതയുടെ ഒരംശം പോലും അവിടുത്തെ ബാധിച്ചില്ല.

വിജ്ഞാന സംഭരണികൾ നിറയുകയും കർമ്മവിളകൾ സമ്പൂർണ്ണമാവുകയും ചെയ്തപ്പോൾ അല്ലാഹു തിരുദൂതരെ ജനങ്ങളിലേക്കയച്ചു. ഓളം വെട്ടുന്ന അറിവിന്റെ ജലാശയമായി അവിടുന്ന് ജനങ്ങളെ അഭിമുഖീകരിച്ചു. ആ തെളിനീർ സരസ്സിൽ നിന്ന് അദ്ധ്യാത്മിക വിജ്ഞാനങ്ങൾ നിർഝരികളായി സ്വഹാബിമാരിലേക്കൊഴുകി. പാകതക്കും പക്വതക്കുമനുസരിച്ച് അവരുടെ ഹൃദയപൊയ്കകളിൽ അവ സംഭരിക്കപ്പെട്ടു. അതാണ് ഫിഖ്ഹ്. ആയിരം ആബിദുകളെക്കാൾ ഒരു ഫഖീഹാണ് പിശാചിന് കാഠിന്യമേറിയതെന്നു കുറിക്കുന്ന നബിവചനം ഈ പശ്ചാത്തലത്തിൽ വായിക്കണം.

ശൈഖ് അബുന്നജീബ്(റ) പറയുന്നു: 'വിജ്ഞാനം ഹൃദയത്തിലെത്തിച്ചേർന്നാൽ ഹൃദയനേത്രം വിടരും. ആ അകക്കണ്ണിലൂടെ യഥാർത്ഥങ്ങളും അവാസ്തവങ്ങളും വേർതിരിച്ചു കാണാൻ കഴിയും. സന്മാർഗം ദുർമാർഗത്തിൽ നിന്ന് സ്പഷ്ടമാകും.'

മതവിജ്ഞാനം (ഫിഖ്ഹ്) അഭ്യസിക്കലാണ് ഏറ്റവും ഉത്തമ ആരാധന എന്ന് ഇബ്നുഅബ്ബാസ്(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹൃദയത്തിന്റെ സൽഗുണമായിട്ടാണ് അല്ലാഹു ഫിഖ്ഹിനെ സംവിധാനിച്ചിരിക്കുന്നത്. 'അവർക്ക് ഹൃദയങ്ങളുണ്ട്. അവയുപയോഗിച്ച് അവർ വിജ്ഞാനം (ഫിഖ്ഹ്) ഗ്രഹിക്കുന്നില്ല' (അൽഅഅ്റാഫ് 179) എന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

ഗ്രാഹ്യശേഷിയുള്ളവർ അറിവുകൾ പഠിക്കുന്നു. പഠിക്കുന്നവർ പ്രവർത്തിക്കുന്നു. പ്രവർത്തിക്കുന്നവർ പൊരുളറിയുന്നു. പൊരുളറിഞ്ഞവർ സന്മാർഗം പ്രാപിക്കുന്നു. ആകയാൽ ഏറ്റവും കൂടുതൽ അറിവും ബോധ്യവുമുള്ളവർ ദീനീ കൽപ്പനകൾ അതിവേഗം ഉൾക്കൊള്ളുകയും അതിസൂക്ഷ്മമായി അനുസരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് ഒരു വിഹിതം അവർ ആവാഹിച്ചെടുക്കും.

സ്ഫുടം ചെയ്യപ്പെട്ട അവരുടെ ഹൃദയദർപ്പണങ്ങളിൽ ഭക്തിയുടെ പ്രകാശം പ്രതിഫലിക്കും. ആ ജ്ഞാനവെട്ടത്തിൽ വസ്തുക്കളുടെ യഥാർത്ഥ ചിത്രങ്ങൾ അവർക്ക് വെളിപ്പെടും. ഭൗതികലോകത്തിന്റെ നശ്വരതയും വൈരൂപ്യവും ദുഷ്ഫലങ്ങളും ബോധ്യപ്പെടുകയും അവരത് നിരസിക്കുകയും ചെയ്യും. പാരത്രിക ലോകത്തിന്റെ അനശ്വര സൗന്ദര്യവും സദ്ഫലങ്ങളും തിരിച്ചറിഞ്ഞ് അവർ അതന്വേഷിച്ച് നടക്കും. ലൗകിക സുഖസൗകര്യങ്ങളോടുള്ള സമ്പൂർണ്ണ വിരക്തി കാരണം അവരുടെ ഹൃദയങ്ങളിലേക്ക് വിവിധ വിജ്ഞാനങ്ങൾ പ്രവഹിക്കും. ഇൽമുൽവിറാസ ഇൽമുദ്ദിറാസയിൽ ചെന്ന് സംഗമിക്കും.

ചുരുക്കത്തിൽ യഥാർത്ഥ വിജ്ഞാനം അല്ലാഹുവിൽ നിന്നുള്ള ഔദാര്യമായി ഹൃദയങ്ങളിലേക്ക് പകരുന്ന ആശയ സംഘാതമാണ്. അതു തിരിച്ചറിയലാണ് മഅ്രിഫത്. ഹൃദയങ്ങളത് അനുഭവിച്ചറിയലാണ് അൽഹുദാ (സന്മാർഗം).

ഇവിടെ സൂഫികൾ എന്നതുകൊണ്ടുള്ള വിവക്ഷ അല്ലാഹുവിലേക്കടുത്തവർ എന്നാണ്. സൂഫി എന്ന പദം ഖുർആനിൽ പരാമർശിച്ചിട്ടില്ല. അത് പിന്നീടു വിവരിക്കാം. അതിനു പ്രത്യേക വേഷവിധാനം ആവശ്യമില്ല. സവിശേഷ വേഷം ധരിച്ചവരെയാണ് ചില നാടുകളിൽ സൂഫികളെന്നു പറയാറുള്ളത്. അതിവിടെ ഉദ്ദേശ്യമല്ല. അല്ലാഹുവിന്റെ ഇഷ്ടദാസന്മാരുടെ സ്ഥാനം കണ്ടെത്തിയ ചില പുണ്യവാന്മാരുണ്ട്. അവരുടെ സ്ഥിതിയിൽ വ്യക്തതയില്ലാത്തിടത്തോളം 'മുതസ്വവ്വിഫ്' എന്നാണു പറയുക. ഹാല് ഉറപ്പായവരാണ് 'സൂഫി'കൾ. സൂഫികളുടെ വേഷം കെട്ടിയ മറ്റുള്ളവർ 'മുതശബ്ബിഹ്' എന്ന ഗണത്തിലാണു പെടുക.

ഗ്രാഹ്യശേഷിയുള്ളവർ അറിവുകൾ പഠിക്കുന്നു. പഠിക്കുന്നവർ പ്രവർത്തിക്കുന്നു. പ്രവർത്തിക്കുന്നവർ പൊരുളറിയുന്നു. പൊരുളറിഞ്ഞവർ സന്മാർഗം പ്രാപിക്കുന്നു. ആകയാൽ ഏറ്റവും കൂടുതൽ അറിവും ബോധ്യവുമുള്ളവർ ദീനീ കൽപ്പനകൾ അതിവേഗം ഉൾക്കൊള്ളുകയും അതിസൂക്ഷ്മമായി അനുസരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് ഒരു വിഹിതം അവർ ആവാഹിച്ചെടുക്കും.

ചരിത്രാഖ്യായിക ഹഫ്സ്വ(റ) – 11

മുഹമ്മദ് പാറന്നൂർ

സർവ്വം സമർപ്പിച്ച് വിട

പുറംലോകത്ത് നടക്കുന്ന കാര്യങ്ങളിലേക്കൊന്നും ഹഫ്സ്വ(റ) ശ്രദ്ധ തിരിച്ചില്ല. രാഷ്ട്രീയ കാര്യങ്ങളിലും അഭിപ്രായ ഭിന്നതകളിലും ഇടപെട്ടില്ല. അത്തരം കാര്യങ്ങളിലൊന്നും താൽപര്യം പ്രകടമാക്കിയില്ല. വീട്ടിൽ നിന്ന് പുറത്തിറങ്ങാറേയുണ്ടായിരുന്നില്ല അവർ. തിരുനബി(സ)യില്ലാത്ത ലോകം അവർക്ക് തികച്ചും അരോചകം തന്നെയായിരുന്നു.

ഇസ്‌ലാമിക ലോകത്ത് അക്കാലത്ത് വമ്പിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. തിരുനബി(സ)യുടെ വിയോഗാനന്തരം അബൂബക്ർ(റ) ഖലീഫയായി. മുസ്‌ലിംലോകത്ത് പല കുഴപ്പങ്ങളുമുണ്ടായി. ഖലീഫ ആഭ്യന്തരകലഹങ്ങൾ അടിച്ചമർത്തി. റോമക്കാർക്കെതിരെ പട നയിച്ചു. മുസ്‌ലിംലോകത്തെ ഏകീകരിച്ചു.

അദ്ദേഹത്തിന്റെ മരണശേഷം സ്വന്തം പിതാവ് ഉമറുബ്നുൽ ഖത്താബ്(റ)വാണ് ഖലീഫയായത്. അക്കാലത്തും അവർ രാഷ്ട്രീയ പ്രശ്നങ്ങളിലൊന്നും ഇടപെടാൻ പോയില്ല. ആരാധനയിലും വിജ്ഞാന വിതരണത്തിലും മുഴുകി കാലം കഴിച്ചു. പിതാവിന്റെ നേതൃത്വത്തിൽ മുസ്‌ലിം ലോകം കൈവരിച്ച വമ്പിച്ച വിജയങ്ങൾ അവരെ സന്തോഷിപ്പിച്ചെങ്കിലും ഒന്നിനും അഭിപ്രായം പറയാൻ അവർ ഒരുമ്പെട്ടില്ല. പിതാവിന്റെ കർക്കശമായ നീതിനിഷ്ഠയും ത്യാഗപൂർണ്ണമായ ജീവിതവും അവർക്ക് അഭിമാനം കൊള്ളാനുള്ളതു തന്നെയായിരുന്നു. അപ്പോഴും അവർ പ്രത്യേക അഭിപ്രായങ്ങൾ പ്രകടിപ്പിച്ചതായി കണ്ടില്ല.

പിതാവിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് മറ്റു ഭാര്യമാർക്കാർക്കും ലഭിച്ചിട്ടില്ലാത്ത അസുലഭസൗഭാഗ്യം ഹഫ്സ്വ(റ)യെ തേടിയെത്തി. വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ കയ്യെഴുത്തുപ്രതി സൂക്ഷിക്കാനുള്ള അവസരം കൈവന്നുവെന്നതാണത്. ഒന്നാം ഖലീഫ അബൂബക്ർ(റ)വിന്റെ കാലത്താണ് വിശുദ്ധ ഖുർആൻ സമാഹരണം നടന്നത്. അന്നത് പൂർണ്ണമായി ക്രമപ്പെടുത്തി എഴുതി ഒരു പുറം ചട്ടയ്ക്കുള്ളിലൊതുങ്ങുന്ന ഗ്രന്ഥമാക്കി മാറ്റി. ഖലീഫ തന്നെയായിരുന്നു അതിന്റെ സൂക്ഷിപ്പുകാരൻ. അദ്ദേഹത്തിന്റെ മരണത്തോടെ ആ കയ്യെഴുത്തു പ്രതി രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്താബ്(റ)വിന്റെ കൈയ്യിലായി. അദ്ദേഹത്തിന്റെ മരണത്തോടെ മകൾ ഹഫ്സ്വ(റ)യായി അതിന്റെ സൂക്ഷിപ്പുകാരി.

അതൊരു അപാര ബഹുമതി തന്നെയായിരുന്നു. അത്രയും വിശ്വാസ്യതയും മതിപ്പും ആദരവും സമൂഹത്തിൽ അവർക്കുണ്ടായിരുന്നുവെന്നാണ് അത് വ്യക്തമാക്കുന്നത്. ഈ കയ്യെഴുത്തുപ്രതിയെ അടിസ്ഥാനമാക്കിയാണ് മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ)വിന്റെ കാലത്ത് ഒരു വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ ഖുർആൻ കോപ്പികൾ എഴുതിയുണ്ടാക്കിയത്. ആ കോപ്പികൾ ഇസ്‌ലാമിന് കീഴ്പ്പെട്ട പ്രദേശങ്ങളിലേക്കെല്ലാം അയച്ചു കൊടുത്തിരുന്നു. അതിൽപിന്നെയും യഥാർത്ഥ കയ്യെഴുത്തുപ്രതിയുടെ സൂക്ഷിപ്പുകാരി ഹഫ്സ്വ(റ) തന്നെയായിരുന്നു. ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയിരുന്ന അവർ

പിതാവിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് മറ്റു ഭാര്യമാർക്കാർക്കും ലഭിച്ചിട്ടില്ലാത്ത അസുലഭസൗഭാഗ്യം ഹഫ്സ്വ(റ)യെ തേടിയെത്തി. വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ കയ്യെഴുത്തുപ്രതി സൂക്ഷിക്കാനുള്ള അവസരം കൈവന്നുവെന്നതാണത്. ഒന്നാം ഖലീഫ അബൂബക്ർ(റ)വിന്റെ കാലത്താണ് വിശുദ്ധ ഖുർആൻ സമാഹരണം നടന്നത്. അന്നത് പൂർണ്ണമായി ക്രമപ്പെടുത്തി എഴുതി ഒരു പുറം ചട്ടയ്ക്കുള്ളിലൊതുങ്ങുന്ന ഗ്രന്ഥമാക്കി മാറ്റി. ഖലീഫ തന്നെയായിരുന്നു അതിന്റെ സൂക്ഷിപ്പുകാരൻ.

അബൂബക്ർ(റ)വിന്റെ കാലത്തെ ഖുർആൻ സമാഹരണത്തിലും ഉസ്മാൻ(റ)വിന്റെ കാലത്തെ പകർത്തിയെഴുത്തിലും പ്രധാന പങ്കു വഹിച്ചിട്ടുണ്ടെന്നാണ് ചരിത്രം.

വിശുദ്ധ ഖുർആന്റെ ആദ്യ കോപ്പി മറ്റാർക്കും വിട്ടുകൊടുക്കാൻ അവർ തയ്യാറായിരുന്നില്ല. മരണം വരെ അതവരുടെ കൈവശം തന്നെയായിരുന്നു. മർവാൻ മദീനയിലെ ഗവർണറായിരുന്നപ്പോൾ ആ കയ്യെഴുത്തുപ്രതി ആവശ്യപ്പെട്ടെങ്കിലും കൊടുക്കാൻ ഹഫ്സ്വ(റ) തയ്യാറായില്ല. ഭദ്രമായി സൂക്ഷിക്കപ്പെട്ട അത് അവരുടെ മരണാനന്തരം സഹോദരനായ അബ്ദുല്ലാഹിബ്നു ഉമർ(റ)വിന്റെ കൈയിലായി. പിന്നീട് മർവാൻ അത് കൈവശപ്പെടുത്തിയെങ്കിലും യഥാവിധി സൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതെങ്ങനെയോ നഷ്ടപ്പെട്ടു പോയി.

മുആവിയതുബ്നു അബൂസുഫ്യാന്റെ ഭരണകാലത്താണ് ഹഫ്സ്വ(റ) മരണമടഞ്ഞത്; ഹിജ്റ 45 ൽ. അന്നവർക്ക് അറുപത്തിമൂന്നു വയസ്സായിരുന്നു പ്രായം. (അറുപതാണെന്നും അഭിപ്രായമുണ്ട്.)

അവരുടെ മരണത്തിൽ മദീന തേങ്ങി. ജനങ്ങൾ അത്രയും ആദരവോടെ കണ്ടിരുന്ന മഹതിയായിരുന്നല്ലോ അവർ. മദീനാ ഗവർണറായിരുന്ന മർവാനുബ്നു ഹകമും അബൂഹുറയ്റ(റ)വുമാണ് അവരുടെ മയ്യിത്ത് ചുമന്നു കൊണ്ടുപോയത്. മർവാന്റെ നേതൃത്വത്തിലാണ് മയ്യിത്ത് നിസ്കാരം നടന്നത്. തിരുനബി(സ)യുടെ പത്നിമാർ അന്ത്യവിശ്രമം കൊള്ളുന്ന ബഖീഇൽ അവരെ കബറടക്കി. 60 ഹദീസുകൾ ഹഫ്സ്വ(റ) തിരുനബി(സ)യിൽ നിന്ന് നിവേദനം ചെയ്തിട്ടുണ്ട്.

അവർക്കല്പം സമ്പത്തുണ്ടായിരുന്നു. അതിലൊരു ഭാഗം അവർ സഹോദരൻ അബ്ദുല്ല(റ)വിനു ദാനമായി നൽകി. ബാക്കി പാവങ്ങൾക്ക് വിതരണം ചെയ്യാൻ വസിയ്യത്ത് ചെയ്യുകയുമുണ്ടായി. (അവസാനിച്ചു)

മുആവിയതുബ്നു അബൂസുഫ്യാന്റെ ഭരണകാലത്താണ് ഹഫ്സ്വ(റ) മരണമടഞ്ഞത്; ഹിജ്റ 45 ൽ. അന്നവർക്ക് അറുപത്തിമൂന്നു വയസ്സായിരുന്നു പ്രായം. (അറുപതാണെന്നും അഭിപ്രായമുണ്ട്.) അവരുടെ മരണത്തിൽ മദീന തേങ്ങി. ജനങ്ങൾ അത്രയും ആദരവോടെ കണ്ടിരുന്ന മഹതിയായിരുന്നല്ലോ അവർ. മദീനാ ഗവർണറായിരുന്ന മർവാനുബ്നു ഹകമും അബൂഹുറയ്റ(റ)വുമാണ് അവരുടെ മയ്യിത്ത് ചുമന്നു കൊണ്ടുപോയത്. മർവാന്റെ നേതൃത്വത്തിലാണ് മയ്യിത്ത് നിസ്കാരം നടന്നത്.

മറുകുറിപ്പ്

വിവാഹാഘോഷങ്ങളിലെ ധൂർത്തും അനാചാരങ്ങളും

○ സഹ്ൽ തോട്ടുപൊയിൽ

ഓഗസ്റ്റ് ലക്കം സുന്നത്ത് മാസികയിൽ പ്രസിദ്ധീകരിച്ച അതിരുവിടുന്ന വിവാഹാഘോഷങ്ങൾ എന്ന ലേഖനം വായിച്ചപ്പോൾ സന്തോഷ് എച്ചിക്കാനത്തിന്റെ ബിരിയാണി എന്ന കഥയാണ് ഓർമ്മ വന്നത്. ഒരു ആഡംബരകല്യാണത്തിൽ ബാക്കിവന്ന ബിരിയാണി കുഴിച്ചുമൂടാൻ വേണ്ടി കുഴി വെട്ടുന്ന ദരിദ്രവാസിയാണ് ആ കഥയിലെ പ്രധാന കഥാപാത്രമായ ഗോപാൽയാദവ്. പട്ടിണി കിടന്നാണ് മകൾ മരിച്ചുപോയതെന്ന ഗോപാൽ യാദവിന്റെ കണ്ണീർ വാക്കുകളോടെയാണ് കഥ സമാപിക്കുന്നത്.

ഇല്ലായ്മയുടെ ദുരിതക്കയത്തിൽ നിന്ന് പ്രവാസമാണ് മലയാളികളെ പ്രമാണിമാരാക്കിയത്. ആ പ്രൗഢിയെ അടയാളപ്പെടുത്താനുള്ള മത്സരങ്ങളായിരുന്നു പിന്നീടങ്ങോട്ട്. ലേഖനത്തിൽ പരാമർശിച്ച ആഡംബര വിവാഹങ്ങളിലും പ്രവാസത്തിന്റെ സ്വാധീനം കാണാം. 'ഇങ്ങനെയൊക്കെ ആയാലേ കല്യാണമാകൂ' എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിപ്പെട്ടിരിക്കുന്നു. മതാനുഷ്ഠാനങ്ങളോടോ നിയമങ്ങളോടോ ഒരു കൂറും പുലർത്താത്ത ഇത്തരം സമീപനങ്ങൾ നമ്മുടെ നാട്ടാചാരമായി രൂപാന്തരപ്പെട്ടതിനെ വിമർശിക്കാതിരിക്കാനാവില്ല.

അനഭിലഷണീയമായ സംസ്കാരങ്ങളെ അനുകരിച്ച് നമ്മുടെ മതത്തിന്റെയും സംസ്കാരത്തിന്റെയും തനിമ ഇല്ലാതാക്കുകയാണ് പുതിയ വിവാഹവേദികൾ. എല്ലാ മേഖലകളിലും സംഭവിച്ച സാംസ്കാരിക മാറ്റത്തിന്റെ പ്രകടമായ ഉദാഹരണങ്ങളാണവ. വസ്ത്രങ്ങളിലും ഭക്ഷണങ്ങളിലുമെല്ലാം നാം കാണിക്കുന്ന ദുർവ്യയം ഏതു സംസ്കാരത്തിൽ നിന്ന് പഠിച്ചെടുത്തതാണ്? ഇന്നലെകളിൽ കൃത്യമായി അനുഷ്ഠിച്ചിരുന്ന മതചിട്ടകളിൽ നാം അലംഭാവം കാണിക്കുന്നതെന്തുകൊണ്ടാണ്? ഉത്തരങ്ങൾ കണ്ടെത്തിയേ മതിയാവൂ. തീർത്തും അപകടകരമായ പ്രവണതകളിലേക്ക് നാം മാറിയിരിക്കുന്നു. വിവിധ സന്തോഷസംഗമങ്ങളിൽ ഭക്ഷണം പാഴാക്കിക്കളയുന്നതും പണം ധൂർത്തടിച്ചു തീർക്കുന്നതും മതനിയമങ്ങൾ അവഗണിക്കുന്നതും ഒരു പ്രശ്നമല്ലാതായി മാറിയിട്ടുണ്ട്.

വിശുദ്ധ ഇസ്‌ലാം വിഭാവനം ചെയ്യുന്ന സാംസ്കാരികക്രമങ്ങൾ എത്ര ലളിതവും സുന്ദരവുമാണ്. ധൂർത്തിനെ മതം ശക്തമായി വിമർശിക്കുന്നു. ഒത്തുചേരലിന്റെ മഹത്വവും ആതിഥ്യമര്യാദകളും കൃത്യമായി തിട്ടപ്പെടുത്തിയ ഒരു പ്രത്യയശാസ്ത്രമാണ് ഇസ്‌ലാം. ലേഖനത്തിൽ വിമർശിച്ച വിവാഹാഘോഷങ്ങളിൽ എവിടെയാണ് മതത്തിന്റെ മാതൃക കാണാനാവുക? പ്രാദേശിക സംസ്കാരങ്ങളുടെ ഭാഗമായി രൂപപ്പെട്ട ബഹുവർണക്കല്യാണങ്ങൾ, ധൂർത്തടിച്ചു തീർക്കുന്ന ഭക്ഷണരീതികൾ, അതിഥികളോടുള്ള മാന്യമല്ലാത്ത സമീപനം, അയൽക്കാരോടുള്ള അപക്വമായ പെരുമാറ്റം തുടങ്ങിയവയെല്ലാം ഇസ്‌ലാം ശക്തിയുക്തം എതിർത്തിട്ടുണ്ട്. തിരുഹദീസുകളിലെല്ലാം ഉത്തമപെരുമാറ്റത്തിന്റെ മാതൃകകൾ നമുക്ക് കാണാനാകും.

ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയം കൃത്യമായി അവതരിപ്പിച്ച് പരിഹാരങ്ങൾ നിർദ്ദേശിച്ച ലേഖനം കാലികപ്രസക്തമാണ്.

നോവൽ ഗംഭീരം

○ മുഹമ്മദ് സി.കെ സ്വലാത്ത് നഗർ

സുന്നത്ത് മാസികയിൽ 26 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ഇരുട്ടും വെളിച്ചവും വഴിപിരിയുംനേരം എന്ന നോവൽ വളരെ ഹൃദ്യമായി. മാതൃകായോഗ്യമായ കുടുംബജീവിതം, മക്കളോടും മാതാപിതാക്കളോടുമുള്ള സമീപനം, തൊഴിൽരംഗത്തുള്ള പെരുമാറ്റം തുടങ്ങിയവ എങ്ങനെയായിരിക്കണമെന്നും ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളെയും സന്തോഷ നിമിഷങ്ങളെയും എങ്ങനെ കൈകാര്യം ചെയ്യണമെന്നും നോവൽ വായനക്കാരനെ പഠിപ്പിക്കുന്നു. നോവലിന്റെ പല ഭാഗങ്ങളും കണ്ണുകളെ ഈറനണിയിച്ചു; ചിലത് സന്തോഷം കൊണ്ടും മറ്റു ചിലത് സങ്കടം കൊണ്ടും. നോവൽ എഴുതിയ മുജ്തബ നസീഹിനും മാസികയുടെ അണിയറശില്പികൾക്കും അഭിനന്ദനങ്ങൾ. തുടർന്നും ഇങ്ങനെയുള്ള നോവലുകൾ പ്രതീക്ഷിക്കുന്നു.

സ്മരണ

ഫാത്തിമ ഹുസ്ന ഹാദിയ

ഉഹ്ദിലെ പെൺപുലി ബീവി ഉമ്മുഉമാറ(റ)

ഇസ്ലാമിക ചരിത്രത്തിൽ ധീരതയും സാഹസികതയും പ്രകടമാക്കിയ ഒട്ടേറെ വനിതകളുണ്ട്. അത്തരമൊരു പൊൻതൂവലാണ് അൻസ്വാരിയായ നുസൈബ എന്ന ഉമ്മു ഉമാറ(റ). മികച്ചൊരു കുടുംബിനി കൂടിയായിരുന്നു അവർ. തന്റെ രണ്ട് മക്കളെയും അഖബ ഉടമ്പടികളിൽ പങ്കാളികളാക്കിയ മഹതിയാണവർ. മതനിഷ്ഠകളും ധാർമിക മൂല്യങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ടു തന്നെ സ്ത്രീകൾക്ക് ചരിത്രത്തിൽ ഇടം നേടാമെന്ന് മഹതി മഹദ്ജീവിതത്തിലൂടെ കാണിച്ചു തന്നു. സൂറതുഅഹ്സാബിലെ മുപ്പത്തിയഞ്ചാം സൂക്തത്തിൽ പുരുഷനു തുല്യമായ ഗുണവിശേഷണങ്ങളും മഹത്വങ്ങളും പ്രതിഫലവും സ്ത്രീകൾക്കും ലഭിക്കുമെന്ന അല്ലാഹുവിന്റെ പ്രഖ്യാപനം സ്വജീവിതത്തിലൂടെ മഹതി പ്രകാശിപ്പിച്ചു.

അയ്യാമുത്തശ്‌രീഖിന്റെ രണ്ടാം നാൾ ജംറതുൽ അഖബക്കടുത്ത് വളരെ രഹസ്യമായി നടന്ന രണ്ടാം അഖബ ഉടമ്പടിയിൽ എഴുപത്തിമൂന്ന് പുരുഷന്മാരോടൊപ്പം ചേർന്ന രണ്ട് സ്ത്രീകളിൽ ഒരാൾ ഉമ്മുഉമാറബീവി(റ) യായിരുന്നല്ലോ.

'സുഖത്തിലും ദുഃഖത്തിലും സൗഭാഗ്യത്തിലും ദൗർഭാഗ്യത്തിലും ഞങ്ങൾ അങ്ങയെ കേൾക്കുകയും അനുസരിക്കുകയും ചെയ്യും. ഏതവസരത്തിലും സത്യം മാത്രമേ പറയുകയുള്ളൂ. അല്ലാഹുവിന്റെ കാര്യത്തിൽ ഒരാക്ഷേപകന്റെ ആക്ഷേപവും ഞങ്ങൾ ഭയക്കുകയില്ല' എന്നവർ പ്രതിജ്ഞ ചെയ്തു. അതോടെ യസ്‌രിബ് നിവാസികൾ അൻസ്വാരികളായി മാറി. ഉടമ്പടി കഴിഞ്ഞ് അത്യാവേശത്തോടെ യസ്‌രിബിലെത്തിയ മഹതി നബി(സ)യെ സ്വീകരിക്കാനുള്ള ഒരുക്കത്തിലായിരുന്നു. യസ്‌രിബിനെ മദീനത്തുറസൂലില്ലാഹിയാക്കി മാറ്റുന്നതിൽ മഹതിയുടെ പങ്ക് നിർണ്ണായകമാണ്.

യസ്‌രിബിലെ പ്രസിദ്ധമായ ഖസ്റജ് ഗോത്രത്തിലാണ് മഹതിയുടെ ജനനം. ധീരവനിതയായിരുന്നു ബീവി. ഒരു പുലിയുടെ ശൗര്യത്തോടെ ഉഹ്ദ് രണാങ്കണത്തിൽ ഓടിനടന്നു അവർ.

> **തിരുനബി(സ) മഹതിയുടെ ആവേശം കണ്ട് പറഞ്ഞു: 'ഉമ്മുഉമാറാ, നിങ്ങളുടെ സഹനശക്തി അപാരം തന്നെ. നിങ്ങളീ ചെയ്തതുപോലെ ചെയ്യാൻ മറ്റാർക്കും കഴിയില്ല.'**

അപ്രതീക്ഷിതമായി ശത്രുക്കളുടെ കടന്നാക്രമണമുണ്ടായപ്പോൾ എല്ലാവരും ഒരു നിമിഷം അന്ധിച്ചു നിന്നുപോയി. തിരുനബി(സ)ക്കരികിൽ വിരലിലെണ്ണാവുന്ന സ്വഹാബികൾ മാത്രമാണുണ്ടായിരുന്നത്. മഹതിയുടെ ഉള്ളൊന്നു കാളി. വാളെടുത്തവർ മുമ്പോട്ട് കുതിച്ചു. മനം നിറയെ മുത്തുനബി(സ)യാണ്. ഒരു പോറലുമേൽപ്പിക്കില്ലെന്ന് അന്ന് പ്രതിജ്ഞ ചെയ്തതാണല്ലോ. ചീറിപ്പാഞ്ഞു വരുന്ന അമ്പുകളെ സ്വശരീരം കൊണ്ടവർ തടുത്തു. തിരുമേനി(സ)ക്ക് രക്ഷാകവചമായി നിലകൊണ്ടു. ഒന്നിനു പിറകെ ഒന്നായി വന്ന കുതിരപ്പടയാളികളെയൊന്നും തിരുനബി(സ)യുടെ അടുത്തേക്കെത്താൻ അനുവദിക്കില്ലെന്ന വാശിയിലായിരുന്നു ബീവി.

എല്ലാം നേരിൽ കണ്ട തിരുനബി(സ) മഹതിയുടെ ആവേശം കണ്ട് പറഞ്ഞു: 'ഉമ്മുഉമാറാ, നിങ്ങളുടെ സഹനശക്തി അപാരം തന്നെ. നിങ്ങളീ ചെയ്തതു പോലെ ചെയ്യാൻ മറ്റാർക്കും കഴിയില്ല.'

ഉഹ്ദ്‌യുദ്ധത്തിലേറ്റ പരിക്കു കാരണം ദീർഘകാലം ചികിത്സയിൽ കഴിഞ്ഞെങ്കിലും മഹതിയുടെ ആവേശം തളർന്നില്ല. തുടർന്ന് ഖന്ദഖ്, ഹുദൈബിയ്യ, ഫത്ഹുമക്ക, ഹുനൈൻ, ഖൈബർ തുടങ്ങിയ യുദ്ധങ്ങളിലെല്ലാം അവർ സേവനനിരതരായിരുന്നു.

ജീവനേക്കാളേറെ സ്നേഹിക്കുന്ന അല്ലാഹുവിന്റെ റസൂലിന് വേണ്ടിയായിരുന്നു അവർ പടക്കളത്തിലിറങ്ങിയത്. സ്വഹാബികൾക്കിടയിലും ഉമ്മു ഉമാറ(റ) ആദരണീയയായിരുന്നു. അവർ പല കാര്യങ്ങളിലും മഹതിയോട് അഭിപ്രായങ്ങൾ ആരായാറുണ്ടായിരുന്നു. തിരുനബി(സ)യിൽ നിന്ന് ചില ഹദീസുകൾ മഹതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആദ്യ ഭർത്താവ് സൈദ്(റ) വിന്റെ മരണശേഷം ഗസിയ്യതുബ്നുഅംറ് അവരെ വിവാഹം ചെയ്തു. ഹിജ്റ പതിമൂന്നാം വർഷം മദീനയിൽ വെച്ചവർ ഇഹലോക വാസം വെടിഞ്ഞു.

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

മദ്റസകൾ നന്മകളുടെ ഉദ്യാനങ്ങൾ

മദ്റസ ഒരു അറബി പദമാണ്. വിദ്യാലയം, പാഠശാല എന്നൊക്കെയാണ് അതിനർത്ഥം. ബഹുസ്വര സമൂഹത്തിന്റെ ഒത്ത നടുവിൽ വളരെ സുതാര്യമായാണ് നമ്മുടെ മദ്റസകൾ പ്രവർത്തിക്കുന്നത്. മദ്റസകളിൽ അപരമത വിദ്വേഷം പഠിപ്പിക്കുന്നു എന്നൊക്കെ പറയുന്നത് കേൾക്കുമ്പോൾ വലിയ ദുഃഖമുണ്ട്. മദ്റസകളിൽ പഠിപ്പിക്കുന്നത് അപരമത വിദ്വേഷമല്ല; ഒരു ബഹുസ്വര സമൂഹത്തിൽ പരസ്പരം സഹകരിച്ചും സഹിഷ്ണുതയോടെയും എങ്ങനെ ജീവിക്കാമെന്നതാണ്. മദ്റസകളിൽ പഠിപ്പിക്കപ്പെടുന്ന പാഠപുസ്തകങ്ങൾ ആർക്കും നോക്കാവുന്നതാണല്ലോ. അതിൽ ഒരു വിശ്വാസി അനുഷ്ഠിക്കേണ്ട കർമ്മശാസ്ത്രം, വിശ്വാസപരമായ കാര്യങ്ങൾ, സാമൂഹ്യ സ്വഭാവശാസ്ത്ര പാഠങ്ങൾ, ചരിത്രം എന്നിവ മാത്രമാണുള്ളത്.

മദ്റസകളിൽ വളരെ പ്രധാന്യത്തോടെ പഠിപ്പിക്കുന്നത് ഖുർആൻ പാരായണ വിജ്ഞാന ശാസ്ത്രമാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഖുർആൻ വേദഗ്രന്ഥമാണ്. അല്ലാഹുവിന്റെ വചനങ്ങളാണത്. അല്ലാഹുവിൽ നിന്ന് ജിബ്രീൽ(അ) മുഖേന പ്രവാചകനായ നബി(സ)ക്ക് ലഭിച്ച പ്രകാരം

> **ഒരിക്കലും മദ്റസാധ്യാപകർക്ക് സർക്കാറിന്റെ ശമ്പളം ലഭിക്കുന്നില്ല. എന്നാൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി കേരളത്തിൽ പാലോളി കമ്മിറ്റി ഉണ്ടാക്കിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിലുള്ള മറ്റു തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിതരായ വിഭാഗങ്ങൾക്ക് കൊടുക്കുന്നതു പോലെ മദ്റസാധ്യാപകരിൽ നിന്ന് മാസത്തിൽ 100 രൂപ വീതം വിഹിതം സ്വീകരിച്ചുകൊണ്ട് ഒരു ക്ഷേമനിധി ഉണ്ടാക്കിയിട്ടുണ്ട്.**

തന്നെ ലോകാവസാനം വരെയുള്ള എല്ലാ വിശ്വാസിയും അത് പാരായണം ചെയ്യണമെന്നാണ് നിയമം. അതു പഠിപ്പിക്കാനാണ് മദ്റസകളുടെ സമയം കൂടുതലും ചെലവഴിക്കുന്നത്. ഇത് ആർക്കുമെതിരെയുള്ള സംവിധാനമല്ല.

മദ്റസകളിൽ നടക്കുന്നത് താരതമ്യ പഠനമാണെന്ന് തെറ്റിദ്ധരിച്ചവരുണ്ട്. മദ്റസ അത്തരം കേന്ദ്രങ്ങളല്ല. മറ്റു മതങ്ങളെ സംബന്ധിച്ച് പഠിപ്പിക്കുകയും ആ മതങ്ങളൊക്കെ മോശമാണെന്ന് പറയുകയും ചെയ്യുന്ന ഇടമല്ല. മറിച്ച്, ധാർമിക മൂല്യങ്ങൾ പഠിപ്പിച്ച് കുട്ടികളെ ഉത്തമ പൗരന്മാരാക്കുന്ന കേന്ദ്രമാണ് മദ്റസ.

കേരളത്തിലെ മദ്റസകളും ഉത്തരേന്ത്യയിലെ മദ്റസകളും തമ്മിൽ ഏറെ വ്യത്യാസമുണ്ട്. കേരളത്തിൽ പഠിപ്പിക്കുന്നതു പോലെ പ്രാഥമിക പഠനങ്ങൾ മാത്രമല്ല ഉത്തരേന്ത്യൻ മദ്റസകളിൽ പഠിപ്പിക്കുന്നത്, അവിടെ ഡിഗ്രിയും പിജിയും അതിനു മുകളിലുള്ള സംവിധാനങ്ങളൊക്കെയുണ്ട്. നമ്മുടെ നാട്ടിലെ ഒരു പഞ്ചായത്തിൽ ഒന്നോ രണ്ടോ മൂന്നോ ഹൈസ്കൂളുകളുണ്ടാകും. എന്നാൽ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സ്കൂളുകൾ കൂടുതൽ കാണില്ല. പൊതുവിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ മതപഠനവും പൊതുവിദ്യാഭ്യാസവും നൽകിക്കൊണ്ട് മുസ്‌ലിംകളും അല്ലാത്തവരും ഇടകലർന്നു പഠിക്കുകയും സന്തോഷകരമായി മുന്നോട്ടു പോവുകയും ചെയ്യുന്ന പല മദ്റസകളും അവിടെയുള്ളതായി നമുക്കറിയാം. വാസ്തവത്തിൽ ആ മദ്റസകൾ ബദൽസ്കൂളുകളായാണ് സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നത്. അതുകൊണ്ട് കേരളത്തിനകത്തും പുറത്തുമുള്ള മദ്റസകളുടെ രീതികൾ വ്യത്യസ്തമാണ്. പാകിസ്ഥാനിലെ സിലബസ് ഖീഫാ

ഉന്നത ചൈൽഡ്‌ലൈൻ ഉദ്യോഗസ്ഥൻ നൽകിയ വിവരമനുസരിച്ച് പോക്സോ കേസുകളിലകപ്പെടുന്ന അധ്യാപകർ 4 മാത്രമാണ്. ഇവരിൽ മദ്റസാധ്യാപകർ കുറച്ചു മാത്രമാണുള്ളത്. തെറ്റിദ്ധാരണകളുടെയും വ്യാജമൊഴികളുടെയും അടിസ്ഥാനത്തിൽ കേസിലകപ്പെടുന്നവരുമുണ്ട്. എത്ര ചെറുതാണെങ്കിലും പോക്സോ വിഭാഗത്തിൽ ഉൾപ്പെടുന്ന തെറ്റ് ഏതെങ്കിലും അധ്യാപകനിൽ നിന്നുണ്ടാകുന്നുവെങ്കിൽ അത് ഗൗരവത്തോടെ കാണുകയും അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുകയും വേണം.



റിലൊക്കെ പഠിപ്പിക്കുന്നുണ്ടെന്ന വാദം മറുപടി അർഹിക്കുന്നില്ല. പാക്കിസ്ഥാനിൽ നിന്ന് പുസ്തകം അച്ചടിച്ച് കൊണ്ടുവന്ന് ഇന്ത്യയിലേതെങ്കിലും സംസ്ഥാനത്ത് പഠിപ്പിക്കുന്നുണ്ടെങ്കിൽ കേന്ദ്ര അഭ്യന്തര മന്ത്രാലയമാണത് പരിശോധിച്ച് കണ്ടുകെട്ടേണ്ടത്. അതവർ ചെയ്യേണ്ട ജോലിയാണല്ലോ. നാം അതിനെക്കുറിച്ചാലോചിക്കേണ്ടതില്ല.

പീഡനകേന്ദ്രങ്ങളാണെന്നു പറഞ്ഞ് മദ്റസകളെ വിമർശിക്കുന്ന ചിലരുണ്ട്. ചൈൽഡ്‌ലൈൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരുപാട് ക്ലാസുകൾ മദ്റസാധ്യാപകർക്ക് നൽകിവരുന്നുണ്ട്. ഉന്നത ചൈൽഡ്‌ലൈൻ ഉദ്യോഗസ്ഥൻ നൽകിയ വിവരമനുസരിച്ച് പോക്സോ കേസുകളിലകപ്പെടുന്ന അധ്യാപകർ 4% മാത്രമാണ്. ഇവരിൽ മദ്റസാധ്യാപകർ കുറച്ചു മാത്രമാണുള്ളത്. തെറ്റിദ്ധാരണകളുടെയും വ്യാജമൊഴികളുടെയും അടിസ്ഥാനത്തിൽ കേസിലകപ്പെടുന്നവരുമുണ്ട്. എത്ര ചെറുതാണെങ്കിലും പോക്സോ വിഭാഗത്തിൽ ഉൾപ്പെടുന്ന തെറ്റ് ഏതെങ്കിലും അധ്യാപകനിൽ നിന്നുണ്ടാകുന്നുവെങ്കിൽ അത് ഗൗരവത്തോടെ കാണുകയും അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുകയും വേണം. ഇത്തരം അപൂർവ്വ കേസുകളെ പർവ്വതീകരിച്ച് മദ്റസകൾ പീഡനകേന്ദ്രങ്ങളാണെന്ന് പറയുന്നവരോട് അങ്ങനെയല്ലെന്ന് പറയാൻ വേണ്ടി മാത്രമാണിത് സൂചിപ്പിച്ചത്.

മദ്റസയിലെ ഉസ്താദുമാർക്ക് ലോകവിവരമില്ലെന്ന് വിചാരിക്കുന്നവരുണ്ട്. കാലോചിതമായി സംഘടിപ്പിക്കുന്ന വിദഗ്ധമായ ട്രെയിനിങ് ക്ലാസുകൾ ലഭിച്ചവരാണ് മദ്റസാധ്യാപകർ. ലേണിംങ് ബാക്‌വേർഡ്നെസ്സാണ് ഈ വർഷത്തെ 20 മണിക്കൂർ ക്ലാസിന്റെ വിഷയം. ശാരീരിക പ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ, വിദ്യാഭ്യാസ മനഃശാസ്ത്ര ലെവൽ, വൈകാരിക പ്രശ്നങ്ങൾ, പഠന രീതികൾ, അടിസ്ഥാനശേഷികൾ, പഠനശേഷികൾ, ജീവിതശേഷികൾ, ഓർമ തുടങ്ങിയ വിഷയങ്ങൾ എല്ലാ അധ്യാപകർക്കും അനുയോജ്യമായ രീതിയിൽ വളരെ സുസജ്ജമായി നടത്തുന്ന ട്രെയിനിങ് ക്യാമ്പുകളാണത്.

മദ്റസാധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നുണ്ടെന്നാണ് മറ്റൊരു ആരോപണം. ഒരിക്കലും മദ്റസാധ്യാപകർക്ക് സർക്കാറിന്റെ ശമ്പളം ലഭിക്കുന്നില്ല. ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി കേരളത്തിൽ പാലോളി കമ്മിറ്റി ഉണ്ടാക്കിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിലുള്ള മറ്റു തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിതരായ വിഭാഗങ്ങൾക്ക് കൊടുക്കുന്നതു പോലെ മദ്റസാധ്യാപകരിൽ നിന്ന് മാസത്തിൽ 100 രൂപ വീതം വിഹിതം സ്വീകരിച്ചുകൊണ്ട് ഒരു ക്ഷേമനിധി ഉണ്ടാക്കിയിട്ടുണ്ട്. ആ ക്ഷേമനിധിയുടെ ഭാഗമായി ചില ആനുകൂല്യങ്ങൾ അടുത്ത കാലത്തായി മദ്റസാധ്യാപകർക്ക് അനുവദിച്ചിട്ടുണ്ട് എന്നതല്ലാതെ ശമ്പളമോ സർക്കാറിന്റെ ആനുകൂല്യങ്ങളോ മദ്റസാധ്യാപകർക്ക് നമ്മുടെ

നാട്ടിൽ ഇതുവരെ ഉണ്ടായിട്ടില്ല. കേരളത്തിനു പുറത്ത് പലസ്ഥലങ്ങളിലും സഹായം നൽകുന്നുണ്ടെന്ന് പറയുന്നത്, അവിടെ സാധാരണരീതിയിൽ നൽകേണ്ട പൊതുവിദ്യാഭ്യാസം സർക്കാറിന് നൽകാൻ കഴിയാത്തിടത്ത് ബദൽസ്കൂളുകളായി പ്രവർത്തിക്കുന്ന മദ്റസകൾക്ക് ചില സഹായങ്ങൾ നൽകുന്നു എന്നതിനാലാണ്. അല്ലാതെ പ്രത്യേകമായി എടുത്തു പറയേണ്ടതൊന്നും അവിടെയില്ല.

നാം ജീവിക്കുന്ന ബഹുസ്വര സമൂഹത്തിന് അനുഗുണമല്ലാത്ത രീതിയിലുള്ള ഒരു കാര്യവും പ്രചരിപ്പിച്ച് നമ്മുടെ രാജ്യത്തെ ജനങ്ങളെ കാലുഷ്യത്തിലേക്കു നയിക്കാൻ ആരുടെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടാകരുത്.

മദ്റസകളിൽ ഖുർആനല്ലേ പഠിപ്പിക്കുന്നത്, ഖുർആനിൽ അവിശ്വാസികളെ കൊല്ലാനല്ലേ പറയുന്നത് എന്നിങ്ങനെയുള്ള കഴമ്പില്ലാത്ത ആരോപണങ്ങൾ പറഞ്ഞ് ആനന്ദം കണ്ടെത്തുന്ന ചിലരുണ്ട്. ഖുർആൻ ഉദ്ഘോഷിക്കുന്നത് മാനവികതയാണ്. ഒരു മനുഷ്യനെ അന്യായമായി വധിക്കുന്നത് മാനവസമൂഹത്തെ മുഴുവൻ വധിക്കുന്നതിനു തുല്യമാണെന്നാണ് ഖുർആനികാധ്യാപനം. അതേസമയം ഖുർആനിൽ പല കാര്യങ്ങളും പരാമർശിച്ചിട്ടുണ്ട്. രാഷ്ട്ര നിയമങ്ങൾ, സൈനിക ചിട്ടകൾ, യുദ്ധമുഖത്ത് സ്വീകരിക്കേണ്ട നയങ്ങൾ, നിലപാടുകൾ തുടങ്ങിയ സർവ്വ വിഷയങ്ങളെക്കുറിച്ചുമുള്ള ഗഹനമായ പഠനങ്ങൾ ഉൾക്കൊണ്ട ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അയൽരാജ്യവുമായി യുദ്ധമുണ്ടാകുമ്പോൾ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് രാജ്യത്തെ സംരക്ഷിക്കുന്ന നിലപാടായിരിക്കുമല്ലോ. അതുപോലെയുള്ള ചില സൈനിക നിയമങ്ങളും മറ്റും ഖുർആനിലുണ്ടാകാം. ഇത്തരം നൈതികമായ പരാമർശങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ജനങ്ങൾക്കിടയിൽ ബോധപൂർവ്വം തെറ്റിദ്ധാരണയുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറണമെന്നു മാത്രമാണ് പറയാനുള്ളത്.

ആരോഗ്യം

അബൂലിയാന

പേരയില കളയല്ലേ...

പരമ്പരാഗത വൈദ്യശാസ്ത്രത്തിലും പാചക പാരമ്പര്യത്തിലും പേരയ്ക്കായിലകൾക്ക് വലിയ പ്രാധാന്യമുണ്ട്. പേരയിലയുടെ ഏതാനും ആരോഗ്യ ഗുണങ്ങൾ:

1. ആന്റി ഓക്സിഡന്റുകളാൽ സമ്പന്നമായ പേരയിലയിൽ ഉയർന്നയളവിൽ ക്വെർസെറ്റിനും ഫ്ലേവനോയ്ഡുകളും അടങ്ങിയിട്ടുണ്ട്. ഇത് ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗങ്ങളുടെ സാധ്യത കുറയ്ക്കുകയും വാർദ്ധക്യകാല ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യും.

2. സങ്കീർണ്ണമായ കാർബോഹൈഡ്രേറ്റുകളെ പഞ്ചസാരയാക്കി മാറ്റുന്നത് തടയുന്നതിലൂടെ അമിതമായ കൊഴുപ്പ് അടിഞ്ഞുകൂടുന്നത് തടയാനും ശരീരഭാരം കുറയ്ക്കാനും പേരയില സഹായിക്കുന്നു. പേരയിലച്ചായ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുകയും ഇൻസുലിൻ സംവേദനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യും. ടൈപ്പ് 2 പ്രമേഹമുള്ളവർക്ക് ഇത് ഏറെ ഗുണം ചെയ്യും. പേരയിലയിലെ സംയുക്തങ്ങൾ ഗ്ലൂക്കോസ് ആഗിരണം നിയന്ത്രിക്കാൻ സഹായിക്കും.

3. പേരയില ചർമ്മത്തിന്റെ ആരോഗ്യം വർദ്ധിപ്പിക്കുന്നു. മുഖക്കുരു, ബ്ലാക്ക് ഹെഡ്സ്, പാടുകൾ എന്നിവ പോലുള്ള ചർമ്മരോഗങ്ങൾ ചികിത്സിക്കാൻ പേരയിലയിലടങ്ങിയ ആന്റിമൈക്രോബയൽ, ആന്റി ഇൻഫ്ലമേറ്ററി ഗുണങ്ങൾ സഹായകമാണ്. പേരയ്ക്കയില ചതച്ചു പുരട്ടുന്നത് ചർമത്തിലെ ബാക്ടീരിയകളെ ചെറുക്കാനും നിറം വർദ്ധിപ്പിക്കാനും സഹായിക്കും.

4. പേരയില ചവയ്ക്കുന്നത് വായയുടെ ശുചിത്വത്തിന് സഹായകമാണ്. ഇലകളിലെ ആന്റിബാക്ടീരിയൽ സംയുക്തങ്ങൾ ഹാനികരമായ ബാക്ടീരിയകളെ നശിപ്പിക്കുകയും പല്ലിൽ അടിഞ്ഞുകൂടുന്ന വെളുത്ത ദന്തഫലകങ്ങൾ കുറയ്ക്കുകയും മോണയിലെ അണുബാധയെ ലഘൂകരിക്കുകയും ചെയ്യും.

5. വീക്കവും അണുബാധയും കുറയ്ക്കാൻ സഹായിക്കുന്ന ആന്റിഇൻഫ്ലമേറ്ററി, ആന്റിമൈക്രോബയൽ ഗുണങ്ങൾ വയറുവേദനക്കും വയറിളക്കത്തിനും ശമനം നൽകും. കുടൽ വീക്കം കുറയ്ക്കാനും ഇത് സഹായിക്കും. പേരയിലയുടെ ചായ കുടിക്കുന്നത് ആമാശയത്തിലെ അണുബാധയെ ലഘൂകരിക്കുകയും ദഹനം മെച്ചപ്പെടുത്തുകയും ചെയ്യും.

ലൈഫ്സ്റ്റൈൽ

മഹ്മൂദ് ആതവനാട്

അംഗശുദ്ധീകരണവും ആരോഗ്യഗുണങ്ങളും

ഇസ്‌ലാമിക വിശ്വാസത്തിന്റെ ഭാഗമാണ് ശുചിത്വം. ഇസ്‌ലാം ശുചീകരണ പ്രവർത്തനങ്ങൾക്ക് വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്. ശരീരത്തിന്റെ ശുദ്ധീകരണം ആത്മാവിനെ ഊർജ്ജസ്വലമാക്കുന്നു. ആത്യന്തികമായി അത് നമ്മെ സർവ്വശക്തനായ അല്ലാഹുവിലേക്കടുപ്പിക്കുന്നു. ശുചിത്വവും ശുദ്ധീകരണവും അഭിലഷണീയമായ ഒരു കർമ്മമെന്നതിലുപരി നിർബന്ധകർമ്മമായാണ് ഇസ്‌ലാം കാണുന്നത്. ശുചിത്വം വിശ്വാസത്തിന്റെ അവിഭാജ്യഘടകമാണ്. അതിൽ പ്രധാനപ്പെട്ടതാണ് വുളൂഅ് അഥവാ അംഗസ്നാനം.

ശരീരത്തിന്റെ ബാഹ്യഭാഗങ്ങൾ ശുദ്ധീകരിക്കാൻ ഏറ്റവും അനുയോജ്യമായ രീതിയാണ് വുളൂഅ്. പ്രാർത്ഥന ആരംഭിക്കുന്നതിനു മുമ്പ് ചെയ്യേണ്ട ശുദ്ധീകരണ കർമ്മമാണത്. പ്രത്യേക ഉദ്ദേശ്യത്തോടെ കൈകൾ, മൂക്ക്, മുഖം, തല, ചെവി, പാദങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രത്യേക അവയവങ്ങൾ കഴുകുന്ന പ്രവർത്തനമാണ് വുളൂഅ്.

ഖുർആൻ ഉണർത്തുന്നു: 'നിങ്ങൾ നിസ്കാരത്തിനൊരുങ്ങിയാൽ മുഖവും മുട്ടുൾപ്പെടെ രണ്ട് കൈകളും കഴുകുകയും തല തടവുകയും കാലുകൾ ഞെരിയാണി ഉൾപ്പെടെ കഴുകുകയും ചെയ്യുക.' (മാഇദ 6)

ഇസ്‌ലാമിക ജീവിതക്രമത്തിലെ പ്രധാന ഘടകമായ വുളൂഅ് വ്യക്തിശുചിത്വം കാത്തുസൂക്ഷിക്കുന്നതിന്നു സഹായകമാണെന്നും ഒരു മെഡിക്കൽ സംരക്ഷണമാണെന്നും ഗവേഷണങ്ങൾ തെളിയിക്കുന്നു. നമുക്കുചുറ്റുമുള്ള രോഗാണുക്കളും മലിനീകരണങ്ങളും നേരിട്ടോ അല്ലാതെയോ വായ, മൂക്ക്, കണ്ണുകൾ എന്നീ തുറസ്സായ ശരീരഭാഗങ്ങളിലൂടെ അകത്തേക്ക് പ്രവേശിക്കാം. ദിവസത്തിൽ അഞ്ചോ അതിലധികമോ തവണ ചെയ്യുന്ന വുളൂഅ് എന്ന ശുദ്ധീകരണ പ്രക്രിയ വായയെയും ചർമ്മത്തെയും അണുബാധകളിൽ നിന്നും മറ്റു രോഗങ്ങളിൽ നിന്നും തടയാൻ സഹായിക്കുന്നു. കൂടാതെ രക്തസമ്മർദ്ദം നിയന്ത്രിക്കുകയും നമ്മുടെ രക്തചംക്രമണ സംവിധാനത്തെ സജീവമാക്കി ശരീരത്തിന് ഉന്മേഷം നൽകുകയും ചെയ്യുന്നു. അണുക്കൾക്കെതിരെയുള്ള ഒരു കവചമാണ് വുളൂഅ്.

ബ്രഷിംഗ്

വുളൂഇലെ പ്രാരംഭ കർമ്മമാണ് മിസ്‌വാക്ക്(ബ്രഷിംഗ്). ഇതിന്റെ മഹത്വം പ്രവാചകവചനങ്ങളിൽ നിന്നു വ്യക്തമാണല്ലോ. 'സിവാക്ക് വായയെ ശുദ്ധീകരിക്കുകയും അല്ലാഹുവിനെ പ്രീതിപ്പെടുത്തുകയും ചെയ്യുന്നു.' (അഹ്മദ്, ഇബ്നുമാജ)

ദന്തശുദ്ധീകരണം വാതപ്പനി പോലെയുള്ള നിരവധി രോഗങ്ങൾക്ക് കാരണമാകുന്ന അണു

> വായ ശുദ്ധീരിക്കുന്നത് മുഖത്തെ പേശികളെ ശക്തിപ്പെടുത്തുകയും മുഖസൗന്ദര്യം വർധിപ്പിക്കുകയും ചെയ്യും. വായ കഴുകുമ്പോൾ വായയുടെ പേശികൾ ശരിയായി ചലിക്കുകയും അതുവഴി ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന വേദനക്ക് ആശ്വാസം ലഭിക്കുകയും ചെയ്യും. വായയിൽ വെള്ളം നിറച്ച് കഴുകുന്ന പ്രക്രിയ വൃത്തിയാക്കാനും ദുർബലമായ മോണകൾക്ക് ദൃഢത നൽകാനും സഹായകമാണെന്ന് ആധുനിക വൈദ്യശാസ്ത്രം പറയുന്നു.

ക്കളെ (സ്ട്രെപ്റ്റോകോക്കസ് ബാക്ടീരിയ) നശിപ്പിക്കുമെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. പല്ലിൽ അടിഞ്ഞുകൂടുന്ന ബാക്ടീരിയകളടങ്ങിയ ദന്തഫലകങ്ങളെ ഇല്ലാതാക്കാനും ദന്തശുദ്ധീകരണം സഹായിക്കുന്നു.

കൈകഴുകൽ

വുളൂഇൽ കൈകൾ വൃത്തിയാക്കുന്ന രണ്ടു സന്ദർഭങ്ങളുണ്ട്: വായ കഴുകുന്നതിനു മുമ്പും മുഖം കഴുകിയതിനു ശേഷവും. വായ കഴുകുന്നതിന് മുമ്പ് കൈകൾ കഴുകിയില്ലെങ്കിൽ, കൈകളിലെ അണുക്കൾ വായിലൂടെ ശരീരത്തിൽ പ്രവേശിച്ച് നിരവധി രോഗങ്ങൾക്ക് കാരണമാകും. മനുഷ്യരുടെ അധികജോലികളും കൈകളുടെ സഹായത്തോടെ ചെയ്യുന്നതാണല്ലോ. അതിനാൽ കൈകൾ രോഗാണുക്കളുമായി സമ്പർക്കം പുലർത്താനുള്ള സാധ്യത കൂടുതലാണ്. വെള്ളമുപയോഗിച്ച് കൈ കഴുകുന്നത് രോഗകാരികളായ അണുക്കൾ പടരുന്നത് തടയാൻ ഏറ്റവും ഫലപ്രദമായ മാർഗമാണ്.

വായും മൂക്കും

കൃത്യമായ ഇടവേളകളിൽ വായ കഴുകുന്നത് തൊണ്ടയെ അണുബാധകളിൽ നിന്നും മോണയെ അൾസറിൽ നിന്നും രക്ഷിക്കുമെന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ഇത് പല്ലുകളെ സംരക്ഷിക്കുകയും പല്ലുകളുടെ വിടവുകളിൽ ശേഷിക്കുന്ന ഭക്ഷണമാലിന്യങ്ങൾ നീക്കുകയും ചെയ്യുന്നു. മാത്രമല്ല, വായ ശുദ്ധീരിക്കുന്നത് മുഖത്തെ പേശികളെ ശക്തിപ്പെടുത്തുകയും മുഖസൗന്ദര്യം വർധിപ്പിക്കുകയും ചെയ്യും. വായ കഴുകുമ്പോൾ വായയുടെ പേശികൾ ശരിയായി ചലിക്കുകയും അതുവഴി ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന വേദനക്ക് ആശ്വാസം ലഭിക്കുകയും ചെയ്യും. വായയിൽ വെള്ളം നിറച്ച് കഴുകുന്ന പ്രക്രിയ വൃത്തിയാക്കാനും ദുർബലമായ മോണകൾക്ക് ദൃഢത നൽകാനും സഹായകമാണെന്ന് ആധുനിക വൈദ്യശാസ്ത്രം പറയുന്നു.

ബ്രഷ് ചെയ്താൽ വായുടെ 25% മാത്രമേ വൃത്തിയകുകയുള്ളൂ. വായ കഴുകുന്നതിലൂടെയാണ് സമ്പൂർണ്ണ ശുദ്ധീകരണം നടക്കുന്നത്. ശ്വാസമെടുക്കുമ്പോൾ വായുവിൽ നിന്ന് മൂക്കിലൂടെ നിരവധി രോഗകാരികളായ അണുക്കൾ ഉള്ളിലേക്ക് പ്രവേശിക്കുന്നു. മൂക്കിനുള്ളിൽ ഈ രോഗാണുക്കൾ കുടുങ്ങിക്കിടക്കാൻ കൂടുതൽ സാധ്യതയുള്ളതിനാൽ വെള്ളം ഉപയോഗിച്ച് കഴുകുമ്പോൾ രോഗാണുക്കൾ പുറത്തു പോകുന്നു. മാത്രമല്ല ഈ പ്രക്രിയ ചുമ, റിനോറിയ, മൂക്കിലെ തടസ്സം എന്നിവയെ ഗണ്യമായി കുറയ്ക്കുമെന്നും പഠനങ്ങൽ തെളിയിക്കുന്നു.

മൂക്കിൽ നിന്ന് ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് അണുക്കൾ പകരാതെ സംരക്ഷിക്കാനും മൂക്ക് വൃത്തിയാക്കൽ സഹായിക്കുന്നു. സ്ഥിരമായി വൃത്തിയാക്കാത്ത മൂക്കിൽ ധാരാളം സ്ട്രെപ്റ്റോകോക്കസ്, സ്റ്റാഫൈലോകോക്കസ് അണുക്കളും മറ്റു ബാക്ടീരിയകളും ഉണ്ടാകാമെന്നും ഇവ രോഗങ്ങൾക്കു കാരണമാകാമെന്നും പഠനങ്ങൾ പറയുന്നു.

വുളൂഅ് മുഖത്തെ രോഗങ്ങളിൽ നിന്നെല്ലാം സംരക്ഷിക്കുന്നു. മുഖം കഴുകുന്നത് ചർമ്മത്തിന് തിളക്കവും മൃദുത്വവും നൽകുന്നു. ഇത് നേത്രചർമ്മത്തെ ശക്തിപ്പെടുത്തുകയും വിവിധ നേത്രരോഗങ്ങളെ തടയുകയും ചെയ്യുന്നു. ചർമ്മത്തിന് മങ്ങലേൽപ്പിക്കുന്ന മൃതകോശങ്ങളെ നശിപ്പിക്കാനും മുഖക്കുരു തടയാനും എക്സിമ, സോറിയാസിസ് പോലുള്ള ചർമ്മരോഗങ്ങളെ പ്രധിരോധിക്കാനും സഹായിക്കുന്നു.

മുഖം കഴുകൽ

ദിവസവും മുഖം കഴുകുന്നത് മുഖകാന്തിക്കും ആരോഗ്യത്തിനും ഗുണം ചെയ്യുമെന്നാണ് ആരോഗ്യ ശാസ്ത്രം. അംഗസ്നാനം ചെയ്യുന്നതിനാൽ മുസ്ലിംകൾക്ക് ഏതെങ്കിലും തരത്തിലുള്ള കെമിക്കൽ ലോഷനുകൾ ഉപയോഗിക്കാതെ തന്നെ മുഖ സൗന്ദര്യം സൂക്ഷിക്കാനാകുമെന്ന് അമേരിക്കൻ കൗൺസിൽ ഫോർ ബ്യൂട്ടി അംഗം ലേഡിഹിച്ചർ വ്യക്തമാക്കിയിട്ടുണ്ട്. വുളൂഅ് മുഖത്തെ രോഗങ്ങളിൽ നിന്നെല്ലാം സംരക്ഷിക്കുന്നു. മുഖം കഴുകുന്നത് ചർമ്മത്തിന് തിളക്കവും മൃദുത്വവും നൽകുന്നു. ഇത് നേത്രചർമ്മത്തെ ശക്തിപ്പെടുത്തുകയും വിവിധ നേത്രരോഗങ്ങളെ തടയുകയും ചെയ്യുന്നു. ചർമ്മത്തിന് മങ്ങലേൽപ്പിക്കുന്ന മൃതകോശങ്ങളെ നശിപ്പിക്കാനും മുഖക്കുരു തടയാനും എക്സിമ, സോറിയാസിസ് പോലുള്ള ചർമ്മരോഗങ്ങളെ പ്രധിരോധിക്കാനും സഹായിക്കുന്നു.

തല തടവൽ

മനുഷ്യന്റെ അവയവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ശിരസ്സ്. നനഞ്ഞ കൈകൾ കൊണ്ട് തല തുടയ്ക്കുന്നത് തലകറക്കം, ജലദോഷം, ഉറക്കമില്ലായ്മ എന്നിവ ഒഴിവാക്കുകയും കാഴ്ച ശക്തി മെച്ചപ്പെടുത്തുകയും ചെയ്യും. കൂടാതെ മുടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന പൊടികൾ നീക്കം ചെയ്യാനും ഇത് സഹായിക്കുമെന്ന് ആധുനിക ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ചെവി തടവൽ

ചെവിക്കുള്ളിൽ വിരലുകൾ തിരുകി കഴുകുന്നത് ചെവിയുടെ അകത്ത് അടിഞ്ഞു കൂടിയ മെഴുക് നീക്കം ചെയ്യാനും കൂടുതൽ മെഴുക് അടിഞ്ഞു കൂടുന്നത് തടയാനും സഹായിക്കുന്നു. ഇത് ചെവിയെ ശുദ്ധീകരിക്കുകയും കേൾവിശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ചെവിയുടെ പുറംഭാഗം തുടയ്ക്കുന്നത് കേൾവിക്കുറവിനും പരിഹാരമാണ്.

കാലുകൾ കഴുകൽ

ഹൃദയം, വൃക്ക, ആമാശയം തുടങ്ങിയ അവയവങ്ങളുമായി പാദങ്ങൾക്ക് ബന്ധമുണ്ട്. പൊടി പടലങ്ങൾ വഴി രോഗാണുക്കൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് പാദങ്ങളെയാണ്. വുളൂഇൽ പാദങ്ങൾ ദിവസവും കഴുകുന്നത് രോഗം പിടിപെടാതിരിക്കാനും രക്തചംക്രമണം വർദ്ധിപ്പിക്കാനും സഹായിക്കുന്നു. ഇക്കാരണത്താൽ, വിശപ്പില്ലായ്മ, പനി, തലകറക്കം, ലൈംഗിക ബലഹീനത മുതലായ രോഗങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കും.

വുളൂഇൽ അവയവങ്ങൾ സ്ഥിരമായി കഴുകുന്നത് ആരോഗ്യത്തിന് ഗുണം ചെയ്യുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വുളൂഅ് വിശ്വാസികൾക്കിടയിൽ വിഷാദ രോഗത്തിന്റെ നിരക്ക് കുറക്കുന്നുണ്ടെന്നും തെളിഞ്ഞിട്ടുണ്ട്. പല വിദേശ ആശുപത്രികളും വിവിധ രോഗങ്ങൾക്കുള്ള ചികിത്സാരീതിയായി അംഗശുദ്ധീകരണം നിർദ്ദേശിക്കാറുണ്ട്.

മികച്ച സാനിറ്റേഷൻ പ്രോട്ടോക്കോൾ (ശുചിത്വ പ്രവർത്തനങ്ങൾ) ഉള്ളതിനാൽ വുളൂഅ് അണുബാധയുടെ സമൂഹവ്യാപനം തടയുന്നതിനും സഹായകമാണ്. വ്യക്തിശുചിത്വം പാലിക്കാനുള്ള മികച്ചതും ചെലവ് കുറഞ്ഞതും എളുപ്പമുള്ളതുമായ മാർഗ്ഗമാണ് വുളൂഅ് എന്നു ചുരുക്കം. നിസ്കാരത്തിനു മുമ്പ് വുളൂഅ് ചെയ്യുന്നതിനു പുറമെ ഭക്ഷണം കഴിക്കുന്നതിനു മുമ്പും രോഗികളെ സന്ദർശിക്കുമ്പോഴും യാത്ര പുറപ്പെടുമ്പോഴും ഉറങ്ങുന്നതിനു മുമ്പും വുളൂഅ് ചെയ്യാൻ ഇസ്‌ലാം നിർദ്ദേശിച്ചിട്ടുണ്ട്.

വിധവാ പെൻഷൻ അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് : സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി നൽകിവരുന്ന, മരണപ്പെട്ട മുഅല്ലിംകളുടെ വിധവകൾക്കുള്ള 2025 വർഷത്തെ പെൻഷൻ അപേക്ഷ ക്ഷണിച്ചു. നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഡിക്ലറേഷൻ സമർപ്പിച്ചാൽ മതി. **അപേക്ഷാഫോമും ഡിക്ലറേഷൻ ഫോമും** www.sjmindia.org **എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.** പൂരിപ്പിച്ച അപേക്ഷകൾ 2024 ഡിസംബർ 31നകം സെൻട്രൽ കമ്മിറ്റി ഓഫീസിൽ ലഭിച്ചിരിക്കണം.

സ്മരണ

മുനീബ റൈഹാൻ

അറിവിന്റെ നിറകുടങ്ങൾ

ഇമാം മാലിക്(റ)വിന്റെ ഗുരുവര്യന്മാരിൽ പ്രധാനിയായിരുന്നു ഇബ്നുശിഹാബ് അസ്സുഹ്‌രി(റ). ഒരു പെരുന്നാൾ ദിനം. നിസ്കാരം കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞുപോയി. ഇമാം മാലിക്(റ) ചിന്തിച്ചു: 'ഇന്ന് ഉസ്താദിനെ പരമാവധി ഉപയോഗപ്പെടുത്താം. ധാരാളം അറിവുകൾ നേടാം.' മാലിക്(റ) ഇബ്നുശിഹാബ് അസ്സുഹ്‌രി(റ)യുടെ വീടിനു മുന്നിലെത്തി കാത്തിരുന്നു.

ഏതാനും സമയം കഴിഞ്ഞപ്പോൾ പരിചാരകയോട് ഇബ്നുശിഹാബ്(റ) പറഞ്ഞു: 'ആരാണവിടെ പുറത്തിരിക്കുന്നതെന്ന് പോയി നോക്കൂ.'

'അത് അങ്ങയുടെ വിനീതനായ ശിഷ്യൻ മാലികാണ്.'

'അകത്തു വരാൻ പറയൂ.'

അകത്തു കടന്നപ്പോൾ ഇബ്നുശിഹാബ്(റ) മാലിക്(റ)വിനോട് ചോദിച്ചു: 'വീട്ടിൽ പോയില്ലേ?'

'ഇല്ല.'

'വല്ലതും കഴിച്ചോ?'

'ഇല്ല.'

'എങ്കിൽ വരൂ ഭക്ഷണം കഴിക്കാം.'

'എനിക്കതൊന്നും വേണ്ട.'

'പിന്നെന്തു വേണം?'

'എനിക്കങ്ങ് ഹദീസ് പറഞ്ഞു തരണം.'

'ശരി പറഞ്ഞുതരാം. എഴുതിയെടുത്തോളൂ.'

ഇബ്നുശിഹാബ്(റ) നാല്പത് ഹദീസുകൾ മാലിക്(റ)വിന് പറഞ്ഞുകൊടുത്തു.

മാലിക്(റ) പറഞ്ഞു: 'ഇനിയും വേണം.'

'ഇപ്പോൾ ഇത്ര മതി. ഇതെല്ലാം പഠിച്ചിട്ടാകാം ഇനി.'

'ഇതെല്ലാം ഞാൻ പഠിച്ചു കഴിഞ്ഞു. വേണമെങ്കിൽ അങ്ങേക്ക് ചൊല്ലിത്തരാം.'

ഉടനെ മാലിക്(റ)വിന്റെ കൈയ്യിൽ നിന്ന് കുറിപ്പുകൾ വാങ്ങി ഇബ്നുശിഹാബ്(റ) പറഞ്ഞു: 'എങ്കിൽ പറയൂ, കേൾക്കട്ടെ.'

നാല്പത് ഹദീസുകളും മാലിക്(റ) കൃത്യമായി പറഞ്ഞുകൊടുത്തപ്പോൾ കുറിപ്പുകൾ തിരികെ നൽകി ഇബ്നുശിഹാബ്(റ) പറഞ്ഞു: 'പൊയ്ക്കോളൂ, താങ്കൾ വിജ്ഞാനത്തിന്റെ നിറകുടം തന്നെ!'

ആട്ടിറച്ചി വേണ്ട

കൂഫയിൽ ഒരു ആട് മോഷണം പോയി. നാളുകൾ പലതു കഴിഞ്ഞിട്ടും ആടിനെക്കുറിച്ച് വിവരമൊന്നും ലഭിച്ചില്ല. ഇതറിഞ്ഞ ഇമാം അബൂഹനീഫ(റ) ആ ഇനത്തിലുള്ള ആടുകളുടെ പരമാവധി പ്രായം അന്വേഷിച്ചറിഞ്ഞു. ഏഴ് വയസ്സാണെന്ന് മറുപടി ലഭിച്ചു. അന്നുമുതൽ ഏഴു വർഷം ഇമാം ആട്ടിറച്ചി കഴിച്ചില്ല. നഷ്ടപ്പെട്ട ആടിനെ ആരെങ്കിലും അന്യായമായി പിടിച്ച് അറുത്തിട്ടുണ്ടെങ്കിലോ, നാട്ടിൽ വിൽക്കപ്പെടുന്ന മാംസത്തിൽ അതിന്റെ വല്ല അംശവും കലർന്നിട്ടുണ്ടെങ്കിലോ തുടങ്ങിയ സൂക്ഷ്മതയുടെ ചിന്തകളായിരുന്നു ആട്ടിറച്ചി ഒഴിവാക്കാനുള്ള ഹേതു.

മടിയിൽ വീണ പാമ്പ്

പള്ളിയിൽ ഇമാം അബൂഹനീഫ(റ)വിന്റെ വിജ്ഞാന സദസ്സ്. സാകൂതം ശ്രവിച്ചുകൊണ്ടിരിക്കുന്ന ശിഷ്യഗണങ്ങൾ. പെട്ടെന്ന്, മച്ചിൽ നിന്ന് ഒരു പാമ്പ് മഹാനവർകളുടെ മടിയിൽ വന്നുവീണു. സദസ്സിലുണ്ടായിരുന്നവർ പേടിച്ച് ഓടാൻ തുടങ്ങി. എന്നാൽ ഇമാം അബൂഹനീ

ഇമാം അബൂഹനീഫ(റ) ഒരിക്കൽ ഇമാം മാലിക്(റ)വിനെ സന്ദർശിച്ചു. ഇമാം മാലിക്(റ) ബഹുമാനാദരവുകളോടെ മഹാനവർകളെ സ്വീകരിച്ചു. അബൂഹനീഫ(റ) പോയപ്പോൾ കൂടെയുള്ളവരോട് മാലിക്(റ) ചോദിച്ചു: 'അതാരാണെന്ന് നിങ്ങൾക്കറിയാമോ?' 'ഇല്ല.' അവർ പ്രതികരിച്ചു. മാലിക്(റ) തുടർന്നു: 'നുഅമാനാണത്. ഈ തൂൺ സ്വർണ്ണമാണെന്നദ്ദേഹം പറഞ്ഞാൽ അത് അപ്രകാരമായിത്തീരും!'

ഫ(റ) അനങ്ങിയില്ല. വസ്ത്രം കുടഞ്ഞ് പാമ്പിനെ തട്ടിമാറ്റി ദർസ് തുടർന്നു.

മൗനം നന്നായിട്ടുണ്ട്

ഇമാം അബൂഹനീഫ(റ)വിന്റെ സമകാലികനായിരുന്നു കൂഫയിലെ ഖാളിയായ മുഹമ്മദുബ്നു അബ്ദുറഹ്മാനുബ്നു അബീലൈലാ. ഒരിക്കൽ ഇരുവരും ഒരു തോട്ടത്തിനരികിലൂടെ നടക്കുമ്പോൾ ഉറക്കെ പാട്ടുപാടുന്ന ചില സ്ത്രീകളെ കാണാനിടയായി. ഖാളിയെയും അബൂഹനീഫ(റ)വിനെയും കണ്ടപ്പോൾ അവർ പാട്ട് നിർത്തി. അപ്പോൾ അബൂഹനീഫ(റ) പറഞ്ഞു: 'നന്നായിട്ടുണ്ട്.'

കുറച്ചു സമയത്തിനുശേഷം അബൂഹനീഫ(റ) ഒരു പ്രശ്നത്തിൽ സാക്ഷി പറയാൻ ഖാളിയുടെ മുന്നിലെത്തി. ഉടനെ ഖാളി ഇമാമവർകളോട് പറഞ്ഞു: 'നിങ്ങളുടെ സാക്ഷിമൊഴി സ്വീകാര്യമല്ല.'

'എന്തുകൊണ്ട്?' അബൂഹനീഫ(റ) വിസ്മയത്തോടെ ആരാഞ്ഞു.

'പാട്ടുപാടിയ ആ പെൺകുട്ടികളോട് നന്നായിട്ടുണ്ട് എന്നല്ലേ അങ്ങ് പ്രതികരിച്ചത്? അല്ലാഹു ഇഷ്ടപ്പെടാത്തതിനെ അങ്ങ് ഇഷ്ടപ്പെട്ടുവെന്നല്ലേ അതിനർത്ഥം?' ഖാളി പ്രതികരിച്ചു.

ഇമാമവർകൾ ചോദിച്ചു: 'എപ്പോഴാണ് ഞാൻ നന്നായിട്ടുണ്ടെന്ന് പ്രതികരിച്ചത്, അവർ പാടിയപ്പോഴോ പാട്ട് നിർത്തിയപ്പോഴോ?'

'അവർ പാട്ട് നിർത്തിയപ്പോൾ.' ഖാളി പറഞ്ഞു.

ഇമാം അബൂഹനീഫ(റ) പറഞ്ഞു: 'അവരുടെ മൗനം നന്നായിട്ടുണ്ടെന്നാണ് ഞാൻ പ്രതികരിച്ചത്; അവരുടെ പാട്ടിനെക്കുറിച്ചല്ല.'

തുടർന്ന് അബൂഹനീഫ(റ)വിന്റെ സാക്ഷിമൊഴി സ്വീകരിച്ചുകൊണ്ട് പ്രസ്തുത വിഷയത്തിൽ ഖാളി വിധി പറഞ്ഞു.

സുഹൃത്തുക്കളെ പ്രയാസപ്പെടുത്തല്ലേ...

നല്ല വസ്ത്രം ധരിച്ച് വൃത്തിയും വെടിപ്പും പാലിച്ചാണ് ഇമാം അബൂഹനീഫ(റ) എപ്പോഴും പെരുമാറിയിരുന്നത്. വൃത്തി പാലിക്കാനും നല്ല വസ്ത്രം ധരിക്കാനും ഇമാം മറ്റുള്ളവരോട് ആവശ്യപ്പെടാറുണ്ടായിരുന്നു. സദസ്സിലിരിക്കുന്ന ഒരാൾ വൃത്തിഹീനമായ വസ്ത്രം ധരിച്ചത് ഒരിക്കൽ മഹാനവർകളുടെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹത്തെ അടുത്ത് വിളിച്ച് ആയിരം ദിർഹം കൊടുത്തുകൊണ്ട് ഇമാം പറഞ്ഞു: 'ഇതുകൊണ്ട് നല്ല വസ്ത്രം വാങ്ങിക്കോളൂ.'

അപ്പോൾ അദ്ദേഹം പറഞ്ഞു: 'വേണ്ട. ഞാൻ ധനികനാണ്. എന്റെ കൈയ്യിൽ പണമുണ്ട്.'

ഇതുകേട്ട് ഇമാം അബൂഹനീഫ(റ) ഗൗരവത്തോടെ അദ്ദേഹത്തോട് പറഞ്ഞു: 'അനുഗ്രഹങ്ങൾ അടിമകളിൽ കാണാൻ അല്ലാഹു ഇഷ്ടപ്പെടുന്നു' എന്ന ഹദീസ് താങ്കൾ കേട്ടിട്ടില്ലേ? നല്ല വസ്ത്രം ധരിച്ച് വൃത്തിയിൽ നടക്കൂ. സുഹൃത്തുക്കളെ പ്രയാസപ്പെടുത്താതിരിക്കൂ...'

പാരിതോഷികങ്ങൾ വേണ്ട

ഖലീഫ അബൂജഅ്ഫർ അൽമൻസൂറും ഭാര്യയും തമ്മിൽ തർക്കം. പ്രശ്നം പരിഹരിക്കാൻ ഇരുവരും ഇമാം അബൂഹനീഫ(റ)വിന്റെ സന്നിധിയിലെത്തി. ഭാര്യയുടെ പക്ഷമായിരുന്നു ശരി. അവർക്കനുകൂലമായി, ഖലീഫക്കെതിരായി അബൂഹനീഫ(റ) വിധി പറഞ്ഞു. സദസ്സ് പിരിഞ്ഞു. ഏതാനും സമയം കഴിഞ്ഞപ്പോൾ ഖലീഫയുടെ ഭാര്യ അബൂഹനീഫ(റ)വിന് നിരവധി പാരിതോഷികങ്ങൾ കൊടുത്തയച്ചു. ഇമാം അത് സ്വീകരിച്ചില്ല. ഖലീഫയുടെ ഭാര്യക്കുതന്നെ അവ തിരിച്ചയച്ചുകൊണ്ട് ദൂതനോട് ഇപ്രകാരം പറഞ്ഞു: 'ദീനിന്നനുകൂലമായാണ് ഞാൻ വിധി പറഞ്ഞത്; ഐഹിക ലാഭത്തിനുവേണ്ടിയോ ജനങ്ങളുടെ തൃപ്തി സമ്പാദിക്കാൻ വേണ്ടിയോ അല്ല. അതുകൊണ്ട് എനിക്കാരുടെയും പരിതോഷികങ്ങൾ ആവശ്യമില്ല.'

ഖുർആനിന്റെ പുണ്യം

ഖുർആൻ പഠിപ്പിക്കുന്നതിനായി ഇമാം അബൂഹനീഫ(റ) മകൻ ഹമ്മാദിനെ പാഠശാലയിലയച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് മകൻ സൂറതുൽ ഫാതിഹ മനപ്പാഠമാക്കി എന്നറിഞ്ഞപ്പോൾ ഇമാമിന് സന്തോഷമായി. 500 ദിർഹം ഉസ്താദിന് ഹദ്‌യയായി കൊടുത്തയച്ചു. ഉസ്താദിന് അത്ഭുതമായി: 'ഇത്രയധികമൊന്നും ഹദ്‌യ നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ.' ഇതുകേട്ട് അബൂഹനീഫ(റ) പ്രതികരിച്ചു: 'അങ്ങ് എന്റെ മകനെ പഠിപ്പിച്ചത് ചെറിയ കാര്യമല്ല. അല്ലാഹുവാണെ, എന്റെ പക്കൽ ഇതിലധികം ഉണ്ടായിരുന്നെങ്കിൽ അതു മുഴുവൻ താങ്കൾക്ക് ഞാൻ നൽകുമായിരുന്നു.'

മദ്റസകൾക്കെതിരായ നീക്കം ഉത്കണ്ഠാജനകം: എസ് ജെ എം

കോഴിക്കോട് : രാജ്യത്തെ മദ്റസകൾ അടച്ചുപൂട്ടണമെന്ന ദേശീയ ബാലവകാശ കമ്മീഷന്റെ ഉത്തരവ് ഉത്കണ്ഠാജനകവും അപലപനീയവുമാണെന്ന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ. പ്രസ്തുത നീക്കം ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യത്തിനെതിരും ന്യൂനപക്ഷാവകാശത്തെ ഹനിക്കുന്നതുമാകയാൽ നിർദ്ദേശം പിൻവലിക്കണമെന്ന് എസ്.ജെ.എം സെൻട്രൽ കമ്മിറ്റി വാർഷിക കൗൺസിൽ അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു.

സമസ്ത സെന്റർ കൺവെൻഷൻ ഹാളിൽ നടന്ന കൗൺസിൽ യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. കേരള മുസ്‌ലിം ജമാഅത്ത് സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി ഉദ്ഘാടനം ചെയ്തു. കുഞ്ഞിക്കുളം സുലൈമാൻ സഖാഫി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കെ ഉമർ മദനി സുന്നത്ത് - കുസുമം കാമ്പയിനും ചെറൂപ്പ ബശീർ മുസ്‌ലിയാർ വാർഷിക പദ്ധതിയും വി.വി അബൂബക്ർ സഖാഫി എസ്.ബി.എസ് പദ്ധതിയും അവതരിപ്പിച്ചു. വി.പി.എം വില്യാപ്പള്ളി, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, സി.പി സൈതലവി പ്രസംഗിച്ചു. അബൂഹനീഫൽ ഫൈസി സ്വാഗതവും സി.എം യൂസുഫ് സഖാഫി നന്ദിയും പറഞ്ഞു. ഇതര സംസ്ഥാന പ്രതിനിധികളും എല്ലാ ജില്ലകളിൽ നിന്നുമെത്തിയ കൗൺസിലർമാരും സംബന്ധിച്ചു.

272 മുഅല്ലിംകൾക്ക് ധനസഹായം

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് 272 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവന നിർമ്മാണം, അറ്റകുറ്റപ്പണികൾ, കിണർ നിർമ്മാണം, മുഅല്ലിമിന് മഹർ, രോഗ ചികിത്സ, വിലാദ എന്നീ ഇനങ്ങളിലായി 265 പേർക്കും സ്നേഹസ്പർശം പദ്ധതിയിലൂടെ ഏഴു പേർക്ക് സ്പെഷ്യൽ സഹായവുമാണ് അനുവദിച്ചത്.

ഇതു സംബന്ധമായി ചേർന്ന ക്ഷേമനിധി യോഗത്തിൽ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി.വി അബൂബക്ർ സഖാഫി, ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

ഉത്തരവ് പിൻവലിക്കണമെന്ന് വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട് : ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യത്തിനും തുല്യതക്കുമുള്ള അവകാശത്തെ നിഷേധിക്കുന്ന തരത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കയച്ച കത്ത് പിൻവലിക്കണമെന്ന് ഇസ്‌ലാമിക് എഡ്യൂക്കേഷണൽ ബോർഡ് സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

കേരളം ഉൾപ്പെടെയുള്ള ഭൂരിഭാഗം സംസ്ഥാനങ്ങളിലും സർക്കാറിന്റെ യാതൊരുവിധ സാമ്പത്തിക സഹായവുമില്ലാതെയാണ് ആയിരക്കണക്കിന് മദ്റസകൾ മഹല്ല് ജമാഅത്ത് കമ്മിറ്റികൾ പൊതുജനങ്ങളിൽ നിന്ന് പിരിവെടുത്ത് നടത്തിവരുന്നത്. രാജ്യത്തിന്റെ ബഹുസ്വരതയും ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിന് രാജ്യ പുരോഗതിക്ക് വേണ്ടി ഒരുമിച്ചു നിൽക്കാനുള്ള അധ്യാപനങ്ങളും ധാർമിക മൂല്യങ്ങളുമാണ് മദ്റസ സിലബസുകളിലുള്ളത് മദ്റസകൾ ഒരിക്കലും പൊതുവിദ്യാഭ്യാസത്തെ നിഷേധിക്കുകയോ വിദ്യാഭ്യാസ അവകാശ സംരക്ഷണത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസപരമായി ഏറെ പിന്നാക്കം നിൽക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് മതപഠനത്തിനൊപ്പം സ്കൂൾ വിദ്യാഭ്യാസവും നൽകുന്ന സമ്പ്രദായമാണ് പതിറ്റാണ്ടുകളായി നിലനിൽക്കുന്നത്. മതസൗഹാർദ്ദത്തിന്റെയും സഹവർത്തിത്വത്തിന്റെയും കേന്ദ്രങ്ങളായ ഇത്തരം മദ്റസകളിൽ വിവിധ മതവിഭാഗക്കാർ പഠിക്കുന്നുവെന്നതാണ് വസ്തുത.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ അടക്കം ഇത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള ബാലാവകാശ കമ്മീഷൻ ഉത്തരവ് അത്യന്തം പ്രകോപനപരവും ജനാധിപത്യാവകാശങ്ങളുടെ ലംഘനവുമാണ്. രാജ്യത്ത് വിഭാഗീയത സൃഷ്ടിച്ച് സമാധാനാന്തരീക്ഷം തകർക്കാനുള്ള ഛിദ്രശക്തികളുടെ ശ്രമങ്ങൾക്ക് ശക്തി പകരാൻ മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. അതിനാൽ ബന്ധപ്പെട്ടവർ ഇതിൽ നിന്ന് പിന്മാറണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കെ.പി മുഹമ്മദ് മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, പ്രൊഫ. കെ.എം.എ റഹീം, അഡ്വ. ഇസ്മാഈൽ വഫ, എൻ അലി അബ്ദുല്ല, മജീദ് കക്കാട്, സി.പി സൈതലവി സംബന്ധിച്ചു.

സുന്നത്ത്, കുസുമം കാമ്പയിൻ വിജയിപ്പിക്കുക

കോഴിക്കോട് : ഈ മാസം 5 മുതൽ 15 വരെ നടക്കുന്ന സുന്നത്ത് കുസുമം കാമ്പയിൽ വൻ വിജയമാക്കുമെന്ന് മുഅല്ലിം നേതൃസംഗമം പ്രഖ്യാപിച്ചു.

കഴിഞ്ഞ വർഷത്തെ കാമ്പയിൻ വിജയിപ്പിക്കുന്നതിൽ മികവു കാണിച്ച മുഅല്ലിംകളെയും റെയ്ഞ്ച്, ജില്ലാ സാരഥികളെയും ആദരിക്കുന്നതിനായി എസ്.ജെ.എം സമസ്ത സെന്ററിൽ സംഘടിപ്പിച്ച സ്നേഹവിരുന്ന് സംഗമത്തിൽ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു. സുലൈമാൻ സഖാഫി കുഞ്ഞുകുളം കാമ്പയിൻ വിശദീകരിച്ചു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി.

ഉലമാക്യാമ്പ് സംഘടിപ്പിച്ചു

കോഴിക്കോട് : സമസ്ത കേന്ദ്ര മുശാവറ സെക്രട്ടറിയും കോഴിക്കോട് ജില്ല ജന: സെക്രട്ടറിയുമായിരുന്ന എ.പി മുഹമ്മദ് മുസ്‌ലിയാരുടെ രാം ആനുസ്മരണത്തോടനുബന്ധിച്ച് ജില്ലാ മുശാവറ ഉലമ ക്യാമ്പ് സംഘടിപ്പിച്ചു.

കരുവമ്പൊയിൽ നടന്ന ക്യാമ്പിൽ ജില്ലാ പ്രസിഡന്റ് കോടമ്പുഴ ബാവ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി വി.പി.എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. നവനാസ്തികത, ലിബറലിസം എന്നീ വിഷയങ്ങളവതരിപ്പിച്ചു യഥാക്രമം ബശീർ ഫൈസി വെണ്ണക്കോട്, ഇബ്റാഹീം സഖാഫി പുഴക്കാട്ടിരി ക്ലാസെടുത്തു. ജില്ലാ സാരഥികൾ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

മുഅല്ലിം സ്പിരിച്വൽ ക്യാമ്പ് അൽമഖറിൽ

കോഴിക്കോട് : മുഅല്ലിംകളുടെ ആത്മീയശക്തി പരിപോഷിപ്പിക്കുന്നതിന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സ്പിരിചൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട 100 പ്രതിനിധികൾക്കായി ഡിസംബർ ആദ്യവാരം തളിപ്പറമ്പ് അൽമഖറിൽ ക്യാമ്പ് സംഘടിപ്പിക്കാൻ എസ്.ജെ.എം സെൻട്രൽ എക്സിക്യൂട്ടീവ് തീരുമാനിച്ചു.

സുന്നി വിദ്യാഭ്യാസ ബോർഡിനു കീഴിൽ 25 വർഷം തുടർച്ചയായി സേവനം ചെയ്ത മുഅല്ലിംകളെ ആദരിക്കുന്നതിനായി നവംബർ 14ന് കോഴിക്കോട് സംഘടിപ്പിക്കുന്ന ഇഹ്തിറാം സംഗമം വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തു. എസ്.ജെ.എം സാരഥികളുടെ കർണാടക യാത്ര ഡിസംബർ 17, 18, 19 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.

എസ്.ജെ.എം കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു. കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. സുലൈമാൻ സഖാഫി കുഞ്ഞുകുളം റിപ്പോർട്ട് അവതരിപ്പിച്ചു. അബൂഹനീഫൽ ഫൈസി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, സി.പി സൈതലവി പ്രസംഗിച്ചു. വി.പി.എം ഫൈസി വില്യാപ്പള്ളി, കെ. ഉമർ മദനി, വി.വി അബൂബക്ർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ, സി.എം യൂസുഫ് സഖാഫി, ജപ്പു അബ്ദുറഹ്മാൻ മദനി ചർച്ചകൾക്ക് നേതൃത്വം നൽകി. ഡോ. നാസിർ മൗലാനാ (ഊട്ടി), ഹാഫിസ് അബ്ദുല്ല ഇംദാദി (തിരുപ്പൂർ), മൗലാനാ അബ്ദുശ്ശുകൂർ സഅദി (മഹാരാഷ്ട്ര), കെ.കെ.എം കാമിൽ സഖാഫി (കർണാടക), സി.കെ.എം പാടന്തറ (നീലഗിരി) തുടങ്ങിയ ഇതരസംസ്ഥാന സാരഥികളും സംസ്ഥാനത്തെ വിവിധ ജില്ലാ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

മുഅല്ലിം ഇഹ്തിറാം നവംബർ 14ന് കോഴിക്കോട്

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിന്റെ അംഗീകാരമുള്ള മദ്റസയിൽ 25 വർഷം തുടർച്ചയായി സേവനം പൂർത്തിയാക്കിയ മദ്റസാധ്യാപകർക്കുള്ള ആദരം (ഇഹ്തിറാം) നവംബർ 14ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് കാലിക്കറ്റ് ടവർ ഓഡിറ്റോറിയത്തിൽ നടക്കും. തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്ന ചടങ്ങിൽ സുൽത്താനുൽ ഉലമ കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ, റഈസുൽ ഉലമ സുലൈമാൻ മുസ്‌ലിയാർ, സയ്യിദ് അലി ബാഫഖി തങ്ങൾ, സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, പേരോട് അബ്ദുറഹ്മാൻ സഖാഫി, കെ.പി മുഹമ്മദ് മുസ്‌ലിയാർ കൊമ്പം തുടങ്ങിയ നേതാക്കൾ സംബന്ധിക്കും.

സമസ്ത സെന്ററിൽ നടന്ന ബോർഡ് സെക്രട്ടറിയേറ്റ് യോഗത്തിൽ എറണാകുളം, തമിഴ്നാട്, യു.എ.ഇ, സഊദി എന്നിവിടങ്ങളിൽ നിന്ന് അംഗീകാരത്തിന് വന്ന നാലു മദ്റസകൾക്ക് അംഗീകാരം നൽകി. കൊമ്പം കെ.പി മുഹമ്മദ് മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈതലവി മാസ്റ്റർ റിപ്പോർട്ട് അവതരിപ്പിച്ചു. വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, എൻ അലി അബ്ദുല്ല, എ.കെ ഇസ്മാഈൽ വഫ, മജീദ് കക്കാട് തുടങ്ങിയവർ സംബന്ധിച്ചു.

മദ്റസകൾക്കെതിരെയുള്ള നീക്കത്തിന്ന് സുപ്രീംകോടതിയുടെ സ്റ്റേ ആശ്വാസകരം

കോഴിക്കോട് : മദ്റസകൾക്കെതിരെ ദേശീയ ബാലാവകാശ കമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശം സ്റ്റേ ചെയ്ത സുപ്രീംകോടതിവിധി ആശ്വാസകരവും സ്വാഗതാർഹവുമാണെന്ന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ. സ്റ്റേ ഉത്തരവിൽ ചീഫ് ജസ്റ്റിസ് നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധേയവും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം ഉയർത്തിപ്പിടിക്കുന്നതുമാണെന്ന് എസ്.ജെ.എം സെൻട്രൽ സെക്രട്ടറിയേറ്റ് വിലയിരുത്തി.

സമസ്ത സെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗം ഈ മാസം 5 – 15 കാലയളവിൽ നടക്കുന്ന സുന്നത്ത് – കുസുമം കാമ്പയിൻ വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തു. സമസ്ത സെന്റിനറിയുടെ ഭാഗമായി നടക്കുന്ന കർണാടക നേതൃപര്യടനത്തിന് അന്തിമ രൂപം നൽകി. റെയ്ഞ്ച് നടപടിക്രമങ്ങളുടെ പരിഷ്കരണത്തിന്നായി ശില്പശാലകൾ സംഘടിപ്പിക്കും. സമസ്ത സെന്റിനറിയുടെ ഭാഗമായി നടത്തുന്ന മുഅല്ലിം സമ്മേളനങ്ങളുടെ രൂപരേഖ തയ്യാറാക്കി.

യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ട്രഷറർ വി.പി.എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. തെന്നല അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. സുലൈമാൻ സഖാഫി കുഞ്ഞുകുളം, വി.വി അബൂബക്ർ സഖാഫി, ഉമർ മദനി, ബശീർ മുസ്‌ലിയാർ ചെറൂപ്പ സംബന്ധിച്ചു.

വിദ്യാർത്ഥികൾ സജീവ ശ്രദ്ധാലുക്കളാവണം

കാരന്തൂർ: ജാമിഅ മർകസിലെ വിവിധ കുല്ലിയ്യകളിൽ നടന്ന അർദ്ധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു. ബുഖാരിഹാളിൽ നടന്ന സംഗമം ജാമിഅ ഫൗണ്ടർ ചാൻസിലർ കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. മതവിജ്ഞാനം നുകരുന്നതിൽ വിദ്യാർത്ഥികൾ സജീവമായി ശ്രദ്ധിക്കണമെന്നും പഠിച്ച കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ കൊണ്ടുവരുന്നതിലും സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിലും ഉത്സാഹിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പരീക്ഷയെഴുതിയ 1297 വിദ്യാർത്ഥികളിൽ 98 ശതമാനം പേർ വിജയികളായി. ഉന്നത റാങ്ക് നേടിയവർക്ക് ചടങ്ങിൽ ഉപഹാരം നൽകി. സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. വി.പി.എം വില്യാപ്പള്ളി, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, അബ്ദുൽ ജലീൽ സഖാഫി ചെറുശ്ശോല, കുഞ്ഞിമുഹമ്മദ് സഖാഫി പറവൂർ, അബ്ദുല്ല സഖാഫി മലയമ്മ, മുഹ്‌യിദ്ദീൻ സഅദി കൊട്ടുക്കര, അബ്ദുൽ ഗഫൂർ അസ്ഹരി, ഉമറലി സഖാഫി, ബശീർ സഖാഫി കൈപ്പുറം, സുഹൈൽ അസ്ഹരി സംസാരിച്ചു. ഐ.സി.എഫ് ബഹ്റൈൻ നാഷണൽ പ്രസിഡന്റ് സൈനുദ്ദീൻ സഖാഫി നടമ്മൽപൊയിൽ, അബ്ദുൽ ഹകീം സഖാഫി കിനാലൂർ സംബന്ധിച്ചു. ഐ.സി.എഫിന്റെ സ്കോളർഷിപ്പ് ശൈഖുനാ കാന്തപുരം വിതരണം ചെയ്തു.

രിഫാഈ പ്രകാശങ്ങൾ

സന്ധ്യയായപ്പോൾ,
തുറന്നിട്ട ജാലകത്തിലൂടെ
അറബിക്കടലിന്റെ മണമുള്ള
പടിഞ്ഞാറൻ കുളിർക്കാറ്റ്
വല്യുമ്മയുടെ ഇരുട്ടുമുറിയിലേക്ക്
മെല്ലെമെല്ലെ അരിച്ചെത്തി.

കാറ്റിന്റെ താളത്തിനൊത്ത്
മണ്ണെണ്ണ വിളക്കിലെ
മഞ്ഞവെളിച്ചം മുനിഞ്ഞു കത്തി.
കാലപ്പഴക്കം കൊണ്ട് കറപിടിച്ച
മൗലിദ് കിതാബിലെ ഏടുകളിൽ
മാലയുടെ വരികൾ തെളിഞ്ഞു.

'ബിസ്മി തുദിഫേരും
തുദിയും സ്വലവാത്തും
ബേദാമ്പർക്കാക്കി
അതിനാൽ തുടങ്ങുവാൻ'
ആത്മീയാനുഭൂതിയുടെ
സ്നേഹപ്രകാശനങ്ങൾ
ദിക്റുകളുടെ നനവുള്ള
ചുണ്ടിൽ നിന്ന് താളം മീട്ടി.

കാരുണ്യ സ്പർശത്തിന്റെ
മഹാസമുദ്രത്തിൽ നിന്ന്
സ്നേഹാമൃതം നുകർന്ന
സഹജീവികളോരോന്നും ഉണർന്ന്
രിഫാഈ പ്രണയപ്പെയ്ത്തിന്റെ
മധുരശീലുകൾക്ക് കാതോർത്തു.

അകം തൊടുന്ന വാക്കുകൾ
മാലിന്യങ്ങൾ കഴുകി
വിശ്വാസിയുടെ ഹൃദയത്തിൽ
വിശുദ്ധിയുടെ സുഗന്ധം നട്ടു.
പാപക്കറ വീണ് കറുത്തുപോയ
മനസ്സകങ്ങളിൽ മെല്ലെ
പശ്ചാതാപത്തിന്റെ നിലാവ് പൂത്തു.

റൈഹാൽ അടയ്ക്കുമ്പോൾ
മിഴികളിൽ കണ്ണീർകണങ്ങൾ,
ഹൃദയത്തിൽ കുളിർമ,
ചുറ്റും സുഗന്ധക്കാറ്റ്!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally